അദ്ധ്യാത്മവിദ്യാലയം ഗ്രന്ഥാവലി

No. 44

യോഗസിദ്ധാന്തം



91.1

പ്രസാധകൻ
ഫാ. മാത്യു വർക്കൽ

ഗ്രന്ഥകർത്താ
An Indian Sanny

ആദ്ധ്യാത്മവിദ്യാമണ്ഡലം ഗ്രന്ഥാവലി

No. 44

യോഗസിദ്ധാന്തം

ഭാരതദീപം നമ്പർ 3

By

An Indian Sannyasi

DHARMARAM COLLEGE
LIBRARY
BANGALORE-29
15202
ACHARYA PSYCHOLOGICAL SEVASS KENDRAM

Printed at the St. Joseph's Press, Mannanam,
1961

10/291-1
IND

Censors:

Fr. Romulus of Jesus, C. M. I.
Fr. John Britto, C. M. I.

Imprimi Potest:

Fr. Daniel, Provincial, C. M. I.
30 - 3 - '59.

Imprimatur:

† MATHEW KAVUKATT,
Abp. of Changanacherry

Changanacherry,
19—10—'59

പ്രസ്താവന

പ്രവചനങ്ങളും അദ്ഭുതങ്ങളുമാണ് ഒരു ഗ്രന്ഥത്തിന്റെ ദൈവനിവേശനത്തിനു് നിദാനമായി നിലകൊള്ളുന്ന അനിഷേധ്യവും അവിതർക്കിതവുമായ 'ബാഹ്യതെളിവുകൾ' (Extrinsic evidences) എന്നു "ഭാരതദീപം ഗ്രന്ഥാവലി" നമ്പർ രണ്ടിൽ സന്യായം തെളിയിച്ചു സ്ഥാപിച്ചിട്ടുണ്ടല്ലൊ. അത്തരം തെളിവുകൂടാതെ, ഒരു ഗ്രന്ഥം എത്ര പ്രമാദരഹിതവും മേന്മയേറിയതുമായാലും, അതിനു് ദൈവനിവേശനമുണ്ടെന്നു് സുനിശ്ചിതമായി സ്ഥാപിക്കാൻ കഴിയുകയില്ലെന്നും അതിനാൽ പ്രസ്തുത തെളിവുകൾ അവശ്യാവശ്യകമാണെന്നും അതിൽ കാണിച്ചിട്ടുണ്ടു്. 'ശ്രുതി' ഗ്രന്ഥങ്ങൾക്കു് ദൈവനിവേശനമുണ്ടെന്നും അവ ഈശ്വരപ്രോക്തങ്ങളാണെന്നും അവയിൽ അധിഷ്ഠിതങ്ങളായ 'സ്മൃതി'കൾ അർദ്ധദൈവികങ്ങളും പ്രമാദരഹിതങ്ങളുമാണെന്നും ഹൈന്ദവലോകം വാദിക്കുന്നുണ്ടെങ്കിലും, അവർക്കു് ടി. തെളിവുകളില്ലാത്തതിനാൽ അത്തരം ഗ്രന്ഥങ്ങളായി പ്രഖ്യാപിക്കുവാനൊ സ്വീകരിക്കുവാനൊ സുബുദ്ധികൾക്കു് സാദ്ധ്യമല്ലെന്നും അതിൽ പ്രസ്പഷ്ടമാക്കീട്ടുണ്ടു്. പോരാ, 'ആഭ്യന്തരതെളിവുകൾ' (Intrinsic evidences– i. e., സത്യതയും പരിശുദ്ധിയും– Truth and holiness) പരിശോധിച്ചാൽ കാണാം ആ ഗ്രന്ഥങ്ങൾ ദൈവനിവിഷ്ടങ്ങളല്ലെന്നു്. എന്നാൽ യോഗാഭ്യാസങ്ങൾ മൂലം മഹാ അദ്ഭുതങ്ങൾപോലും ചെയ്യാമെന്നും, അങ്ങനെ മഹർഷിമാരും മതസ്ഥാപകന്മാരും ചെയ്തിട്ടുണ്ടെന്നും, അങ്ങനെയാണു് ക്രിസ്തുനാഥൻ അദ്ഭുതങ്ങൾ പ്രവർത്തിച്ചതെന്നും, തന്മൂലം പ്രകൃത്യതീതമായ ദൈവികശക്തി കൊണ്ടല്ലെന്നും, ദൈവനിവേശനവും ആവിഷ്കരണവും

ക്രിസ്തുവിന്റെ ദൈവത്വവും അസന്നിഗ്ദ്ധമായി സ്ഥാപിക്കാൻ അദ്ഭുതങ്ങൾക്കു കഴിവില്ലെന്നും ഹൈന്ദവ യോഗശാസ്ത്രം ശക്തിയുക്തം ഉദ്ഘോഷിക്കുന്നു. അത്ഥശൂന്യവും അയുക്തികവുമാണ് ആ വാദമെന്നും, മനുഷ്യനിൽ കുടികൊള്ളുന്ന ശക്തി എത്രകണ്ടു പുരോഗമിച്ചു വികസിച്ചാലും, അതു വെറും സ്വാഭാവികവും യോഗാഭ്യാസങ്ങൾ അതിനുള്ള സ്വാഭാവിക മാർഗ്ഗങ്ങളുമാണെന്നും, ദൈവത്തിന്റെ പ്രത്യേക ഇടപെടൽ കൂടാതെ– അതിസ്വാഭാവികമായ പ്രത്യേക ദൈവികശക്തിക്രിയാതെ– അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ യാതൊരു സൃഷ്ടിക്കും ശക്യമല്ലെന്നും, യോഗശാസ്ത്രവിധികളിലും അസാധാരണ യോഗാഭ്യാസശക്തിയിലും വിശ്വസിക്കുന്നവർ അപഥസഞ്ചാരം ചെയ്യുന്നവരാണെന്നും, യോഗശാസ്ത്രലോകത്തെ ബോദ്ധ്യപ്പെടുത്തണമെന്നുള്ള സദുദ്ദേശ്യമാണ് ഈ ലഘുകൃതി രചിക്കാൻ ഗ്രന്ഥകർത്താവിനെ പ്രേരിപ്പിച്ചതു്.

ചിന്താർഹമായ ഒരു സംഗതി ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ. മനുഷ്യനിൽ ഒളിഞ്ഞുകിടക്കുന്ന ശക്തിവിശേഷങ്ങൾ എത്രത്തോളം വികസിക്കാമെന്നു പറവാൻ നമുക്കിപ്പോൾ കഴിവില്ലെങ്കിലും, എത്രത്തോളം വികസിക്കാൻ അതിനു ശക്യമല്ല, ആ വികസനത്തിനു് ഒരു പരിധിയുണ്ടു്, അതു വിട്ടു് അപ്പുറം കടന്നു പ്രവർത്തിക്കാൻ സാദ്ധ്യമല്ല. . . എന്നിപ്പോൾ പറവാൻ നമുക്കു കഴിയും. ചുവടെ ചേർക്കുന്ന ഒന്നു രണ്ടു് അനുഭവകഥകൾ ഈ യാഥാർത്ഥ്യത്തെ ഉദാഹരിക്കും. 'പ്രാണായാമം' എന്ന യോഗാഭ്യാസത്തിന്റെ ഫലമായി തനിക്കു ലഭിച്ച അസാധാരണ ശക്തിവിശേഷത്താൽ അനേകം മണിക്കൂറുകൾ മണ്ണിനടിയിൽ ജീവനോടെ ഇരിക്കാമെന്നു് വീരവാദംചെയ്തുകൊണ്ടു് ഒരു യോഗാഭ്യാസി അടുത്ത കാലത്തു് പീരുമേട്ടിൽ അഴുതയിലുള്ള ക്ഷേത്രത്തിനു് സമീപെ അനേകം കാണികളുടെ മുമ്പിൽവച്ചു് ടി. അഭ്യാസം അനുഷ്ഠിച്ചു. എന്നാൽ ആശ്ചര്യം! 6 മണിക്കൂ

റിനുശേഷം മണ്ണുമാറിനോക്കിയപ്പോൾ അദ്ഭുതപ്രവർത്തകനായ ആ യോഗാഭ്യാസി മരണമടഞ്ഞിരുന്നു. വീണ്ടും മൂന്നാഴ്ചയോളം കഴിഞ്ഞ് 72 മണിക്കൂർനേരം പ്രസ്തുത അഭ്യാസം അനുഷ്ഠിച്ച ഒരു യോഗിയുടെ കഥയും തഥൈവ (കേരളഭൂഷണം ദിനപത്രം, 1957 ഒക്ടോബർ കാണുക). യോഗാഭ്യാസത്തിന്റെ അദ്ഭുതാവഹമായ ശക്തിവിശേഷം കണ്ടാലും! അതിനാൽ മാനുഷികശക്തി എത്ര പുരോഗമിച്ചു വികസിച്ചാലും അതിനൊരു പരിധിയുണ്ടെന്നും യോഗാഭ്യാസങ്ങളുടെ സ്വാഭാവികശക്തി വിശേഷത്താൽമാത്രം യഥാർത്ഥ അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനു് മനുഷ്യൻ പ്രാപ്തനല്ലെന്നും അനുക്രമസിദ്ധം. ഈ യാഥാർത്ഥ്യം യോഗശാസ്ത്രപ്രണയികൾക്കു് വെളിപ്പെടുത്തി ബോധ്യം കൈവരുത്താൻവേണ്ടി നടത്തിയ ഹൈന്ദവക്രൈസ്തവയോഗശാസ്ത്രദ്വയങ്ങളുടെ താരതമ്യപഠനമാണു് ഈ കൃതിയിൽ കാണാൻ കഴിയുന്നതു്. അതിനാൽ സത്യം ഗ്രഹിക്കണമെന്നാഭിവാഞ്ഛയോടുകൂടി ഈ ചെറുകൃതി പാരായണംചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊള്ളട്ടെ.

N. B. "ഭാരതദീപം" ഗ്രന്ഥാവലിയുടെ ഒന്നും രണ്ടും നമ്പരുകൾ "അദ്ധ്യയനമണ്ഡല"ത്തിലുൾപ്പെടുത്താൻ കഴിഞ്ഞില്ല. ആർഡറുകളനുസരിച്ചു് അതു രണ്ടും അയച്ചുകൊടുക്കുന്നതാണു്.

എന്നു്,

ഗ്രന്ഥകർത്താ.

യോഗസിദ്ധാന്തം

പ്രാരംഭം

"ഭാരതദീപം" ഗ്രന്ഥാവലി നമ്പർ രണ്ടിന്റെ ഒരനുബന്ധമെന്നു് പേർ പറയാം ഈ ഗ്രന്ഥാവലിക്കു്. വേദാന്തോത്പത്തിയെപ്പററി പ്രതിപാദിച്ചിരിക്കുന്ന മുൻ ലഘുലേഖയിൽ യഥാർത്ഥ അദ്ഭുതങ്ങളുടെ സ്വഭാവം, വിഭജനം, നിമിത്തകാരണം (Efficient cause) ആദിയായവയെ ചർച്ചചെയ്തിട്ടുണ്ടു്. കൂടാതെ, ഒരു മതത്തിന്റെ ദിവ്യത്വം, ആവിഷ്കരണം എന്നിത്യാദി തെളിയിച്ചു് സ്ഥാപിക്കുന്നതിനു് യഥാർത്ഥ 'അദ്ഭുതങ്ങൾക്കു് ശക്തിയുണ്ടെന്നും അവ അവശ്യാവശ്യകമാണെന്നും അതിൽ കാണിച്ചിട്ടുണ്ടു്. എന്നാൽ അദ്ഭുതങ്ങളുടെ ചരിത്രയാഥാർത്ഥ്യം നിഷേധിക്കുന്നില്ലെങ്കിലും ഒരു മതത്തിന്റെ ദിവ്യത്വത്തെയോ, ആവിഷ്കരണത്തെയോ തെളിയിക്കുന്നതിനു് അവ പര്യാപ്തങ്ങളല്ല. എന്തെന്നാൽ ദൈവത്തിനുമാത്രം ചെയ്യാവുന്ന കൃത്യങ്ങളല്ല അവ; മഹായോഗികൾക്കും അത്തരം ചെയ്യുവാൻ കഴിയും; അങ്ങനെ അവർ ചെയ്തിട്ടുമുണ്ടു്. സ്വാഭാവികമായ ഒരു ശക്തിവിശേഷം യോഗാഭ്യാസത്തിനുണ്ടു്; അതിനാൽ പ്രസ്തുത സംഗതികളുടെ (ദിവ്യത്വത്തിന്റെയും ...) "ബാഹ്യലക്ഷ്യങ്ങളായി" (Extrinsic evidences) അദ്ഭുതങ്ങൾ കൊണ്ടുവരേണ്ടതില്ല... എന്നൊക്കെ വേദാന്തികൾ ഏതിർവാദം ചെയ്യുന്നു. ടി. ഏതിർവാദം ശരിയല്ലെന്നും യോഗാഭ്യാസംമൂലം മനുഷ്യനു് അത്തരം ശക്തിയൊന്നും സ്വതവെ ലഭിക്കുന്നില്ലെന്നും ഈ ലഘുലേഖയിൽ തെളിവായി കാണാൻ കഴിയും. എന്നാൽ, ഹൈന്ദവ യോഗസിദ്ധാന്ത (Mysticism) ത്തെപ്പററി സുദീർഘവും വിശദവുമായ ഒരു പ്രതിപാദനം ചെയ്യാൻ സന്ന്യാസി ഇവിടെ ഉദ്യമിക്കുന്നില്ല.

ഉദ്ദേശം 200 ബി. സി. യിൽ ജീവിച്ചിരുന്ന പത
ഞ്ജലിയാണ് യോഗസിദ്ധാന്തകർത്താവ്. സ്വർഗ്ഗത്തിൽ
നിന്ന് പാണിനിയുടെ ഉള്ളങ്കയ്യിൽ ഒരു ചെറിയ സ
പ്പുമായി വീണതുകൊണ്ട് 'പതഞ്ജലി' (പത+അഞ്ജലി)
എന്നപേർ പാണിനിയുടെ വ്യാകരണഭാഷ്യകർത്താവിനു
സിദ്ധിച്ചു, എന്നാണൈതിഹ്യം. ആ പേരിനാൽത്തന്നെ
യോഗസിദ്ധാന്തകർത്താവും വിളിക്കപ്പെടുന്നു. നാല് അ
ദ്ധ്യായങ്ങളിലായി 200 'സൂത്ര' (Aphorisms) ങ്ങളു
ണ്ട് യോഗഗ്രന്ഥത്തിൽ. ദൈവം, മനുഷ്യൻ, പദാ
ർത്ഥം എന്നീ മൂന്നു സത്തകൾ അനാദിമുതൽ സ്ഥിതിചെ
യ്യുന്നുണ്ടെന്ന് പതഞ്ജലി സമർത്ഥിക്കുന്നു. പക്ഷെ,
തന്റെ ആദിമപരിശുദ്ധിയിൽനിന്ന് മനുഷ്യൻ അധഃപെ
ർത്തിച്ചു പദാർത്ഥത്തിൽ ബന്ധനസ്ഥനായി കഴിഞ്ഞുകൂട്ടു
ന്നുവെന്നും ബന്ധനവിമുക്തനാകാനുള്ള ഏകരക്ഷാമാർഗ്ഗം
യോഗാഭ്യാസമാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു. 'ചിത്ത
വൃത്തിനിരോധ'മാണ് യോഗം (Yoga is the rest-
raint of mental modification– cfr. ch. 1. 9).
ജ്ഞാനയോഗം, ഹഠയോഗം, ലയയോഗം, നാദയോഗം,
ശിവയോഗം, ബ്രഹ്മയോഗം, അദ്വൈതയോഗം, നിരാ
ലംബയോഗം, രാജയോഗം, നിരാഭാസയോഗം, അഷ്ടാംഗ
യോഗം എന്നിങ്ങനെ വിവിധ യോഗങ്ങൾ. എന്നാൽ
ചില നാമഭേദത്തോടുകൂടി കർമ്മയോഗം, ഭക്തിയോഗം,
രാജയോഗം, ജ്ഞാനയോഗം, ഹഠയോഗം എന്നീ അഞ്ച്
പ്രധാനയോഗങ്ങളിൽ ശേഷമെല്ലാം ഉൾക്കൊള്ളുന്നു
എന്ന് ചുരുക്കിപ്പറയാം. നമ്മുടെ ചർച്ചാവിഷയവും
ഇതുതന്നെ.

ശബ്ദാർത്ഥവും നിർവ്വചനവും

തമ്മിൽ ചേർച്ച, യോജനം, ബന്ധം. . . എന്നെല്ലാ
മാണ് 'യോഗ'ശബ്ദത്തിന്റെ വാച്യാർത്ഥം (Literal
sense). പരമാത്മാവിൽ ജീവാത്മാവിന്റെ 'ലയനം'

(Absorption); മനുഷ്യാത്മാവും ദൈവവും തമ്മിലുള്ള 'ഏകീകരണം' അഥവാ 'ഐക്യം' അല്ലെങ്കിൽ 'ബ്രഹ്മാത്മൈക്യം' എന്നാണ് യോഗശബ്ദത്തിന്റെ നിഷ്പത്തി. (Absorption or Identification or union of the human soul into or with God.– cfr. Six Lessons on Raja Yoga, By S. Vivekananda, pp. 1–2; A Manual of Hindu Ethics, By G. A. Chandavarkar, pa. 29). 'യോഗശാസ്ത്രം'മാകട്ടെ പ്രസ്തുത ഐക്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു (It is a science which teaches one the method of joining the human soul with the Supreme Spirit– id. ibd.).

യോഗലക്ഷ്യം

യോഗങ്ങൾ ബഹുവിധങ്ങളാണെങ്കിലും പരമാന്ത്യമായ ദൈവത്തെ പ്രാപിക്കുക എന്നതാണ് അവയുടെ സർവ്വസാധാരണമായ ലക്ഷ്യം. സർവ്വപ്രധാനമായി സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ നിയമങ്ങളെ അനുവർത്തിച്ചു് ടി. ലക്ഷ്യം പ്രാപിക്കണമെന്നു് യോഗസിദ്ധാന്തം അനുശാസിക്കുന്നില്ല. പ്രത്യുത, ആരോഗ്യശാസ്ത്രത്തിന്റെയും (Hygiene) ശരീരശാസ്ത്രത്തിന്റെയും (Physiology) മനശ്ശാസ്ത്രത്തിന്റെയും (Psychology) തത്ത്വങ്ങളെ ആധാരമാക്കി ആഹാരവിഹാരങ്ങളെയും, ആഹരിക്കേണ്ട സമയം, ക്രമം, വിധം, അളവു് ആദിയായവയെയുംപറ്റി വേണ്ട വ്യവസ്ഥകൾ ചെയ്തു്, ശരീരത്തെയും ചിന്താ ഇവ് ഛാശക്തികളെയും അവയുടെ വ്യവഹാരങ്ങളെയും (Operations) കഴിവുപോലെ നിയന്ത്രണാധീനമാക്കുന്നതിനും ദൈവത്തിൽമാത്രം ശ്രദ്ധ പതിച്ചു് ജീവിതം നയിക്കുന്നതിനുമാണ് യോഗം പ്രധാനവുമായി നിലകൊള്ളുന്നതു്. (Yoga is the restraint, and the suppression of all

the actions and the functions of the mind to guide it in one channel of Supreme bliss cfr. Manual of Hindu Ethics, By G. A. C. pa. 30; As a matter of fact all the Yoga systems (chiefly) deal with the regulation and control of breath..... with the location and functions of 'Kundalini' (കുണ്ഡലിനി = പാമ്പ് ചുരുണ്ടു് കിടക്കുന്നതുപോലെ ചുരുണ്ടു കിടക്കുന്നതു് എന്നർത്ഥം = That which is 'coiled up' as a serpent– മൂലാധാരമെന്ന ചക്രത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ശക്തി–The vagus nerve of modern times, and other similar physiological and psychological operations; As a matter of fact the whole Yoga process is based (chiefly) on physical psychical and psychological principles– cfr. Christianity Vindicated, By Rev. Fr. Arulappa D. D. pa. 126, ft. note 2). സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ തത്ത്വങ്ങളെ യോഗസിദ്ധാന്തം പാടെ അവഗണിക്കുന്നുവെന്നു് നാം ഇവിടെ ധരിക്കരുതു്. ഓരോ സിദ്ധാന്തത്തെപ്പറ്റി പ്രതിപാദിക്കുന്ന അവസരത്തിൽ ഈ വസ്തുത നമുക്കു കൂടുതൽ സ്പഷ്ടമാകും.

യോഗാഭ്യാസങ്ങൾമൂലം സംജാതമാകുന്ന
അസാധാരണ കഴിവുകൾ

ബഹുവിധ യോഗാഭ്യാസങ്ങളുണ്ടു്. ഒരാൾ ശരിയായും പരിപൂർണ്ണമായും അവ അനുവർത്തിച്ചാൽ ഒടുവിൽ യഥാർത്ഥ യോഗി, പോരാ മഹായോഗി, എന്നു വേണ്ട, യോഗീശ്വരൻതന്നെ ആയിത്തീരും അവൻ. സ്വശരീരങ്ങളെയും അവയുടെ ശക്തികളെയും പ്രവൃത്തികളെയും പരിപൂർണ്ണമായി നിയന്ത്രണാധീനമാക്കിയവനാണു് യഥാർത്ഥയോഗി (Mystic). അങ്ങനെ സ്വയനിയ

ണംമൂലം (By self-control or by controlling his own nature) ആ യോഗി അന്യ പ്രകൃതിമുഴുവനും (The universal nature or energy) നിയന്ത്രണാധീനമാക്കുന്നു. അപ്പോൾ ഇച്ഛാനുസരണം പ്രകൃതിയെക്കൊണ്ടു് എന്തും ചെയ്യിക്കാൻ ആ യോഗിക്കു് കഴിയും. ക്രിസ്തു അദ്ഭുതങ്ങൾ പ്രവർത്തിച്ചതു് ഇത്തരം ശക്തിവിശേഷംകൊണ്ടാണു്; അല്ലേഹത്തിന്റെ ദൈവികശക്തികൊണ്ടല്ല.... എന്നെല്ലാമാണു് ഹൈന്ദവശാസ്ത്രവിദഗ്ദ്ധന്മാർ പഠിപ്പിക്കുന്നതു് (The man who has discovered and learned how to manupulate the internal forces will get the whole of nature under his control. He will be master of the whole of nature, internal and external. He would be able to move the sun and stars out of their places, to control everything in nature..... If he ordered to come, they will come at his bidding. When the ignorant see these powers of the 'Yogi' they call them 'miracles'– cfr. Raja Yoga, By S. Vivekananda, 6th. Ed. pp. 13 & 38). രാജയോഗത്തിനും, ഹഠയോഗത്തിനുമാണു് പ്രസ്തുത അദ്ഭുതാവഹമായ ശക്തിവിശേഷങ്ങൾ അവർ നൽകുന്നതു്. ഇതെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നതാണു്.

പ്രകൃതിയും യോഗവും

മനുഷ്യപ്രകൃതി (Temperament) ബഹുവിധമാണെങ്കിലും, പണ്ഡിതന്മാർ അതിനെ നാലായി തരംതിരിക്കുന്നു. കഫപ്രകൃതി (Phlegmatic temperament), ഉഷ്ണപ്രകൃതി (Sanguine temperament), പിത്ത അഥവാ കോപപ്രകൃതി (Bilious or Choleric temperament), ദുഃഖപ്രകൃതി (Melancholic

temperament) എന്നിങ്ങനെ നാലു പ്രധാന പ്രകൃതികൾ. ശരീരഘടനയിൽനിന്നു് സ്വതവെ ഉദ്ഭവമാകുന്ന മനുഷ്യന്റെ നൈസർഗ്ഗിക വാസനകളുടെ സമുച്ചയമാണു് പ്രകൃതി (The whole of a person's natural tendencies as determined by his physical constitution or idiosyncracy.– Oxf. Dict.) മനുഷ്യനു് സഹജമായ ഒരു ഗുണമാണു് (Inborn quality) പ്രകൃതി. പ്രസൂത നിവ്വിചനത്തിൽനിന്നു ഇതു സൂക്ഷ്മമാണല്ലൊ. സ്വഭാവമാകട്ടെ (Character) പ്രത്യേകാഭ്യസനംമൂലം പ്രകൃതിയെ നിയന്ത്രിച്ചു് മനുഷ്യൻ സമ്പാദിക്കുന്ന മാനസികമൊ, ധാർമ്മികമൊ ആയ ഒരു ഗുണമാണു് (An acquired mental or moral quality). ഓരോ പ്രകൃതിയും ഓരോ പ്രേരകശക്തി (Motive power) മനുഷ്യനു് പ്രദാനം ചെയ്യുന്നു. അതിനാൽ പ്രേരിതനായിട്ടായിരിക്കും അവൻ പ്രവർത്തിക്കുന്നതു്. ലൗകികവും, രാഷ്ട്രിയവും, സാമുദായികവും, മാനസികവും, ആദ്ധ്യാത്മികവുമായ അവന്റെ എല്ലാ പ്രവർത്തനങ്ങളിലും അതു പ്രത്യക്ഷപ്പെടും. ഒരാളിൽ ഒരു പ്രകൃതി മാത്രമെയുള്ളു എന്നു് ഇവിടെ വിവക്ഷയില്ല. പ്രത്യുത ഒരു പ്രകൃതി ഒരാളിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം പിടിക്കുകയും അതു അവനെ നയിക്കുകയും ചെയ്യും എന്നമാത്രം നാം ഇവിടെ ധരിച്ചുകൊണ്ടാൽ മതി. മുകളിൽകാണിച്ച പ്രകൃതിയുടെ വിഭജനത്തിനു് അനുയോജ്യമായ വിധത്തിലാണു് യോഗങ്ങളുടെ വിഭജനവും. തദനുസരണം നാലു പ്രധാന യോഗങ്ങളുണ്ടു്. കർമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം എന്നിങ്ങനെ നാലു പ്രധാന യോഗങ്ങൾ (Principal Yogas). പ്രകൃതിപോലെതന്നെ ഒരു മനുഷ്യനിൽ ഒരു യോഗം പ്രധാനമായി പ്രവർത്തിക്കുന്നതായിരിക്കും. ഓരോ പ്രകൃതിക്കും അനുരൂപമായ ഓരോ യോഗവും ഓരോ മനുഷ്യനെ വേണ്ടവിധം നിയന്ത്രിച്ചു് സൽപഥത്തി

ലൂടെ നയിച്ചു് പരമലക്ഷ്യപ്രാപ്തിക്കു് അവനെ സഹായിക്കുന്നു.

കഫപ്രകൃതിയും കർമ്മയോഗവും

കഫപ്രകൃതിയുള്ള മനുഷ്യനു് യോഗലക്ഷ്യമായ ദൈവൈക്യം പ്രാപിക്കാൻ പറ്റിയമാർഗ്ഗം കർമ്മയോഗമാണെന്നാണു് ശാസ്ത്രവിധി. കഫപ്രകൃതിടെ നിർവ്വചനം നാം കണ്ടുകഴിഞ്ഞു. ഇനി ഏതെല്ലാമാണു് അതിന്റെ പ്രധാന ഗുണദോഷലക്ഷണങ്ങൾ (Good and bad characteristics) എന്നു നാം മനസ്സിലാക്കണം.

ഗുണലക്ഷണങ്ങൾ:— ശാന്തരും, അതിവേഗം ക്ഷോഭിക്കാത്തവരും, വികാരഹീനരും, അചഞ്ചലരും, വിവേകികളും, ദൃഢനിശ്ചയരും, സഹനശീലരും, സാവകാശികളുമായിരിക്കും കഫപ്രകൃതിയുള്ളവർ (The phlegmatic are generally calm, not easily excitable, dispassionate, very persistent, prudent, enduring, unaffected etc...).

ദോഷലക്ഷണങ്ങൾ:— അലസത, നിഷ്ക്ഷത, നിരുന്മേഷം, സ്നേഹഹീനത, സുഖപ്രിയം, സ്വാർത്ഥത, വെറും ചിന്താമഗ്നത ആദിയായവ ടി. പ്രകൃതിയുടെ ദോഷലക്ഷണങ്ങളാണു് (The phlegmatic are as a rule, sluggish, cold, indifferent, indolent insensible, fond of easy life, selfish, sheer speculative etc...). കഫപ്രകൃതിയോടുകൂടിയവർ സാമാന്യം പിണ്ഡശരീരം (Fleshy body) ഉള്ളവരായിരിക്കും. കൂടാതെ, അത്ര വലിയ സാന്മാർഗ്ഗികളോ, അസാന്മാർഗ്ഗികളോ, ശിഷ്ടരോ, ദുഷ്ടരോ, സുപ്രസിദ്ധരോ, കുപ്രസിദ്ധരോ ആയിരിക്കുകയില്ല അവർ. പ്രത്യുത, നൈസർഗ്ഗികമായ ചില സ്വഭാവവിശേഷങ്ങളും വ്യാപാരദോഷങ്ങളുംമാത്രം അവരിൽ കാണും. കഫപ്രകൃതിയുടെ പ്രതിപാദനത്തിൽനിന്നും അനുഭവത്തിൽനിന്നും ഈ പരമാർത്ഥത എല്ലാവർക്കും സുവിദിതമാണല്ലൊ.

പ്രസൂത പ്രകൃതി ബാധിച്ചിരിക്കുന്നവരെ നിവർത്തനത്തിൽ നിന്നു് പ്രവർത്തനത്തിലേയ്ക്കു് ആനയിച്ചു് കർമ്മോദ്യുക്ത ജീവിതനിരതരാക്കുകയെന്നതാണു് കർമ്മയോഗത്തിന്റെ വിശേഷോദ്ദേശ്യം.

കർമ്മയോഗം

'കൃ' (ചെയ്യുക) ധാതുവിൽനിന്നാണു് 'കർമ്മ'ശബ്ദത്തിന്റെ നിഷ്പത്തി. മനുഷ്യന്റെ മാനസികവും (Intellective) ഇന്ദ്രിയഗോചരവും (Sensitive)ആയ സകല പ്രവൃത്തികളെയും ടി. ശബ്ദം ഇവിടെ അർത്ഥമാക്കുന്നു. തന്നോടും അന്യരോടും ദൈവത്തോടുമുള്ള ധർമ്മനിർവ്വഹണം മുഖേന ഓരോരുത്തനും "ബ്രഹ്മാത്മൈക്യം" "ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യം" പ്രാപിക്കണമെന്നു് കർമ്മയോഗം ആവശ്യപ്പെടുന്നു. തത്കാര്യസിദ്ധിക്കായി "കർമ്മകാണ്ഡം" (Ritual) അനുശാസിക്കുന്ന എല്ലാ പ്രവൃത്തികളും അനുഷ്ഠാനങ്ങളും ചെയ്യുകയും മന്ത്രങ്ങൾ ജപിക്കുകയും മറ്റും വേണം. ആരാധനസ്ഥലങ്ങളും (Temples) പ്രതിമകളും (Idols) ആവശ്യകമാണു്. ജ്ഞാനവും കൂടിയേ കഴിയൂ. ഐക്യപ്രാപ്തിക്കുള്ള അവസാന 'കണ്ണി' (Link) ജ്ഞാനമാണു് (The goal of mankind is knowledge; the knowledge of God should be his (of the householder–of the 'Karmayogi')goal of life–cfr. Karmayoga cited above, pp. 1 & 24). എന്നാൽ ജ്ഞാനയോഗിയുടെ ജ്ഞാനത്തിനു് അളവിലും തോതിലും വ്യത്യാസമുണ്ടു്.

പഞ്ചമഹായജ്ഞങ്ങൾ

കർമ്മയോഗിയുടെ അഥവാ ഗൃഹസ്ഥാശ്രമിയുടെ (Householder) അനുദിനകൃത്യങ്ങളിൽ പ്രമുഖസ്ഥാനം അർഹിക്കുന്ന ഒന്നാണു് പഞ്ചമഹായജ്ഞങ്ങൾ.

സകല യജ്ഞങ്ങളെക്കാളും ഇവയ്ക്ക് പ്രാധാന്യം കൂട്ടുക നിമിത്തം മഹായജ്ഞങ്ങൾ എന്ന പേർ സിദ്ധിച്ചു.

അദ്ധ്യാപനം ബ്രഹ്മയജ്ഞഃ
പിതൃയജ്ഞസ്തർപ്പണം
ഹോമോദൈവോബലിർഭൗതോ
നൃയജ്ഞോ/തിഥിപൂജനം. (M. S. 70. 7)

വിശദീകരണം:— വേദാധ്യയനവും വേദാധ്യാപനവും ആണ് ബ്രഹ്മയജ്ഞം. പിതൃദേവന്മാരുടെ— പിതൃക്കളുടെ— തൃപ്തിക്കായി ഇരുകൈയ്യും കൂട്ടി ജലംകോരി ഒഴിക്കുന്ന ഒരു കർമ്മം (അഥവാ ബോധായനീയസ്നാനവും മറവും) ആണ് തർപ്പണം, അല്ലെങ്കിൽ പിതൃയജ്ഞം. ബോധായനൻ ഒരു മഹർഷിയാണ്. ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഔപാസനവൈശ്വ— ദേവാദിഹോമം (ദേവനോടു് അടുത്തിരിക്കുക, ഭജിക്കുക, വൈശ്വദേവന്മാരെ— വിശ്വന്റെ പത്നി പുത്രന്മാരായ വസു, സത്യ പ്രഭൃതികളായ— ദേവകളോടുള്ള ഹോമം) ദേവയജ്ഞം എന്ന പേർ പറയപ്പെടുന്നു. പക്ഷികൾക്ക് പുല്ലുകൊടുക്കുക, പൂച്ചയ്ക്ക് ചോറുകൊടുക്കുക, പ്രാവിന് അരികൊടുക്കുക, തത്തയ്ക്ക് പാൽകൊടുക്കുക, ആദിയായവയത്രെ ബലി അഥവാ ഭൂതയജ്ഞം. അതിഥിസപര്യ— അതിഥിസൽക്കാരം— ആണ് നൃയജ്ഞം— അതിഥിപൂജനം, അന്യഥാ അതിഥിയജ്ഞം എന്നു പറയുന്നതു്. ഉരൽ, ഉലക്ക, അമ്മിക്കുഴവി (അമ്മിപ്പിള്ള) അടുപ്പ്, ജലപ്പാത്രം, മുറം, ചൂല് എന്നിവ അഞ്ചും ഹിംസസ്ഥാനങ്ങളാണ്. എന്തെന്നാൽ സൂക്ഷ്മവസ്തുക്കളെല്ലാം ബ്രഹ്മവും ബ്രഹ്മാംശങ്ങളുമാണെന്നാണല്ലൊ 'ശ്രുതി'യിൽ കാണുന്നതു്. മാത്രമല്ല, പുനർജ്ജന്മംവഴി മനുഷ്യാത്മാവും അതിൽ വസിക്കുന്നുണ്ടായിരിക്കാം. തദനുസരണം ചിതിക്കുമ്പോൾ പ്രസ്തുത വസ്തുക്കളുടെ ഉപയോഗംമൂലം ബ്രഹ്മഹത്യ, മനുഷ്യഹത്യ എന്നിത്യാദി സംഭവിക്കും. ഗൃഹസ്ഥനെ സദാ പീഡിപ്പിച്ചുകൊണ്ടിരിക്കും ടി. ഉപയോഗം. പക്ഷെ,

അവയെ ഉപയോഗിക്കാതെ ഗത്യന്തരമില്ലാതാനും. അങ്ങനെ ഗൃഹസ്ഥൻ– കർമ്മയോഗി– ചെയ്യുന്ന പാപങ്ങൾ ഇല്ലാതായി അവൻ പരിശുദ്ധി നേടുന്നതിനുവേണ്ടിയാണു് ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, അതിഥിയജ്ഞം, ഭൂതയജ്ഞം എന്നീ പഞ്ചമഹായജ്ഞങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നതു് (Gita 3. 13, and V. S. Apte, Dict. pa. 431).

ഗുണത്രയം

ഓരോ വസ്തുവിലെന്നപോലെ ഓരോ മനുഷ്യനിലും സത്തു, രജസ്സു്, തമസ്സു് എന്നീ മൂന്നു ഗുണങ്ങൾ ഉണ്ടു്. രജോഗുണം (Activity, Energy) പ്രവൃത്തിയെയും, തമോഗുണം (Inactivity, Inertness) നിവൃത്തിയെയും സൂചിപ്പിക്കുന്നു. രജോഗുണം ശക്തിപ്പെടുമ്പോൾ മനുഷ്യൻ പ്രവർത്തിക്കുന്നു. തമോഗുണം മൂന്നിടുമ്പോൾ അവൻ നിവർത്തിക്കുന്നു. സത്ത്വഗുണമാകട്ടെ (goodness) ടി ഗുണദ്വയത്തിന്റെ സമപാലനമാണു് (Equilibrium). ക്ലേശത്തിൽ കുറവിനെ നിയന്ത്രിച്ചു് അതിനെ മദ്ധ്യസ്ഥാനത്തു് നിറുത്തുന്നു. കർമ്മയോഗിയുടെ അനുദിനകൃത്യങ്ങളിൽ ടി. ഗുണങ്ങൾ സ്വാധീനശക്തി ചെലുത്തുന്നതുകൊണ്ടു് അവയെ വേണ്ടവിധത്തിൽ നിയന്ത്രിച്ചു് ജീവിതം നയിക്കുന്നതിനു് അവൻ പരിശ്രമിക്കണം.

കർമ്മയോഗിയുടെ ലക്ഷണവിശേഷങ്ങൾ

ആദർശം (Ideal)– ഫലാപേക്ഷകൂടാതെ കർമ്മത്തെ പ്രതി കർമ്മം ചെയ്യണം കർമ്മയോഗി(Work for work's sake– cfr. K. Y. pa. 9). എന്തെങ്കിലും ഒരു ഗുണം പ്രതീക്ഷിച്ചുകൊണ്ടായിരിക്കും സാധാരണ മനുഷ്യർ പ്രവർത്തിക്കുന്നതു്. ആരംഭത്തിൽ അതുണ്ടാവാം കർമ്മയോഗിക്കും. പക്ഷെ അതതരം സ്വാർത്ഥോദ്ദേശ്യത്തിൽനിന്നു (selfish motive) അവൻ സ്വതന്ത്രനാകണം. ഇഷ്ടാ

നിഷ്ഫലങ്ങളെ പരിവർജ്ജിക്കണം. എന്തെന്നാൽ പ്രവർത്തിക്കുന്നതിനു് നമുക്കു അർഹതയുണ്ടു്. എന്നാൽ അതിന്റെ ഫലത്തിനു് അർഹതയില്ല (To work we have the right, but not to the fruits thereof--cfr. K. Y. pa. 11). ക്രൂടിയാൽ കർമ്മമാത്രേണ മുക്തി പ്രാപിക്കണം എന്ന ഉദ്ദേശ്യമല്ലാതെ മറ്റൊന്നും അഭിലഷണീയമല്ല (K. Y. pa. 13). ഗീതയിൽ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നതും ഇതുതന്നെ.

കർമ്മണ്യേവാധികാരസ്തേ മാഫലേഷു കദാചനഃ
മാകർമ്മഫലഹേതുർഭൂർമ്മാതേസംഗോ/സ്ത്വകർമ്മണി.

(Thy right is to work only; but never to the fruits thereof. Be thou not the producer of the fruit of (thy) actions; neither let thy attachment be towards inaction).

യോഗസ്ഥഃകുരുകർമ്മാണി, സംഗത്യക്ത്വാ, ധനഞ്ജയ
സിദ്ധ്യസിദ്ധ്യോസ്സമോ, ഭൂത്വാ, സമത്വംയോഗഉച്യതേ.

(Being steadfast in Yoga, O Dhananjaya (Arjuna), perform actions, abandoning attachment, remaining unconcerned as regards success and failure. This eveness of mind is known as Yoga– ch. 2. 47–48). അതിനാൽ നിഷ്കാമമായി പ്രവർത്തിക്കണം യോഗി എന്നു സിദ്ധിക്കുന്നു.

പ്രതിപത്തിയില്ലായ്മ (Unattachment).– പ്രതിപത്തിക്കൂടാതെ അനാസക്തം പ്രവർത്തിക്കണം. പ്രവൃത്തി രസാവഹമോ പ്രയോജനകരമോ എന്നു നോക്കരുതു്. മുക്തിനേടേണ്ടതിനു് സ്നേഹത്താൽ പ്രേരിതനായി പ്രവർത്തിക്കണം (Therefore be unattached; work incessantly, but do not bind yourselves. Work through freedom! work through love!– cfr. K. Y. pp. 46–47).

യജമാനനായിരിക്കണം, ദാസനാകരുതു്.– മനുഷ്യരിൽ തൊണ്ണൂറിയൊമ്പതു ശതമാനവും ദാസന്മാരെപ്പോലെ പ്രവർത്തിക്കുന്നു. അതിന്റെ ഫലമൊ ദുരിതം. അതിനാൽ ഒരു യജമാനനെപ്പോലെ യോഗി അദ്ധ്വാനിക്കണം. ദൃശ്യവസ്തുക്കളെല്ലാം ക്ഷണഭംഗുരങ്ങളാണു്. അവയ്ക്കു വിധേയനാകരുതു് യോഗി. പ്രപഞ്ചമെല്ലാം ആത്മാവിനുവേണ്ടിയാണു്, പ്രപഞ്ചത്തിനുവേണ്ടിയല്ല ആത്മാവു് (Work like a master and not as a slave. The whole of nature is for the soul, not the soul for nature (K. Y. pp. 46–47).

സ്വധർമ്മാനുഷ്ഠാനം.– സ്വധർമ്മാനുഷ്ഠാനത്തിൽ സദാ ജാഗ്രൽകനായിരിക്കണം കർമ്മയോഗി. ഓരോ കൃത്യവും ചെയ്യേണ്ടവിധത്തിലും അവസരത്തിലും അവൻ അതു ചെയ്യണം. അധൈര്യത്തിന്റെയും കാപട്യത്തിന്റെയും ലക്ഷണമാണു കൃത്യവിലോപം. എന്നാൽ, കൃത്യനിവ്വഹണമാകട്ടെ ധൈര്യത്തിന്റെയും നിഷ്കാപട്യത്തിന്റെയും യഥാർത്ഥ ലക്ഷണമാണു്. സ്നേഹത്തിന്റെ ഏറ്റവും വലിയ ആദർശം അഹിംസ (Non-resistence) ആണെന്നു വാദിച്ചുകൊണ്ടു് സ്വസഹോദരങ്ങളായ കൗരവന്മാരോടു് യുദ്ധംചെയ്യുവാൻ മടിച്ച അർജ്ജുനനെ ശ്രീകൃഷ്ണൻ കുറ്റപ്പെടുത്തി (Gita. ch. 2). അഹിംസയാണു് കർമ്മയോഗിയുടെ മഹാദർശമെങ്കിലും യോഗാനുഷ്ഠാനത്തിന്റെ പ്രാരംഭദശകളിൽ യോഗി തിന്മയെ എതിർക്കണം; അധർമ്മികളോടു് മല്ലിടണം. അങ്ങനെ ശ്രമവും അദ്ധ്വാനവും (Resistence & activity) ചെയ്യണം അവൻ. അപ്പോൾ അതിന്റെയെല്ലാത്തിന്റെയും പര്യവസാനത്തിൽ വിശ്രമം (Non–resistence or inactivity) കൈവരും (K. Y. pp. 18–20).

ആത്മപരിത്യാഗം (Self–abnegation).– എല്ലാറ്റിലും ഉപരിയായി ആത്മപരിത്യാഗം അഭ്യസിക്കണം

യോഗി; 'അഹം' (ഞാൻ) ഇല്ലാതാകണം 'ത്വം' (നീ = ബ്രഹ്മം) മാത്രം അവശേഷിക്കണം. ഓരോ യോഗിക്കും 'ത്വം' എന്ന ബോധം കൈവരണം. എന്നു വച്ചാൽ 'നാഹം' (ഞാനല്ല), 'അഹംബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാണ്). അപ്രകാരംതന്നെ തത്ത്വമസി' (നീ അതാണ് = നീ ബ്രഹ്മമാണ്) എന്നു യോഗികൾ പരസ്പരം അഭിവാദ്യം ചെയ്യണം. "പഴയ മനുഷ്യൻ മരിക്കണം" (The old man must die) "അങ്ങേ ഇഷ്ടം ഭവിക്കട്ടെ" (Thy will be done) എന്നീ തത്ത്വശകലങ്ങൾ കർമ്മയോഗിയിൽ അനുഭവമാകുമ്പോൾ (K. Y. pp. 90–93). കർമ്മയോഗത്തെപ്പറ്റി ഇത്രയും സംഗ്രഹമായി പ്രസ്താവിച്ചുകൊണ്ട് വിരമിക്കുന്നു.

ഭക്തിയോഗം

ഉഷ്ണപ്രകൃതി (Sanguine temperament)യുള്ളവരെ ശരിയായി നിയന്ത്രിച്ച് സൂക്ഷ്മമാർഗ്ഗത്തിലൂടെ നയിച്ച് യഥാർത്ഥ ദൈവഭക്തരാക്കുന്നതിനു പര്യാപ്തമായ ഒരു മാർഗ്ഗമാണ് ഭക്തിയോഗം. പ്രകൃതി എന്താണെന്ന് മുകളിൽ നാം കണ്ടുകഴിഞ്ഞു. ഇനി പ്രസ്തുത പ്രകൃതിയുടെ ഗുണദോഷവശങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ അതേക്കുറിച്ചുള്ള വിശദമായ വിവരണം നമുക്കു ലഭിക്കും.

ഗുണവശങ്ങൾ

ക്ഷിപ്രഗ്രഹണശക്തി, ദയ, അനുകമ്പ, സഹതാപം, ഹൃദയപരമാർത്ഥത, പ്രത്യാശ, ശ്രവണഹൃദയം ആദിയായ ഗുണങ്ങളുള്ളവരും ഗുണൈകദുർഗ്ഗമാണ് ഉഷ്ണപ്രകൃതിയോടു കൂടിയവർ (The Sanguine are quick to perceive, kind, affectionate, compassionate, open-hearted, hopeful, docile and optimistic... etc).

ദോഷവശങ്ങൾ

അഗാധചിന്ത, അഭിപ്രായദാർഢ്യം, ഏകാഗ്രത എന്നീ ഗുണങ്ങളില്ലാത്തവരും, ആഡംബരതല്പരരും, ബഹളപ്രിയരും, അക്രമികളും, തോന്ന്യാസികളും, മായാമോഹികളും ആയിരിക്കും അവർ (They are superficial, changeable, showy, restless, impetuous and vain...etc). പ്രസ്തുത ഗുണദോഷവശങ്ങളോടുകൂടിയ ഉള്ളപ്രകൃതിയെ നിയന്ത്രണാധീനമാക്കി തീവ്രസ്നേഹംവഴി ദൈവൈക്യം പ്രാപിക്കുന്നതിനു് ഒരു ഭക്തനെ പര്യാപ്തനാക്കാനാണു് ഭക്തിയോഗം വിധിക്കപ്പെട്ടിരിക്കുന്നതു്. "ദൈവത്തോടുള്ള തീവ്രസ്നേഹമാണു് ഭക്തി" (Bhakti is intense love to God.– cfr. Bhaktiyoga, By S. Vivekananda, 6th. ed. pa.1). ഇത്തരം സ്നേഹിയെ നാഥൻ (The Lord) അനുഗ്രഹിക്കുകയും അവന്റെ അഭിലാഷങ്ങൾ സാധിച്ചുകൊടുക്കുകയും ചെയ്യും. കർമ്മത്തേക്കാൾ ശ്രേഷ്ഠമാണു് ഭക്തി. തന്മൂലം കർമ്മയോഗത്തെക്കാൾ ശ്രേഷ്ഠമാണു് ഭക്തിയോഗം (Bk. Y. pp. 11–12).

നിഷ്ഠ അഥവ ആദർശം

ഇഷ്ടമായിരിക്കേണ്ട അല്ലെങ്കിൽ പ്രിയംകരമായിരിക്കേണ്ട ഒരു, നിഷ്ഠ–ആദർശം (Ishta–Nishta=Chosen ideal)ഉണ്ടായിരിക്കണം യഥാർത്ഥ ഭക്തനു്. ഏതെങ്കിലും ഒരു മതത്തോടൊ, മതാനുയായികളോടൊ മറ്റു വല്ലതിനോടൊ വിശേഷഭക്തിയൊ(Attachment)വിരക്തിയൊ (Unattachment) ഉണ്ടാകരുതു്. പ്രത്യുത, എല്ലാവരോടും സമഭാവന പ്രകടിപ്പിച്ചും, എല്ലാറ്റിനേയും സമവീക്ഷണം ചെയ്തും, എല്ലാറ്റിലും സമചിത്തത കാത്തും വർത്തിക്കണം. മുകളിൽ പറഞ്ഞ "ഇഷ്ടം–നിഷ്ഠ" അടങ്ങിയിരിക്കുന്നതു് ഇതിലാണു് (Bk. Y. pp. 58–59).

ഭക്തിയുടെ രണ്ടു പടികൾ

'ഗൗണി' ഭക്തിയും 'പരാ'ഭക്തിയും (Preparatory and supreme forms or stages of devotion) ആണു് ഭക്തിയുടെ രണ്ടു പടികൾ (id. pa. 25.). ഇന്ദ്രിയഗോചരമായ വിഷയങ്ങൾ ഗൗണിഭക്തിക്കാവശ്യകമാണു്. ഗൗണിഭക്തി എന്നു വച്ചാൽ താഴ്ന്ന അല്ലെങ്കിൽ, പ്രാരംഭ ഭക്തിയെന്നർത്ഥം. ചരിത്രകഥകളും, കെട്ടുകഥകളും ഭക്താനുഷ്ഠാനങ്ങളും വളരെ സാഹായകങ്ങൾതന്നെ.

പ്രതികയും പ്രതിമയും

ദേഹീദേഹങ്ങളുടെ സംയുക്തസത്തയായ മനുഷ്യൻ ഭക്തിയെ ജനിപ്പിക്കുന്നതിനും പാലിക്കുന്നതിനും പോഷിപ്പിക്കുന്നതിനും ദൈവത്തിന്റെ ഏതെങ്കിലും ഒരു ദൃശ്യരൂപം അവനു് ഗോചരീഭവിക്കണം. അതിനു പറ്റിയ വിഷയങ്ങളാണു് പ്രതികയും പ്രതിമയും. അദൃശ്യനായ ദൈവത്തിനു് പകരം നിലകൊള്ളുന്നു ഇവ. (Substitutes for God). ബ്രഹ്മമല്ലാത്തതിനെ ബ്രഹ്മമായി സങ്കല്പിച്ചുകൊണ്ടു് ഭക്തിപൂർവ്വം അതിലേയ്ക്കു് ബോധത്തെ തിരിക്കുക എന്നതാണു് പ്രതികയും പ്രതിമയും വഴിയായുള്ള ബ്രഹ്മാരാധന (അബ്രഹ്മണി ബ്രഹ്മദൃഷ്ട്യനുസന്ധാനം– Joining the mind with devotion to that which is not Brahman, taking it to be Brahman– cfr. Bk. Y. pa. 53). ഇങ്ങനെ ദൃഷ്ടിഗോചരമായ ഈ വിഷയങ്ങളിന്മേൽ യഥാർത്ഥ ബ്രഹ്മം അദ്ധ്യാരോപണംചെയ്യപ്പെടുന്നതിനാൽ ആരാധനവിഷയമായി ഭവിക്കുന്നു അതു്. (ഈദൃശം ചാത്രബ്രഹ്മണഃ ഉപാസ്യത്വം യതഃപ്രതീകേഷ്വതദൃഷ്ട്യാദ്ധ്യാരോപണം പ്രതിമാദിഷു. ഇവ വിഷ്ണ്വാദീനാം– Here in this way does Brahman become the object of worship, because He, as Brahman, is superimposed on the Pratikas,

just as Vishnu, etc; are superimposed upon images, etc.– cfr. id pa. 56). പക്ഷെ ആ ദൃശ്യവസ്തു വിട്ട് ബ്രഹ്മത്തിങ്കലേക്ക് തന്റെ ബോധം ഉയർത്താതെ ബ്രഹ്മം അതുതന്നെ എന്നു സങ്കല്പിച്ച് അവിടംകൊണ്ട് ആരാധന അവസാനിപ്പിക്കുമെങ്കിൽ യഥാർത്ഥ ഭക്തിയും മുക്തിയും ലഭിക്കയില്ല അവനു്; നിശ്ചയം. മാത്രമല്ല, ദൃഷ്ടിസൗകര്യത്തിനു് (Help to the vision) ഉപയുക്തങ്ങളായ പ്രതികയും പ്രതിമയും ആരാധനത്തിന്റെ അവസാനലക്ഷ്യമായിരുന്നാൽ വിഗ്രഹാരാധനമായിരിക്കും അതു് (id. pa. 57).

ഗുരുഭൂതന്റെ ആവശ്യകതയും ലക്ഷണങ്ങളും

ഗ്രന്ഥപാരായണംകൊണ്ടു മാത്രം ശരിയായ ഭക്തി ലഭിക്കുന്നതല്ല. മാർഗ്ഗഭ്രംശത്തിനുംകൂടി കാരണമായേക്കാം അതു്. അതിനാൽ ആദ്ധ്യാത്മികനായ ഒരു ഗുരുഭൂതന്റെ സാഹായ്യം കൂടിയെ കഴിയൂ. എന്തെന്നാൽ "പ്രസംഗകൻ എത്ര സമർത്ഥനോ അത്ര സമർത്ഥനാകും ശ്രോതാവും" (ആശ്ചര്യോവക്തകുശലോ $\int$ സ്യലബ്ധാ – The true preacher of religion has to be of wonderful capabilities, and clever shall his hearer be. cfr. id. pa. 30). അന്ധനെ നയിക്കുന്ന അന്ധനു തുല്യനായിരിക്കും യഥാർത്ഥ ഭക്തിയും ജ്ഞാനവുമില്ലാത്ത ഗുരുഭൂതൻ. വേദങ്ങളുടെ 'അക്ഷരം' (Letter) മാത്രം അറിഞ്ഞാൽ പോരാ, അവയുടെ ആന്തരാർത്ഥവും (Spirit) ഗ്രഹിച്ചിരിക്കണം അദ്ദേഹം. എന്തെന്നാൽ വാക്ചാതുര്യത്തോടും ഭാഷാലങ്കാരത്തോടുംകൂടി പഠിപ്പിക്കുന്ന ഉപദേഷ്ടാവു് ആന്തരാർത്ഥത്തെ– അതുപോയെ–നഷ്ടപ്പെടുത്തുന്നു. ഒരരണ്യത്തിൽ അലഞ്ഞുനടക്കുന്നവനെപ്പോലെ ബഹുവിധ ചിന്താപരമ്പരകളിൽ വ്യാപൃതമായിരിക്കും അവന്റെ ബോധം (ശബ്ദശാലം മഹാരണ്യം ചിത്തഭ്രമണ കാരണം.– The network of words is a big forest; it is the cause

of a curious wandering of the mind.– cfr. id. pa. 35). ആദ്ധ്യാത്മികജ്ഞാനത്തിനു് ഉപകരിക്കുകയില്ല അത്തരം ഉപദേശങ്ങൾ. വീണ്ടും, പാപമില്ലാത്തവനായിരിക്കണം അദ്ദേഹം. ഒരു 'ട്രാൻസ്മിറ്റർ' (Transmitter) ആലക്തികപ്രവാഹത്തെ (Electric current) അങ്ങുമിങ്ങും അയക്കുന്ന ഒരു യന്ത്രം കണക്കെ അദ്ദേഹം നിലകൊള്ളുന്നു. ടി. യന്ത്രം നന്നല്ലെങ്കിൽ വൈദ്യുതശക്തി പ്രവഹിക്കുകയോ പ്രവർത്തനം നടത്തുകയോ ചെയ്യുകയില്ലല്ലൊ. അതുപോലെ, ഗുരു വിശുദ്ധനല്ലെങ്കിൽ അന്യരെ വിശുദ്ധരാക്കാൻ അദ്ദേഹത്തിനു കഴിവുണ്ടാകുകയില്ല. ലൗകിക വിദ്യകളും ശാസ്ത്രങ്ങളും പ്രദാനം ചെയ്യുന്നവർക്ക് ടി. വിശുദ്ധി വേണമെന്നില്ല. അവരുടെ വിഷയങ്ങളിൽ സമ്പന്നരായിരിക്കണമെന്നേയുള്ളൂ. ആദ്ധ്യാത്മികജ്ഞാനം കൈകാര്യം ചെയ്യുന്നവനുണ്ടാകേണ്ട പ്രേരകശക്തി പരസ്നേഹം മാത്രമായിരിക്കണം. ധനമോഹമൊ, കീർത്തിധാവള്യമൊ മറെറാ അക്കാര്യത്തിൽ അവനെ പ്രേരിപ്പിക്കരുതു്. (ശ്രോത്രിയോ ∫ വൃജിനോ ∫ കാമഹതോ, യോ, ബ്രഹ്മവിത്തമഃ– He who is learned in the scriptures, sinless, unpolluted by lust, and the greatest knower of the Brahman, is the real teacher.– cfr. id. pa. 39).

അവതീർണ്ണരായ ഉപദേഷ്ടാക്കൾ

സാധാരണ ഗുരുക്കന്മാക്കും പുറമെ ഈശ്വരാവതാരങ്ങളായ ആചാര്യന്മാരുണ്ടു്. (ആചാര്യം മാം വിജ്ഞാനീയാത്. Know the guru to be Me.).– എന്നു ശ്രീകൃഷ്ണൻ പറഞ്ഞിട്ടുണ്ടു്. ധർമ്മം ക്ഷയിച്ചു് അധർമ്മം സംജാതമാകുമ്പോൾ അതിന്റെ വിനാശത്തിനും ധർമ്മോദ്ധാരണത്തിനും വേണ്ടി ഞാൻ (മനുഷ്യനായി) പ്രത്യക്ഷപ്പെടുന്നു എന്നു വീണ്ടും അദ്ദേഹം പ്രസ്താവിക്കുന്നു

(യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം – When-ever virtue subsides and wickedness prevales I manifest myself). പക്ഷെ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഞാൻ യഥാർത്ഥത്തിൽ സച്ചിദാനന്ദനാണെന്നു മൂഢന്മാർ ഗ്രഹിക്കുന്നില്ല (അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം, പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം– Gita). ക്ഷണനേരംകൊണ്ടും, ഒരു സ്പർശനംകൊണ്ടുപോലും അന്യരെ ആദ്ധ്യാത്മികരാക്കാം അവർക്ക്. ദൃഷ്ടരെ ശിഷ്ടരാക്കാം. ഇങ്ങനെ അവതാരങ്ങളുടെ ആവശ്യകത സൂക്ഷ്മമാണ്.– (Bk. Y. pp. 42–46).

ശിഷ്യന്റെ ലക്ഷണങ്ങൾ

ഹൃദയശുദ്ധി, ജ്ഞാനദാഹം, സ്ഥിരത, സത്യസന്ധത, ദയ, അഹിംസ തുടങ്ങിയ ഗുണങ്ങൾ ശിഷ്യനുണ്ടായിരിക്കണം; വാക്കുമനഃകർമ്മങ്ങളിൽ നിർമ്മലനായിരിക്കണം അവൻ (Purity in thought, speech, and act, is absolwtely necessary for any one to be religious.– cfr. id. pa. 34). ഭഗീരഥപ്രയത്നം ചെയ്യേണ്ടിവരും ജ്ഞാനസമ്പാദനത്തിനു്. ഒരുപക്ഷെ, ദീർഘകാലവും ആവശ്യകമായി വന്നേക്കാം. പോരാ, സ്ഥിരബുദ്ധിയോടുകൂടി പരിശ്രമിക്കണം അവൻ; കൂടാതെ വിശ്വാസം, വിനയം, അനുസരണം എന്നിത്യാദി ഗുണങ്ങളാലും ഗുരുവിനോടുള്ള സ്നേഹബഹുമാനാദരങ്ങളാലും അലംകൃതനായിരിക്കണം അവൻ. അങ്ങനെ അവിശ്രമപരിശ്രമം ചെയ്യുന്നവൻ ഒടുവിൽ വിജയശ്രീലാളിതനാകും. ധനാർജ്ജനത്തിനുവേണ്ടി ഗുരുവൊ, തത്കാലശ്രേയസ്സിനുവേണ്ടി ശിക്ഷ്യനൊ, ഭക്തിപ്രദാനംചെയ്യുകയൊ, സ്വീകരിക്കുകയൊ അരുതു്. അങ്ങനെ നീചോദ്ദേശ്യത്തോടുകൂടി അവർ ചെയ്യുൽ മതം ആദായത്തിനുള്ള ഒരു 'വ്യാപാരം' ആകും (Religion with such people becomes business,

they think they can obtain it with their dollars.– cfr. id. pa. 41). അതിനാൽ സദുദ്ദേശ്യത്തോടുകൂടി ഭക്തി കൈകാര്യം ചെയ്യണം അവർ.

ബാഹ്യവും ആന്തരികവുമായ നിയന്ത്രണം

ആഹാരവിഭവങ്ങളുടെ തരത്തിലും അളവിലും രുക്തത്തിലും നിയന്ത്രണമുണ്ടായിരിക്കണം. മിതഭോജനം കൂടാതെ ഭക്തി സാദ്ധ്യമല്ല. അപ്രകാരംതന്നെ, ബാഹ്യേന്ദ്രിയങ്ങളെയും അന്തരേന്ദ്രിയങ്ങളെയും നിയന്ത്രിച്ച് ബുദ്ധിക്കധീനമാക്കണം. ഇങ്ങനെ ആത്മശരീരങ്ങളെ നിയന്ത്രണാധീനമാക്കി യഥാസ്ഥാനത്തു നിർത്തണം. മനക്കരുത്തും ദേഹബലവും കൂടാതെ യോഗി ആകാൻ ആർക്കും വയ്യ (id. pp. 63–71).

മന്ത്രോച്ചാരണം

ചില മന്ത്രങ്ങളുടെ ഉച്ചാരണം ഭക്ത്യഭ്യാസത്തിൽ ആവശ്യകമാണ്. സ്ഫോടം, ഓം (ഓങ്കാരം, പ്രണവം), സാവിത്രി ആദിയായ ചില ശബ്ദചിഹ്നങ്ങളാണ് (Sound or word symbols) ആ മന്ത്രങ്ങൾ. സ്വതവെ അവ്യക്തമാണെങ്കിലും അവ വേറൊന്നിനെ സൂചിപ്പിക്കുന്നു. ഒരു ശബ്ദശ്രവണമാത്രയിൽ ബുദ്ധിയിൽ സംജാതമാകുന്ന 'രൂപം' (Idea or Image) ആണ് 'സ്ഫോടം' (Sphota– The idea which bursts out or flashes on the mind when a sound is uttered, the impression produced on the mind at hearings a sound. The root is സ്ഫുട് = to break forth, to become evident, etc). സ്ഫോടം രണ്ടുതരം. വ്യക്തവും അവ്യക്തവും. വ്യക്തസ്ഫോടം 'നാദബ്രഹ്മവും' (The sound Brahman or Manifested Brahman or the Logos– the Word), അവ്യക്തസ്ഫോടം 'പരബ്രഹ്മവും' (The

Supreme or the Unmanifested Brahman) ആണ്.

'ഓം—ഓങ്കാരം' ആണ് ക്രൂടതൽ അത്ഥവത്തായ 'ശബ്ദചിഹ്നം'. എന്തെന്നാൽ 'ഓം' (Om the combination of the letters A, U, M) എല്ലാ ശബ്ദങ്ങളുടെയും പൊതുചിഹ്നമാണ്. ശബ്ദശാസ്ത്ര വിധികളെ (Phonological rules) ഇക്കാര്യത്തിൽ നാം വിലമതിക്കണം. സ്വാമി വിവേകാനന്ദന്റെ വിശദീകരണം പ്രകൃതത്തിൽ വിജ്ഞാനപ്രദമാണ്. ആംഗ്ലേയഭാഷയിൽ അതു അതെപടിതന്നെ ഇവിടെ ചേർക്കുന്നു. "The letter 'അ' (A) is the least differentiated of all sounds; therefore Krishna says in the Gita (അക്ഷരാണാം അകാരോ ഽസ്മി)– "I am A among the letters". Again, all articulate sounds are produced in the space within the mouth, beginning with the root of the tongue and ending in the lips– the throat sound is A; and M is the last lip sound; and the U exactly represents the rolling forward of the impulse which begins at the root of the tongue till it ends in the lips (id. pa. 51). പ്രസ്തുത ചിഹ്നത്തിലെ (ഓം = അ + ഉ + മം – A+U+M) 'അ' വിഷ്ണുവിനെയും 'ഉ' ശിവനെയും 'മം' ബ്രഹ്മാവിനെയും സൂചിപ്പിക്കുന്നു. ബ്രഹ്മവിഷ്ണുശിവന്മാർ അഥവാ സൃഷ്ടിസ്ഥിതി സംഹാരമൂർത്തികൾ ബ്രഹ്മത്തിന്റെ മൂന്നു അവസ്ഥാഭേദങ്ങൾ മാത്രമാണ് (Three different aspects). അവ്യക്തചിഹ്നമായ 'ഓം' അവ്യക്തബ്രഹ്മത്തെ (undifferentiated or unmanifested Brahman) സൂചിപ്പിക്കുന്നു. 'പ്രണവം' എന്നൊരുകൂടി ടി. ചിഹ്നത്തിനു പേർ പറയും. 'പ്ര' = മുമ്പ് + നു = സ്തുതിക്കുക – പൊല്ലുക = മുമ്പ് പൊല്ല

ന്നതു് എന്നർത്ഥം. വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നതിനു മുമ്പു് 'ഓം' ചൊല്ലണം എന്നു ചുരുക്കം. ഇങ്ങനെ മന്ത്രിച്ചു കൊണ്ടു് ദൃശ്യപ്രതിമകൾവഴി അദൃശ്യബ്രഹ്മത്തിങ്കലേയ്ക്കു നമ്മുടെ ശ്രദ്ധ തിരിയണം (id. pa. 50–51). പ്രാരംഭഭക്തിക്കുള്ള (ഗൗണിഭക്തിക്കുള്ള) മാർഗ്ഗങ്ങളാണു് മുകളിൽ പ്രസ്താവിച്ചവയെല്ലാം.

പരാഭക്തിക്കു് ആവശ്യകമായവ

ഗൗണി ഭക്തിക്കുള്ള (Preparatory devotion) മാർഗ്ഗങ്ങൾ കൂടാതെ പരാഭക്തിക്കു് (Supreme devotion) വേറെ ചിലതെല്ലാം അഭ്യസിക്കാൻ ആവശ്യകമാണു്. പരിത്യാഗമാണു് (Renunciation) പ്രഥമ മാർഗ്ഗം. പ്രപഞ്ചവും പ്രാപഞ്ചികവസ്തുക്കളും സന്തോഷങ്ങളും ജഡികാഭിലാഷങ്ങളും ക്ഷണഭംഗുരങ്ങളും നിസ്സാരങ്ങളുമായി കരുതി അവയിൽനിന്നു് ബുദ്ധിയെയും പിൻവലിച്ചു് അവയെയെല്ലാം ത്യാജ്യകോടിയിൽ തള്ളുന്നതാണു് 'പരിത്യാഗം.' ഈ പരിത്യാഗം വഴി ആദ്ധ്യാത്മിക ജീവിതമണ്ഡലത്തിൽ (In the plane of spirituality) യോഗി പ്രവേശിക്കുകയും ഒരു പ്രത്യേകാനന്ദാനുഭൂതി അപ്പോൾ അനുഭവിക്കുകയും ചെയ്യുന്നു. ദൈവസ്നേഹത്തിൽ നിന്നാണു് ഈ ആനന്ദം ഉളവാകുന്നതു്. സ്നേഹമെന്ന വെളിച്ചത്തിന്റെ ഉദയത്തിനു മുമ്പു് വെളിച്ചംപേലെയിരുന്നവയെല്ലാം ഇപ്പോൾ മങ്ങി അപ്രത്യക്ഷപ്പെടുന്നു. ചന്ദ്രോദയത്തിൽ നക്ഷത്രങ്ങളും സൂര്യോദയത്തിൽ ചന്ദ്രൻ തന്നെയും അപ്രത്യക്ഷപ്പെടുന്നതുപേലെതന്നെ. സ്വയം നിയന്ത്രിക്കുന്നതിനു് ആത്മസംയമനം ചെയ്യുവാനൊ, ബലാത്ക്കാരം ചെയ്യുവാനൊ ഭക്തനു് ഇനി ആവശ്യകമില്ല. വളരെ സ്വതന്ത്രനായി അവൻ ഇപ്പോൾ. ദൈവസ്നേഹത്തിന്റെ ശക്തിയാൽ എല്ലാം വളരെ ലഘുവായി, സ്വാഭാവികമായി അവനു് അനുഭവപ്പെടുന്നു (id. pa. 78–79).

സ്നേഹം

സ്നേഹമാണ്, അത്രമാത്രമാണ് ഭക്തന്റെ ചിന്താവിഷയം; അവന്റെ ആനന്ദം; അവന്റെ സർവ്വസ്വവും. പരിത്യാഗത്തിന്റെ സമയം കഴിഞ്ഞു. ആനന്ദംമാത്രം ഇനി അവശേഷിക്കുന്നു. ദൈവത്തെ സ്നേഹിക്കുക, ദൈവത്തിൽമാത്രം ആനന്ദിക്കുക, ഇതു മാത്രമാണ് അവന്റെ കൃത്യം. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ ദൈവം–സ്നേഹം–തന്നിലേക്ക് ഭക്തനെ ആകർഷിക്കുന്നു. സ്നേഹശൃംഖലയാൽ പരസ്പരം ബന്ധിക്കപ്പെട്ടുന്നു. ഇങ്ങനെ ഭക്തൻ ദൈവവുമായി യോഗം പ്രാപിക്കുന്നു.

അനന്തരഫലങ്ങൾ

ഇത്തരം ഭക്തനു് എല്ലാറ്റിലും 'വിരാഗം' (Distaste or dissatisfaction) നേരിടുന്നു. അനന്തരം 'തദീയത" (അവന്റെതു് = Hisness) എന്നാവസ്ഥ ഭക്തനു് ലഭിക്കുന്നു. ദൈവത്തിന്റേതായി അവൻ ഭവിക്കുന്നു. ഇനി ഞാനല്ല, ദൈവമാണ് ജീവിക്കുന്നതു് എന്നു തോന്നത്തക്കവണ്ണം അത്രയ്ക്കും അവൻ സ്വയം വിസ്മരിച്ചു പോകുന്നു. മാത്രമല്ല, എല്ലാ ചരാചരങ്ങളെയും, സുഖാസുഖങ്ങളെയും, ജയാപജയങ്ങളെയും അപ്പോൾ അവൻ സമവീക്ഷണം ചെയ്യുന്നു. എല്ലാം വൈത്തിൽനിന്നു വരുന്നതായി മാത്രം കരുതി എല്ലാത്തിനും സ്വാഗതം അരുളുന്നു (If pain comes, "Welcome pain",if misery comes, Welcome serpent",...etc. cfr id. pa. 95–96).'അപ്രാതിക്കുല്യം' (Self–resignation or surrender) എന്നുപറയും ഇത്തരം അവസ്ഥക്കു്. ('Apratikulya'is a state of the mind in which it has no interest, and naturally knows nothing that is opposed to it. In this state of sublime resignation everything in the shape of attachment goes away

completely, except that one all-absorbing love to Him in whom all things live and move and have their being– cfr id. pa. 99).

സ്നേഹത്തിന്റെ ത്രികോണം

ഒരു ത്രികോണിനു് (Triangle) സമമണു് പ്രസ്തുത സ്നേഹം. പ്രേശൽക്കൂടാതെ—ലാഭം ഇച്ഛിക്കാതെ (No bargaining) സ്നേഹത്തെപ്രതി സ്നേഹിക്കുക എന്നതാണു് ഒന്നാമത്തെ കോണു് (Angle). എന്തെന്നാൽ സ്നേഹയോഗ്യമാണു് അതു്. രണ്ടാമത്തെതു് 'അഭയമാണു്" (No fear). സ്നേഹം ഭയത്തെ അറിയുന്നില്ല. ഭയം നിമിത്തമല്ല സ്നേഹിക്കുന്നതു്. ഭക്തന്റെ സ്നേഹത്തെ ഹഠാദാകർഷിക്കുന്ന അന്യവസ്തു ഇല്ല(No rival) എന്നതാണു് മൂന്നാമത്തെ കോണു്. ഇതാണു് സ്നേഹത്തിന്റെ 'ത്രികോണു" (Triangle of love) (id. pp. 103–109). ഇങ്ങനെ, 'ശാന്ത'സ്നേഹ (Peaceful love) ത്തിൽ നിന്നു് 'ദാസ്യ'സ്നേഹത്തിലും (Servantship), ദാസ്യ സ്നേഹത്തിൽനിന്നു് 'സഖ്യ'സ്നേഹത്തിലും (Friendship) സഖ്യസ്നേഹത്തിൽനിന്നു് 'വാത്സല്യ'സ്നേഹത്തിലും(To love God not as our Father but as our child) ഒടുവിൽ 'മധുര'സ്നേഹത്തിലും (Sweet love) ചെന്നെത്തുന്നു. അങ്ങനെ അവൻ സ്നേഹഭ്രാന്തനായിതീരുന്നു (id. pa. 125). അപ്പോൾ സ്നേഹവും സ്നേഹിയും സ്നേഹിതനും ഏകീഭവിക്കുകയും ചെയ്യും. ഭക്തിയോഗിയുടെ പരമവും അവസാനവുമായ ലക്ഷ്യം ഇതാണു്.

രാജയോഗം

'വിശേഷണ' (Adjective) മായ 'രാജ' ശബ്ദം 'വിശേഷ്യ'(Substantive) മായ 'രജസു്" എന്ന ശബ്ദത്തിൽ നിന്നു് നിഷ്പന്നം ചെയ്യപ്പെട്ടുന്നു. (രജസു് =ശക്തി=energy; ചൈതന്യം = activity; ശോഭ = lustre എന്നെല്ലാം അർത്ഥമുണ്ടു്). രാജയോഗി കർമ്മോദ്യു

ക്രമായിയിക്കണമെന്നു(Energetic)പ്രസ്തുത ശബ്ദാർത്ഥം വ്യക്തമാക്കുന്നുണ്ട്. കോപപ്രകൃതി, ക്ഷോഭപ്രകൃതി, പിത്തപ്രകൃതി(Choleric,Irascible,Bilious, temperament) ബാധിച്ചിരിക്കുന്നവരെ, ശരിയായ നിയന്ത്രണം മൂലം, ശാന്തശീലരും, ഗുണവാന്മാരുമാക്കി മൈവൈക്യപ്രാപ്തിക്ക് അർഹരാക്കുന്ന ഒരു മാർഗ്ഗമാണ് രാജയോഗം. കോപപ്രകൃതി എന്താണെന്ന് അതിന്റെ വാച്യാർത്ഥത്തിൽനിന്നുതന്നെ ഏറക്കുറെ സുവിദിതമാണല്ലൊ. ഇനി, അതിന്റെ ഗുണദോഷവശങ്ങളിൽനിന്ന് നമുക്കതു് കൂടുതൽ ഗ്രാഹ്യമാകും.

ഗുണവശങ്ങൾ:— കർമ്മോദ്യുക്തരും ദൃഢമനസ്കരും സുനിശ്ചിതരും, മഹാമനസ്കരും, മഹാശയരും, ഏകാഗ്രചിത്തരും, ധാരണാശക്തിയുള്ളവരും, ഉന്മേഷഭരിതരും, സഹനശീലരും ആയിരിക്കും മിക്കവാറും കോപപ്രകൃതിയുള്ളവർ (The Choleric are generally enthusiastic, resolute or strong–willed, noble or high–minded, steady or selfcentered, diligent and enduring).

ദോഷവശങ്ങൾ:— കോപം, അഹങ്കാരം, അതിമോഹം, സ്വാശ്രയം, നിർബന്ധബുദ്ധി, പരനിന്ദനം, അനുകമ്പയില്ലായ്മ എന്നിത്യാദി അവരുടെ ദോഷവശങ്ങളാണ് (Anger, pride, over–ambition, self–confidence, tenacity of opinion, contempt of others and lack of sympathy are the bad characteristics of the choleric).

യോഗോദ്ദേശ്യം:— പ്രസ്തുത ദോഷവശങ്ങളെ ഉന്മൂലനം ചെയ്യുക, അല്ലെങ്കിൽ കുറഞ്ഞപക്ഷം ശരിയായി നിയന്ത്രിച്ചു് ഗുണവശങ്ങളെ വളർത്തി പാലിച്ചു പരിപോഷിപ്പിച്ചുകൊണ്ട് കോപപ്രകൃതിയുള്ളവരെ യഥാർത്ഥ യോഗികളാക്കുകയാണ് രാജയോഗോദ്ദേശ്യം. കുടുംബത്തിലും,

സമുദായത്തിലും, രാഷ്ട്രത്തിലും, ലോകത്തിലും മഹൽ ക്കാര്യങ്ങൾചെയ്യു പേരും പെരുമയും സമാജ്ജിക്കാൻ കഴിയുന്നവർ രാജയോഗികളാണു. സ്വർഗ്ഗത്തിലെ മഹാന്മാരും അവർതന്നെ. കണ്ടാലും! എത്രവലിയ നന്മചെയ്യാൻ കഴിയും നിയന്ത്രണാധീനമായ കോപപ്രകൃതിക്കു. പ്രകാരാന്തരേണ, അനിയന്ത്രിതമായ കോപപ്രകൃതി മഹാതിന്മകൾ വരുത്തിക്കൂട്ടുകയും ചെയ്യും.

യോഗലക്ഷ്യം:- ഒരാൾ പ്രസംഗിക്കുന്ന സത്യം ശ്രോതാക്കൾ ശ്രവിച്ചു വിശ്വസിക്കുന്നതുകൊണ്ടുമാത്രം അവർ തൃപ്തിയടഞ്ഞാൽ പോരാ; അവർ അതു ദർശിക്കണം. മനുഷ്യന്റെ സ്വാഭാവികവാഞ്ഛയാണ അതു. മതസ്ഥാപകരെല്ലാവരും അവർ കണ്ടനുഭവിച്ചതാണ പ്രസംഗിച്ചതു (But if you go to the fountain-head of Christianity you will find that it is based upon experience. Christ said he saw God; the disciples said they felt God; and so forth. Similarly in Buddhism; it is Buddha's experience. He experienced certain truths, saw them .. and preached them to the world. So with the Hindus: in their books the writers who are called 'Rishis' (ഋഷി = seer), declare they experienced certain truths, and these they preach.- R. Yoga by S. Vevekananda, 6th ed. pa. 3). അതുപോലെ ഇപ്പോൾ വിശ്വസിക്കുന്ന സത്യമെല്ലാം ഇഹത്തിൽവച്ചുതന്നെ എല്ലാവരും ദർശിക്കണം. സ്വാത്മാവിനെയും പരമാത്മാവിനെയും ഭവിഷ്യൽക്കാര്യങ്ങളെയും തങ്ങളുടെ ഐഹികജീവിതത്തിൽ ഇന്നല്ലെങ്കിൽ നാളെ എല്ലാവരും കണ്ടനുഭവിക്കണം. ഒരിക്കൽ ചിലക്കെങ്കിലും (മതസ്ഥാപകക്കെങ്കിലും) സാദ്ധ്യമായതു് എപ്പഴും സാദ്ധ്യമാകാം; എല്ലാവക്കും സാദ്ധ്യമാകാം (Uniformity

is the rigorous law of nature; what once happened can happen always.– R. Y. pa. 4). ഓരോ പ്രകൃതിയുടെയും അല്ലെങ്കിൽ വസ്തുവിന്റെയും യാഥാർത്ഥ്യം അഥവ പാരമാർത്ഥികസത്ത (True reality) എന്താണെന്നു് ഓരോ മനുഷ്യവ്യക്തിക്കും പ്രത്യക്ഷമാക്കുക എന്നതാണു് ഈ യോഗലക്ഷ്യം (The goal of all its teaching is how to concentrate the mind, then how to discover the innermost recess of our own minds, then how to generalise their contents and form our own conclusions from them. It therefore never asks the question what our religion is, whether we are Deists, or Atheists; whether Christians, Jews or Buddhists... every human being has the right to ask the reason why and how to have his question answered by himself..... Believe nothing until you find it out for yourself; that is what it teaches us.– R. Y. pp. 11–12). ചുരുക്കത്തിൽ, രാജയോഗമാർഗ്ഗേണ നാം വിശ്വസിക്കുന്ന എല്ലാ സത്യങ്ങളും അഭിമുഖമായി ദർശിച്ചു ഗ്രഹിക്കാൻ സാദ്ധ്യമാകണം (To have direct perecption or intuitive knowledge).

യോഗമാർഗ്ഗങ്ങൾ:– പ്രസ്തുത ലക്ഷ്യപ്രാപ്തിക്കു് പര്യാപ്തമായ ഏകമാർഗ്ഗം 'പ്രാണ'നിയന്ത്രണമാണു് (Controlling of prana or energy). പ്രാകൃതിക പ്രാണൻ (Physical prana), മാനസിക പ്രാണൻ (Psychic or mental prana) എന്നിങ്ങനെ രണ്ടുതരമുണ്ടു്. പ്രാകൃതികപ്രാണന്റെ ഒരു ചെറിയ അംശം മാത്രമാണു് കായിക പ്രാണൻ (Bodily energy). ഈ രണ്ടുതരം പ്രാണനെയും ഒരാൾ നിയന്ത്രണാധീനമാക്കുന്നതോടെ പ്രകൃതിയി

ലെ സാർവ്വത്രികവും കായികവും മാനസികവുമായ പ്രാണൻ മുഴുവനും (The universal energy, both physical or bodily, and phychic or mental) അവനു വിധേയമാകും. അപ്പോൾ യാതൊരു കാര്യത്തിലും പ്രകൃതിയൊ പ്രകൃതിനിയമങ്ങളൊ അവനു ബാധകമായി നില്ക്കുകയുമില്ല. പ്രത്യുത, അവയെല്ലാം അവന്റെ ആജ്ഞാനുവർത്തികളായിരിക്കും (..... The external world is but the gross form of the internal, or subtle. In the same way external forces are simply the grosser parts, of which the internal forces are the finer. The man who has discovered and learned how to manipulate the internal forces will get the whole of nature under his control. He wants to arrive at the point where... 'nature's laws' will have no influence over him..... He will be master of the whole of nature, internal and external.– R. Y. pa. 13).

പ്രാണനിയന്ത്രണം:– കായികപ്രാണനിയന്ത്രണം 'ഹഠ'യോഗത്തിലും (ഇതെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ; ഇനിവരുന്ന പംക്തികളിൽ വിശദമായി പ്രതിപാദിക്കുന്നതുമാണു), മാനസികപ്രാണനിയന്ത്രണം രാജയോഗത്തിലും സാർവ്വത്രികമായി വ്യവഹരിക്കപ്പെട്ടുന്നു. യോഗസിദ്ധാന്തകർത്താവായ പതഞ്ജലി മാനസികപ്രാണനിയന്ത്രണത്തെ ഇങ്ങനെ നിർവ്വചിക്കുന്നു: "യോഗശ്ചിത്തവൃത്തിനിരോധഃ" (Yoga is the restraint of mental modification.– ch. 1. 9). ഇവിടെ "ചിത്തവൃത്തി"കൾ എന്താണെന്നു് നാം ഗ്രഹിക്കണം. ഗ്രീക്കുതത്ത്വജ്ഞനായ അരിസ്റ്റോട്ടലിന്റെ 'മനുഷ്യജീവതത്ത്വശാസ്ത്രത്തിൽ (Rational psychology) നല്കുന്ന അർത്ഥത്തിലല്ല 'ചിത്ത'ശബ്ദം യോഗസിദ്ധാന്തത്തിൽ

പ്രയോഗിക്കപ്പെട്ടുന്നതു്. രണ്ടും തമ്മിൽ വലുതായ അന്തരമുണ്ടു്. അരിസ്റ്റോട്ടലിന്റെ തത്ത്വശാസ്ത്രത്തിൽ 'ചിത്ത'ശബ്ദംകൊണ്ടു് വിവക്ഷിക്കപ്പെട്ടുന്നതു് ചിന്താശക്തിയും (Intellect), ഇച്ഛാശക്തിയും (Will) ആണു്. ഈ ശക്തിദ്വയം പദാർത്ഥരഹിതമാണു് (Immaterial or spiritual ഉദാ. ചിത്തഭ്രമം, ദൈവചിത്തം). യോഗസിദ്ധാന്തത്തിലാവട്ടെ, ഇന്ദ്രിയങ്ങളും (organs) ഇന്ദ്രിയശക്തികളും (sensitive faculties) അവയുടെ വ്യവഹാരവിഷയങ്ങളും (objects of their actions) മറ്റും ഉൾക്കൊള്ളുന്ന ഒരു 'ഭണ്ഡാഗാരം' (Store-house or Mind-stuff) ആണു് 'ചിത്ത'ശബ്ദം അർത്ഥമാക്കുന്നതു്. അതിനാൽ, പദാർത്ഥപരമായ ഒരു വസ്തുവാണതു് (something material) എന്നു സിദ്ധം. അതിൽ നടക്കുന്ന പ്രവൃത്തികൾക്കാണു് 'വൃത്തി'കൾ എന്നു പറയുന്നതു്. ഈ ശബ്ദത്തിന്റെ വാച്യാർത്ഥം 'ചുഴി'എന്നാണു് (Literally "whirl-pool"). പ്രയോഗത്തിൽ 'വികാര'മെന്നാണു് അർത്ഥവിവക്ഷ (The waves of thought in the Chitta are called vrittis. It (Chitta) is the mind-stuff, and vrittis are the waves and ripples rising in it when external causes impinge on it. If the water is muddy or is agitated all the time, the bottom (of a lake) will not be seen. If it is clear, and there are no waves, we shall see the bottom. The bottom of the lake, is our own true self; the lake is Chitta; and the waves the Vrittis– 'ജീവാത്മാവു്' ഒരു തടാകത്തിന്റെ അധോഭാഗത്തിനും, 'ചിത്തം' തടാകത്തിനും, 'വൃത്തി'കൾ തരംഗങ്ങൾക്കും സദൃശമാണെന്നു് പ്രസ്തുതതാരതമ്യംകൊണ്ടു് സ്വാമി വിവേകാനന്ദൻ ഇവിടെ പ്രത്യക്ഷമാക്കുന്നു– R. Y. pp. 124–126). മനുഷ്യരിൽ മാത്രമല്ല, ഇതര ജീവജന്തുക്കളിലും 'ചിത്തം'ഉണ്ടു്. പ

ക്കെ, ജന്തുക്കളിലെ ചിത്തം മാനുഷികബുദ്ധിശക്തിയുടെ (Intellect) നില (Grade) പ്രാപിച്ചിട്ടില്ലെന്നുമാത്രം. ഒരിക്കൽ അവയും അതു പ്രാപിക്കും. അപ്പോൾ യഥാർത്ഥ മുക്തി അവയ്ക്കും ലഭിക്കുന്നതാണു് (Although the Chitta is in every animal, from the lowest to the highest, it is only in human form that we find it as the intellect. Immediate salvation is impossible for the cow or the dog, although they have the mind (Manas = മനസ്സു്), because their Chitta cannot as yet take that form which we call intellect (R. Y. pa. 128). ഇവിടെ 'പരിണാമവാദ'ത്തെ (Evolution theory) വിവേകാനന്ദസ്വാമികൾ ആദരിക്കുന്നുവെന്നു സ്പഷ്ടമാണല്ലൊ. വീണ്ടും തമസ്സു്, രജസ്സു്, സത്ത്വം എന്നീ ഗുണത്രയങ്ങൾ ചിത്തത്തിലെ— മനസ്സിലെ—അവസ്ഥാഭേദങ്ങളെ ഉളവാക്കുന്നു. യോഗസിദ്ധിക്കു് ബാധകങ്ങളായ മിഥ്യാജ്ഞാനം, വികല്പം (സംശയം), അലസത, നിന്ദ്യ ആദിയായ ദോഷങ്ങൾ തമോഗുണത്തിൽനിന്നും, മിതവും അമിതവുമായ പ്രവർത്തനശക്തിയും അതിന്റെ അനന്തരഫലങ്ങളും രജോഗുണത്തിൽനിന്നും, രണ്ടിന്റെയും സമ്യം (Equilibrium) സത്ത്വഗുണത്തിൽനിന്നും ഉദ്ഭവമാകുന്നു. സത്ത്വഗുണമാർഗ്ഗേണയോഗിപരിധിലംഘിക്കാതെ കൃതകൃത്യനായി ലക്ഷ്യപ്രാപ്തിയിൽ പുരോഗമിക്കുന്നു (Again, the mind is in three states, one of which is darkness, called Tamas, found in brutes and idiots. Then there is the active state of mind, Rajas, whose chief motives are power and enjoyment. Then there is the state called Sattva-serenity or calmness (Equilibrium of the two). The calm man is the one who has

control over the mind waves.–R. Y. pa. 126). അതിനാൽ, "ചിത്തവൃത്തിനിരോധം" എന്ന നിർവ്വചനം സാക്ഷാൽക്കരിക്കപ്പെടുന്നുവെന്നു് സുവിദിതമാണല്ലൊ.

അഷ്ടയോഗാംഗങ്ങൾ:– പ്രസൃത നിരോധം സാധിതപ്രായമാകണമെങ്കിൽ 'ഓം' ആദിയായ ശബ്ദചിഹ്നങ്ങൾ (Symbols) ഉരുവിടുന്നതിനും പുറമെ, അഷ്ടയോഗാംഗങ്ങൾ– അഷ്ടയോഗാഭ്യാസങ്ങൾ– ശരിയായും ക്രമമായും ചെയ്യണം. ഇതെല്ലാം സംഗ്രഹിച്ചു് പതഞ്ജലി തന്റെ യോഗഗ്രന്ഥത്തിൽ പറയുന്നതു് ഇപ്രകാരമാണു്: "യമ നിയമാസന പ്രാണയാമ പ്രത്യാഹാരധാരണാ ധ്യാൻസമാധയോ ഽഷ്ടാംഗാനി" (യമം, നിയമം, ആസനം, പ്രാണയാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടഭ്യാസങ്ങൾ– ch. 2. 29).

യമം = (നിയന്ത്രണം–Restraint)–നിഷേധാത്മകമായ നിയമങ്ങളുടെ (Negative principles) അനുസരണത്തിൽ സ്ഥിതിചെയ്യുന്നു യമം.

ഉദാ: കൊല്ലരുതു്, കക്കരുതു് എന്നിത്യാദി.

അഞ്ചു് ഉപവിഭാഗങ്ങൾ ഇതിനുണ്ടു്.– (തത്രാഹിംസാസത്യാസ്തേയ ബ്രഹ്മചര്യാപരിഗ്രഹായമാഃ– അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം, ch. 2. 30).

അഹിംസ=(Non-killing or Non-injuring)–അഹിംസ പരിപൂർണ്ണമായി അഭ്യസിച്ച യോഗിയുടെ മുമ്പിൽ വന്യമൃഗങ്ങൾപോലും ശാന്തമായി വർത്തിക്കും (If a man gets the ideal of non-injuring others, before him even animals which are by their nature ferocious will become peaceful (അഹിംസാപ്രതിഷ്ഠായാം തത്സന്നിധൗ വൈരത്യാഗഃ).

സത്യം.– സത്യഗുണമുള്ളവൻ തന്റെ വാക്ക് മനഃകമ്മങ്ങളിൽ സദാ സത്യവാനായിരിക്കും. നിദ്രയിൽപ്പോലും അവൻ സത്യമേ പറയൂ. ഒരാളോട്, "നി അനുഗ്രഹീതൻ" എന്നവൻ പറഞ്ഞാൽ ഉടൻ അങ്ങനെ സംഭവിക്കും. "നി സൗഖ്യമാകുക" എന്നു ഒരു രോഗിക്ക് ആശംസിച്ചാൽ തത്ക്ഷണം അവൻ രോഗശമനം പ്രാപിക്കും (സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം).

അസ്തേയം = (മോഷ്ടിക്കാതിരിക്കുക– Non stealing).– മോഷ്ടിക്കാതിരിക്കുന്നവന് സർവ്വധനവും ലഭിക്കും (അസ്തേയപ്രതിഷ്ഠായാം സർവ്വരത്നോപസ്ഥാനം).

ബ്രഹ്മചര്യം.– മഹാ മനക്കരുത്തും നരവംശത്തിന്മേൽ ആശ്ചര്യാവഹമായ സ്വാധീനശക്തിയും ബ്രഹ്മചാരികൾ പ്രാപിക്കുന്നു. ആദ്ധ്യാത്മികനായകന്മാരുമായിരിക്കും അവർ. അതിനാൽ യോഗിയും ബ്രഹ്മചര്യം അഭ്യസിക്കണം (ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭഃ).

അപരിഗ്രഹം (= അത്യാഗ്രഹം പരിവർജ്ജിക്കുക– Abstinence from avariciousness).–ഈ ഗുണമുള്ളവന് ഭൂതകാലസ്മൃതി ലഭിക്കുകയും, അവന്റെ ആദർശത്തിൽ സ്ഥിരപ്രതിഷ്ഠ കൈവരികയും ചെയ്യും (അപരിഗ്രഹസ്ഥൈര്യേ ജന്മകഥന്താസംബോധഃ – R. Y. pp. 224–26; nos. 35–39).

2. നിയമം (= അനുഷ്ഠാനം = Observance).–കൃത്യനിർവ്വഹണമാണ് (Observance of positive principles) 'നിയമം'കൊണ്ടു് ഇവിടെ ഉദ്ദേശിക്കുന്നതു്. കീഴെ ഉദ്ധരിക്കുന്ന പദ്യശകലത്തിൽ ഇതിന്റെ ഉപവിഭാഗങ്ങൾ ഉൾക്കൊള്ളുന്നു. – (ശൗചസന്തോഷതപഃ സ്വാദ്ധ്യായേശ്വരപ്രണിധാനാനിനിയമാഃ– ശൗചം, സന്തോഷം, തപഃ, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം എന്നീ പഞ്ചകൃത്യങ്ങൾ– id. ch. 2).

ശൗചം (= ശുചിത്വം Cleanliness or purification).– മാനസികവും ശാരീരികവുമായ ശുചിത്വം– ശുദ്ധി– (Purity of mind and body) കൂടാതെ യോഗപദം പ്രാപ്യമല്ല. പ്രസൂത ശക്തിദ്വയം ലബ്ധമായാൽ ശരീരത്തെക്കുറിച്ചുള്ള ചിന്തതന്നെ ഇല്ലാതാകും. ലോകം ശ്രേഷ്ഠമായി കരുതുന്ന ശരീരം കേവലം മൂഗ്ധ്യമായും, മൂഗ്ധ്യമായതു് കേവലം സപ്തീയമായും യോഗിക്കു് പ്രത്യക്ഷപ്പെട്ടും.

സന്തോഷം (= സംതുഷ്ടി–Contentmet).– ജീവിതസുഖസൗകര്യാദികളെ ആവശ്യകമായതിലധികം ആഗ്രഹിക്കാതിരിക്കുന്നതിലടങ്ങിയിരിക്കുന്ന സന്തോഷം. തന്മൂലം അതിയായ ആനന്ദം ഉളവാകുന്നു.

തപം (= തപസ്സ്– Mortification– purificatory action).– ശീതോഷ്ണം ആദിയായ വിപരീത ദ്വന്ദ്വങ്ങൾ സഹിക്കണമെന്നാണു് 'തപ'ശബ്ദംകൊണ്ടു് ഇവിടെ അർത്ഥമാക്കുന്നതു്. ഇത്തരം തപശ്ചര്യയാൽ ദീർഘദർശനം, വിദൂരവീക്ഷണം, ശ്രവണം എന്നീ ഗുണങ്ങൾ കൈവരുന്നു.

സ്വാദ്ധ്യായം (= അദ്ധ്യയനം Study).– പ്രകൃതിയെയും ആത്മത്തെയുംകുറിച്ചുള്ള ജ്ഞാനസമ്പാദനവും 'ഓം' മന്ത്രോച്ചാരണവും ആവശ്യകമാണു്.

ഈശ്വരപ്രണിധാനം (= സകല പ്രവൃത്തികളിലും ഈശ്വരനെപ്പറ്റിയുള്ള ചിന്ത– Making of God the motive of all action).– യോഗിയുടെ സകല പ്രവൃത്തികൾക്കും പ്രേരകമായി നില്ക്കേണ്ടതു് ഈശ്വരനെപ്പറ്റിയുള്ള ചിന്തയായിരിക്കണം. ഇങ്ങനെ എല്ലാ കർമ്മങ്ങളുടെയും പരമാന്തമായി ദൈവത്തെ പ്രതിഷ്ഠിച്ചു പ്രവർത്തിക്കുന്നവനു് 'സമാധി' (Concentration of mind) സംസിദ്ധമാകും (സമാധിസിദ്ധിരീശ്വരപ്രണിധാനാത്– id. no. 45).

3. ആസനം (= Posture).– സ്ഥിരവും സുഖകരവുമായിരിക്കണം ആസനം എന്നാണു പതഞ്ജലിയുടെ വിധി (സ്ഥിരസുഖമാസനം– 2. 46). ആസനം സുഖകരമാണെങ്കിൽ അതു നിശ്ചഞ്ചലവുമായിരിക്കും. തനിക്കു ഒരു സ്ഥൂലശരീരമുണ്ടെന്നോ (Gross body), അതിനു സുഖദുഃഖങ്ങൾ നേരിടുന്നുണ്ടെന്നോ ഒന്നുംതന്നെ അപ്പോൾ യോഗിക്കു അനുഭവപ്പെടുകയില്ല. അതുകൊണ്ടു കേന്ദ്രീകൃതമായിരിക്കും അവന്റെ ബോധം. സിദ്ധാസനം, പദ്മാസനം എന്നിങ്ങനെ രണ്ടുതരം പ്രധാന ആസനങ്ങളുണ്ടു്. സിദ്ധാസനം (= സിദ്ധ+ആസനം = An accomplished or perfect posture).– ബോധപരമ്പരകൂടാതെ ദീർഘനേരം ഫലപ്രദമായി ധ്യാനിക്കാൻ പറ്റിയവിധം കാലുകൾതമ്മിൽ പിണച്ചിരിക്കുക; ഇരുകണ്ണുകളുടെയിടയിലെ നെറ്റിയിൽ ദൃഷ്ടിപതിക്കുക (Fix the right upon the space between the eyebrows); അങ്ങനെ സിദ്ധാസനം അഭ്യസിക്കുന്നവൻ നിശ്ചഞ്ചലനായി 'ഓം' ധ്യാനിക്കണം.

പദ്മാസനം (= താമരകണക്കെ ഇരിക്കുക–Lotus posture).– ഇടതുപാദം വലതു തുടയിലും, വലതുപാദം ഇടതു തുടയിലും വയ്ക്കണം. അനന്തരം വലതുകൈകൊണ്ടു് വലതുകാലിന്റെ തള്ളവിരലിനെ (Toe) പിടിക്കണം. അപ്രകാരം ഇടതുകൈകൊണ്ടു് ഇടതുതള്ളവിരലിനെയും പിടിക്കണം. തൽസമയം പുറകിൽക്കൂടി ഇരുകൈകളും തമ്മിൽ കോർത്തുപിടിച്ചിരിക്കുകയും വേണം. കൂടാതെ, മൂക്കിന്റെ അറ്റത്തു ദൃഷ്ടി പതിക്കണം. നെഞ്ചും കഴുത്തും തലയും നേരെ ഒരു ലൈനിലെന്നപോലെ വരണം. ശരീരഭാരംമുഴുവനും അരകൊണ്ടു താങ്ങണം. ഈ അഭ്യാസംമൂലം ശ്വാസോച്ഛ്വാസം കുറഞ്ഞു കുറഞ്ഞു നിയന്ത്രണാധീനമാകും. പ്രസ്തുത രണ്ടുതരം ആസനവും ശരിയായി അഭ്യസിച്ചു് അതിന്റെ ഉച്ചകോടിയിലെത്തുന്ന യോഗിക്കു് ഭൂമിവിട്ടു് ആകാശത്തിലുയർന്നിരിക്കുവാനും

ഭക്ഷണപാനീയങ്ങൾ ക്രൂടാതെ ജീവിക്കാനും കഴിവുണ്ടാ കുമെന്നാണ് ശാസ്ത്രവിധി (Y. Ph. pp. 29–30; R. Y. pa. 22).

4. പ്രാണയാമം (= പ്രാണ + യാമ– The controlling of the vital forces of the body). ശ്വാസപ്രശ്വാസത്തിന്റെ (Of exhalation and inhalation) നിയന്ത്രണമാണ് പ്രാണയാമം എന്നു സാധാരണക്കാർ ധരിക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ ശരീരത്തിലെ സകല ജീവച്ചക്രങ്ങളുടെയും (Of the vital forces) നിയന്ത്രണമാണെന്നു ശാസ്ത്രം വിവക്ഷിക്കുന്നു. അതു് ശരീരോജസിനെ പാലിക്കുകയും ധാരണത്തെ (Concentration) സഹായിക്കുകയും ചെയ്യുന്നു. പ്രാണയാമത്തിനു പ്രാരംഭമായി ശരീരം മുഴുവനും പ്രഥമതഃ ധാതുക്കളെയും (Nerves), അനന്തരം ശ്വാസകോശങ്ങളെയും (Respiratory organs–Lungs) ശുചിയാക്കണം. എങ്ങനെയെന്നാൽ മൂക്കിന്റെ വലതുദ്വാരം തള്ളവിരൽകൊണ്ടടച്ചു് ഇടതു ദ്വാരത്തിൽക്കൂടി ശ്വസിക്കണം. ഉള്ളിലേക്കു് വായു വലിക്കണം (Breathe in). പിന്നീടു് ഇടതുദ്വാരം അടച്ചു് വലതിൽക്കൂടി ഉച്ഛ്വാസിക്കണം– ശ്വാസം പുറത്തേയ്ക്കു വിടണം (Breathe out). ഇങ്ങനെ ഉദ്ദേശം 15 അല്ലെങ്കിൽ 30 ദിവസത്തേക്കു് പ്രഭാതത്തിലും പ്രദോഷത്തിലും സായാഹ്നത്തിലും മദ്ധ്യരാത്രിയിലും ചെയ്യണം. അപ്പോൾ ധാതുക്കളിൽ ശുചീകരണമുണ്ടാകും. ഇത്തരം ശുചീകരണം ആവശ്യകമില്ലെന്നാണു് ചിലരുടെ അഭിമതം. എന്നാൽ ശ്രീശങ്കരാചാര്യസ്വാമികൾ എഴുതിയ ശ്വേതാശ്വതരഉപനിഷത്തിന്റെ വ്യാഖ്യാനഗ്രന്ഥത്തിൽ ഇതു സ്പഷ്ടമായിരിക്കുന്നതിനാൽ യോഗികൾ ഇതു അഭ്യസിക്കണമെന്നു് സ്വാമി വിവേകാനന്ദപ്രഭൃതികൾ ശക്തിമത്തായി ഉദ്ബോധിപ്പിക്കുന്നു. അനന്തരം പ്രാണയാമം ആരംഭിക്കണം (R. Y. pa. 24). അധമാംശത്തെയും ഉത്തമാംശത്തെയും– ശരീരത്തെയും

ബുദ്ധിയെയും (Body and mind) ചൈതന്യമുള്ളതാക്കുന്നതു് 'പ്രാണ'നാണു് (Energy). ഈ പ്രാണനെ പരിപൂർണ്ണമായി നിയന്ത്രണാധീനമാക്കിയാൽ മുകളിൽ പറഞ്ഞ രണ്ടംശങ്ങളും മനുഷ്യനു ദാസ്യപ്പെട്ടും (R. Y. pp. 32–33). ശ്വാസകോശത്തിന്റെ ചലനമാണു് (Motion of the lungs) പ്രാണന്റെ പ്രധാന പ്രത്യക്ഷീകരണം (Manifestation). ഒരു മഹായന്ത്രത്തിലെ പ്രഥമചലനംകൊടുക്കുന്ന ആ ചക്രതുല്യമാണു് (Flying wheel) പ്രാണൻ. അതിനാൽ ശ്വാസോച്ഛ്വാസമല്ല പ്രാണൻ. പ്രത്യുത, അതിന്റെ പ്രവർത്തനഫലമാണു് ശ്വാസോച്ഛ്വാസം. ശ്വാസകോശത്തിന്റെ ചലനനിയന്ത്രണമാണു് 'പ്രാണായാമം' (R. Y. pa. 45). മനുഷ്യനിൽ നടക്കുന്ന ശാരീരികവും മാനസികവുമായ എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത ശക്തിയുടെ വിവിധ പ്രകടനങ്ങൾ മാത്രമാണു്. ശരീരത്തിനു ആവശ്യകമായ ആഹാരസാധനങ്ങളെ എടുക്കുക, രൂപാന്തരപ്പെടുത്തുക, തദ്ഫലമായി ശരീരം വളരുക എന്നീ പ്രവൃത്തികളും ഇന്ദ്രിയങ്ങളുടെയും ബുദ്ധിയുടെയും മനസ്സിന്റെയും പ്രവൃത്തികളും (Vegetation, sensation, intellection and volition) പ്രസ്തുത പ്രാണന്റെ ചലനവ്യത്യാസങ്ങളാണു് (Vibrations of energy). പ്രാണൻ ഒരു മഹാസമുദ്രത്തിനു തുല്യമാണു്. അതിന്റെ പ്രകടനങ്ങൾ സമുദ്രത്തിലെ തരംഗങ്ങൾപോലെയുമാണു് (R. Y. pa.40). ആ വ്യത്യസ്തശക്തികൾ മനുഷ്യന്റെ നിയന്ത്രണത്തിനു പരിപൂർണ്ണമായി വിധേയമാകുമ്പോൾ അവനു് അവയുടെമേൽ കർതൃത്വം ലഭിക്കുന്നു. തദ്ഫലമായി, സേച്ഛാനുസരണം അവയെ പ്രയോഗിക്കാൻ അവനു സാധിക്കും. ശാരീരികവും മാനസികവുമായ സകലവിധ രോഗങ്ങളെയും അവനു് ശമിപ്പിക്കാം. വൈദ്യവിദഗ്ധന്മാർ ഔഷധംകൊണ്ടു് പ്രാണനെ നിയന്ത്രിക്കുന്നു. യോഗിയാകട്ടെ പ്രാണായാമംകൊണ്ടു് അതു നിവർത്തിക്കുന്നു എന്നു മാത്രം. വിവിധ മാർഗ്ഗത്തിലൂടെ ഒരെ ലക്ഷ്യംതന്നെ ഇരു

കക്ഷികളും പ്രാപിക്കുന്നു (R. Y. pp. 40–41). മഹാ യോഗികൾക്കു് സ്വപ്രാണൻ (Particular energy) മാത്രമല്ല, പ്രാൺമുഴുവനും (Whole or universal energy–both physical and mental) അധീനമാകുന്നു. അങ്ങനെ സർവ്വശക്തരും സർവ്വജ്ഞരുമായി ഭവിക്കും മഹായോഗികൾ (He who has controlled the 'Prana' has controlled his own mind, and all the minds that exist. He who has controlled the 'Prana' has controlled his body and all the bodies that exist, because the 'Prana' is the generalised manifestation of force ..... He becomes almost almighty, almost all knowing (id. pp. 39–40). അപ്പോൾ അത്തരം യോഗികളുടെ ഇച്ഛാനുസരണം പ്രകൃതി എന്തും പ്രവർത്തിക്കും. സാധാരണന്മാർക്കു കഴിയാത്തതു് അവർക്കു കഴിയും. അവരുടെ ആ അസാധാരണ പ്രവൃത്തികൾ അജ്ഞന്മാരായ സാമാന്യജനങ്ങളുടെ ദൃഷ്ടിയിൽ അദ്ഭുതങ്ങളായി ഭവിക്കുന്നു. പക്ഷെ, യോഗാഭ്യാസത്തിന്റെ അസാധരണ സ്വാഭാവിക ശക്തിപ്രകടനമാത്രമാണു് അവിടെ പ്രത്യക്ഷപ്പെടുന്നതു്. അല്ലാതെ, ദൈവത്തിനു സ്വകീയമായ (Singular) ശക്തിവിശേഷമല്ല അതു്. അതിനാൽ, അദ്ഭുതകൃത്യങ്ങളിൽ ദൈവത്തിന്റെ അന്തരാഗമനം (Intervention of God) കൂടിയെ കഴിയൂ എന്നു ഖണ്ഡിതമായി പറയാവുന്നതല്ലെന്നു സിദ്ധം (When the 'Yogi' becomes perfect there will be nothing in nature not under his control. All the forces of nature will obey him as slaves. When the ignorant see these powers of the 'Yogi' they call them miracles.– id. pa. 38).

സമയദൈർഘ്യം:– 'പ്രാണയാമം' പരിപൂർണ്ണമാകണമെങ്കിൽ ഒരുപക്ഷേ വളരെ കൊല്ലങ്ങൾതന്നെ വേണ്ടിവന്നേക്കും. എന്നാലും ഒരീക്കൽ അതു സാധിതപ്രായമാകുമെന്നാണ് 'രാജയോഗ'വിധി (pp. 51–52). ശക്തിയായും തീക്ഷ്ണമായും അതു അഭ്യസിച്ചാൽ അതിശീഘ്രം അതിന്റെ അത്യുച്ചിയിൽ ചെന്നെത്താം. കായികവും മാനസികവുമായ പ്രാണദ്വയത്തെ നിയന്ത്രണാധീനമാക്കുന്നതിനു കായികവും മാനസികവുമായ അഭ്യാസങ്ങൾ ആവശ്യകമാണ്. വിവിധാസനങ്ങളും മറ്റുമാണ് മുകളിൽ പറഞ്ഞ കായികാഭ്യാസങ്ങൾ. മാനസിക പ്രാണയാമം അഭ്യസിക്കേണ്ട വിധം ഇപ്രകാരമാണ്. മനുഷ്യശരീരത്തിലെ പൃഷ്ഠാസ്ഥി (= നട്ടെല്ല് – Spinal column – Backbone) യുടെ വലതുവശത്ത് 'പിംഗള'യും, ഇടതുവശത്ത് 'ഇഡ'യും എന്നീ രണ്ടു നാഡികൾ (Nerve currents) സ്ഥിതിചെയ്യുന്നുണ്ട്. പൃഷ്ഠാസ്ഥിയുടെ അടിമുതൽ മുടിവരെ ഒരു പാതയുണ്ട് (Canal or passage). 'സുഷുമ്ന' എന്നാണ് അതിനുള്ള ശാസ്ത്രീയസംജ്ഞ. സുഷുമ്നയുടെ മൂലാധാരത്തിൽ– അധോഭാഗത്ത് (At the lower end) 'കുണ്ഡലിനി' എന്നൊരു വിശേഷശക്തി ഒളിഞ്ഞുകിടപ്പുണ്ട്. 'കുണ്ഡലിനി'എന്നു പറഞ്ഞാൽ 'പാമ്പിൻചുരുൾ' അഥവാ ചുരുണ്ടുകൂടിക്കിടക്കുന്ന പാമ്പ് (Snake coild up) എന്നർത്ഥം. 'കുണ്ഡല'ശബ്ദത്തിനു കർണ്ണാഭരണമെന്നോ, അംഗുലാഭരണമെന്നോ(Ear–ring or finger–ring) അർത്ഥമാകാം. ഈ ആഭരണം വൃത്താകാരത്തോടുകൂടിയതുമാണ്. അതിനു സദൃശമായ പാമ്പിൻചുരുളിനു 'കുണ്ഡലിനി'എന്നു പേർ സിദ്ധിച്ചു. കുണ്ഡലിനി കണക്കെ മൂലാധാരത്തിൽ ഒളിഞ്ഞുകിടക്കുന്ന ആശക്തിവിശേഷത്തിനും കുണ്ഡലിനി (Coild up) എന്ന പേർ യോഗശാസ്ത്രം നല്കി. ശാസ്ത്രകർത്താക്കൾ, ഇഡ, പിംഗള എന്ന നാഡികൾ മസ്തിഷ്കവുമായി– തലച്ചോറുമായി– ബന്ധപ്പെട്ടിരിക്കുകയും അവയിലൂടെ ഇന്ദ്രിയവൃത്തികൾ

(Sensations– ദർശനം, സ്പർശനം ആദിയായവ) മസ്തിഷ്കത്തിൽ എത്തുകയും ചെയ്യുന്നു. ശ്വാസോച്ഛ്വാസവും കുണ്ഡലിനിയും ഇന്ദ്രിയപ്രവർത്തനങ്ങൾക്ക് സാഹായികവുമാണ്. ശരിയായ തലച്ചോറുകൂടാതെ ശരിയായ ഇന്ദ്രിയജ്ഞാനം (Sensitive knowledge) ലഭിക്കുന്നതുമല്ല. തലച്ചോറിന്റെ കേടാണല്ലൊ ചിത്തഭ്രമത്തിന്റെ കാരണം. പ്രസ്തുത നാഡികളും മറ്റും ശരിയായ പ്രവർത്തനപഥത്തിൽ സ്ഥിതിചെയ്യണമെങ്കിൽ പ്രാണയാമം ശരിയായും പരിപൂർണ്ണമായും അഭ്യസിക്കണം (R. Y. pp. 57–58). ഇത്തരം അഭ്യാസങ്ങൾക്കും പുറമെ, മാനസിക പ്രാണയാമത്തിൽ വേറെ ചിലതുകൂടി ചെയ്യാനുണ്ട്. മാനസിക പ്രാണയാമം.– മാനസികപ്രാണയാമംപോലും (Control of psychic prana) വേണ്ടവിധം നിയന്ത്രിതമാകണമെങ്കിൽ ശ്വാസോച്ഛ്വാസം ശരിയായും ക്രമമായും നടക്കണം. അതു പിഴച്ചാൽ എല്ലാം പിഴച്ചു. കടലിലെ വെള്ളത്തിന്റെ കൂടുതൽ കുറവുപോലെയും കാറ്റും മറ്റു മനസരിച്ചും വേലികയറ്റവുമിറക്കവുമുണ്ടാകുന്നു. കാറ്റു ശമിക്കുമ്പോൾ കടൽ ശാന്തമാകുന്നു. അതുപോലെതന്നെ, ശ്വാസോച്ഛ്വാസത്തിന്റെ പ്രകൃതമനുസരിച്ച് ശരീരവും മനസ്സും ക്രമമായും അക്രമമായും പ്രവർത്തിക്കും. അക്രമം സംഭവിക്കുമ്പോൾ സാമ്യം (Equilibrium) സമമല്ലാതെ വരുന്നു. തന്മൂലം ശരീരക്ഷോഭങ്ങൾക്കും പുറമെ മനക്ഷോഭങ്ങളും പീഡകളുമുണ്ടാകുന്നു. അതുകൊണ്ട് പ്രാണയാമവ്യവസ്ഥകളനുസരിച്ച് ത്രിവിധ മാർഗ്ഗങ്ങളിലൂടെ (ഇഡ, പിംഗള, സുഷുമ്ന) ശരിയായ ശ്വാസോച്ഛ്വാസം ചെയ്യാൻ യോഗി അഭ്യസിക്കണം. തദ്ഫലമായി യോഗിക്ക് ശരിയായ ഓജസ്സ് ലഭിക്കും. അപ്പോൾ മനസ്സുശരീരങ്ങളും അവയുടെ പ്രവർത്തനശക്തികളും ഭംഗിയായും ക്രമാനുസരണമായും പ്രവർത്തിച്ചുകൊള്ളും. തദവസരത്തിൽ, പാലായിരിക്കണം മുഖ്യഭക്ഷണം. ക്രമേണ, നിശ്ശുദ്ധാർത്ഥങ്ങളടങ്ങിയിരിക്കുന്ന 'ഓം' ആദിയായ ശബ്ദങ്ങൾ അടിക്കടി ഉരുവിടുന്നതു് ഉത്തമം.

പ്രത്യാഹാരം (പ്രതി = എതിരേ, പിന്നോക്കം; + ആഹാരം = വലിക്കുക, നിയന്ത്രിക്കുക– Drawing back–R. Y. pa. 233). പല പല വ്യാമോഹങ്ങളും ആകർഷണങ്ങളും ഇന്ദ്രിയങ്ങൾക്കു് ഉണ്ടാവാം. ആ ആകർഷണങ്ങൾ നിമിത്തം സ്വച്ഛന്ദം വിഹരിക്കാൻ മനുഷ്യനു കഴിവില്ലാതെ അവൻ അസ്വസ്ഥനായിതീർന്നു് ക്രമവിരുദ്ധമായി പ്രവർത്തിച്ചു് മുമ്പോട്ടു പോയെന്നുവരാം. അത്തരം അപഥസഞ്ചാരത്തിൽനിന്നു ഇന്ദ്രിയങ്ങളെ പിന്നോക്കം വലിച്ചു് ഓരോന്നിനെറ സ്ഥാനത്തു നിറുത്തുക. കാള, കുതിരവണ്ടികൾ അതിശീഘ്രമായൊ, വഴിതെറ്റിയൊ പോകുമ്പോൾ അവയെ പിന്നോക്കം പിടിച്ചുനിറുത്തുന്നതുപോലെതന്നെ. ഇതാണു് പ്രത്യാഹാരംകൊണ്ടു് സാധിക്കാനുള്ളതു്. അതിനാൽ ഈ അഭ്യാസം ക്രമേണയെ കഴിയൂ. എന്നാൽ ദീർഘനിദ്രാവസ്ഥയിലെപോലെ–പരാധീനാവസ്ഥയിലെപോലെ (ഹിപ്നൊട്ടിസ'ത്തിലെപോലെ) അല്ല ഇക്കാര്യത്തിൽ യോഗി പ്രവർത്തിക്കേണ്ടതു്. അന്യനാണു് അതിൽ നിയന്ത്രിക്കുന്നതു്. ഇതിലാവട്ടെ സ്വയം നിയന്ത്രിക്കണം. മനക്കരുത്തു് ധാരാളമുള്ളവനായിരിക്കണം. സമയമൈഷ്യംകൊണ്ടു് മടുത്തുപോകരുതു്. ചിലപ്പോൾ വർഷങ്ങൾതന്നെയും വേണ്ടിവരുമെന്നു് ഇത്തരുണത്തിൽ യോഗി അനുസ്മരിക്കണം (id. pp. 78–79).

ധാരണ (Concentration).– പ്രത്യാഹാരാഭ്യാസാനന്തരം ഏതെങ്കിലും ഒരു വിഷയത്തിലൊ ഒരു വസ്തുവിലൊ മാത്രം ശ്രദ്ധപതിക്കുക (ഉദാ. നാസികാഗ്രത്തിൽ നയനങ്ങളെ പതിച്ചുകൊണ്ടിരിക്കുക). ഇക്കാര്യത്തിൽ നിബ്ബന്ധബുദ്ധിയോടെ യോഗി വർത്തിച്ചുകൊണ്ടു് 'ഓം' ആദിയായ ശബ്ദങ്ങൾ ഉരുവിടണം. അഭ്യാസംവഴി ബോധപഥത്തിൽ അശേഷം ഇല്ലാതാകും. ഇതിൽ സ്ഥിതി ചെയ്യുന്നു 'ധാരണ' അഥവാ 'കേന്ദ്രീകരണം'.

ധ്യാനം (Meditation).– ധാരണാഭ്യാസത്തിന്റെ ഫലമായി സകലവിധ അന്യചിന്തകളും നിലക്കുകയും ബോധനിയന്ത്രണം കൈവരികയും ചെയ്യുശേഷം ധാരണ വിഷയത്തിന്മേൽ മാത്രം ചിന്തിക്കുന്നതാണ് ധ്യാനം.

സമാധി (Continued deep meditation).– അഗാധമായ ദീർഘചിന്താമാർഗ്ഗേണ ചിന്താവിഷയത്തിൽ ലയിക്കുക, അതോടൊക്കുടി ഒന്നായിത്തീരുക. ഇതിനാണ് ഇവിടെ 'സമാധി' എന്നു പേർ പറയുന്നതു്. മനുഷ്യ ബോധത്തിനു് മൂന്നുവിധ അവസ്ഥാഭേദങ്ങളുണ്ടു്. (1) ബോധരഹിതാവസ്ഥ (unconscious state). ഉദാ. ഗാഢനിദ്രചെയ്യുമ്പോളും മനുഷ്യനിൽ പല പ്രവൃത്തികളും നടക്കുന്നുണ്ടു് (കരപാദങ്ങളുടെ ചലനങ്ങൾ). പക്ഷെ അവൻ അതൊന്നും അറിയുന്നില്ല. (2) ബോധാവസ്ഥ (Conscious state); മനുഷ്യനിലും അവന്റെ ചുറ്റിലും നടക്കുന്ന സംഗതികളെ അറിയുന്ന അവസ്ഥ (self–conscious and conscious of other things). (3) ഉപരിബോധാവസ്ഥ (Super–conscious or transcendental state); ഇന്ദ്രിയപ്രവർത്തനവിഷയമായ ദൃശ്യവശത്തിനു് (External part of the object of perception) ഉപരിയായ അദൃശ്യ അല്ലെങ്കിൽ ആന്തരികവശത്തിൽമാത്രം, അഥവാ അതിന്റെ അർത്ഥത്തിൽമാത്രം (Internal part of the object of perception) ചിന്താനിമഗ്നനായിരിക്കുക; അതിൽ ലയിക്കുക; അതുമായി ഏകീഭവിക്കുക. ഇതെല്ലാം സംഭവിക്കുന്നതു് ഉപരിബോധാവസ്ഥയിലാണ്. സമാധിയുടെ ഈ അവസ്ഥയിലെത്തുമ്പോൾ മനുഷ്യബോധത്തിലെ സകലവിധ ചലനങ്ങളും വ്യവഹാരങ്ങളും സ്തംഭിക്കും (.... he will attain to the goal of Yoga, the complete suppression of the waves in the ocean of the mind).

'സംയമം'– ധാരണ, ധ്യാനം, സമാധി എന്നീ മൂന്നി നംക്കൂടി സംയമം എന്നു പേർ പറയുന്നു.– That is, if the mind can first concentrate upon an object, and then is able to continue in that concentration for a length of time, and then, by continued concentration, to dwell only on the internal part of the perception of which the object was the effect, everything comes under the control of such a mind (R. Y. pp. 98–101). അപ്പോൾ ആത്മാവിന്റെ യഥാർത്ഥ പ്രകാശം– അതിനു സഹജമായ പ്രകാശം– ഉദിക്കുന്നു. ബ്രഹ്മതുല്യം ആത്മാവു പ്രകാശിക്കുന്നു. സാവകാശം എല്ലാ ജീവജന്തുക്കളും ഈ അവസ്ഥ പ്രാപിക്കും (id. pa. 102). നിർവ്വികല്പ– അസംപ്രജ്ഞ– അസംപ്രജ്ഞാത–സമാധി (= വികല്പം, പ്രജ്ഞയില്ലാത്ത സമാധി– Unconscious of self and other things) എന്നു പേർ പറയപ്പെട്ടും പ്രസ്തുത സമാധി. ഈ അവസ്ഥ പ്രാപിച്ച ചില മഹായോഗികൾ ജീവന്മുക്തരായിരിക്കും (= ജീവിച്ചിരിക്കെ പ്രപഞ്ചമായയിൽനിന്നു്– സത്യം ബ്രഹ്മമല്ലെന്നുള്ള മായാബോധത്തിൽനിന്നു്– മുക്തരായവർ). ഉദാ. ദ്രോണാചാര്യർ, ശങ്കരാചാര്യർ, യേശുക്രിസ്തു എന്നീ മഹായോഗികൾ. എങ്കിലും സാധാരണമായി വിദേഹമുക്തന്മാക്കു (= ദേഹം ഉപേക്ഷിച്ചു് മായയിൽനിന്നു സ്വതന്ത്രരായവക്കു– മൃത്യു അടഞ്ഞവക്കു) ടി. അവസ്ഥ ലഭിക്കയുള്ളു. (id. pp. 288–290; Vedantasara, by Swami Nikhilananda, pa. 114 onwards).

അസാധാരണ കഴിവുകൾ:– കായികവും മാനസികവുമായ ശക്തികളെ നിയന്ത്രണാധീനമാക്കി, ഒടുവിൽ പരിപൂർണ്ണ 'സംയമം' (ധാരണ, ധ്യാന, സമാധികൾ) പ്രാപിച്ച യോഗിക്കു് എല്ലാം സാദ്ധ്യമാകും. ധ്യാനവിഷയത്തിന്റെ ദൃശ്യരൂപത്തിൽ (External form)

നിന്നുകടന്ന അതിന്റെ അദൃശ്യരൂപത്തിലേക്ക് (Internal form–image i. e. meaning) പ്രവേശിച്ച് അതോടുകൂടി ഒന്നായിത്തീരുന്നു. അപ്പോൾ അവൻ അതറിയുന്നു. അങ്ങനെ, ത്രികാലങ്ങളിലെ (Of past, present and future) എല്ലാവസ്തുക്കളും അറിയാൻ കഴിയും. 'സർവ്വജ്ഞത്വ'മാകും അവൻ എന്നർത്ഥം. തദ്ഫലമായി, 1) ദീഘ്രദർശനം, പരഹൃദയജ്ഞാനം, മനുഷ്യന്റെ സ്വതന്ത്രമായ ഭവിഷ്യൽക്രിയകളെക്കുറിച്ചുള്ള ജ്ഞാനം എന്നിവ അവനു് ലഭിക്കും; 2) പരശരീരത്തിൽ ആവേശിക്കാനും സർവ്വവ്യാപിയാകാനും ശക്തി കൈവരും; 3) ഘനമില്ലാ ഗുണം (ലഘുത്വം) പ്രാപിക്കും; തീയിലും വെള്ളത്തിലും ഒന്നുപോലെ; സമയദൈഘ്യംകൂടാതെ ഒരു സ്ഥലത്തിൽനിന്നു വേറൊന്നിൽ പറന്നെത്താം. 'ഉദാന' വായുവിനെ (ശരീരത്തിൽ സഞ്ചരിക്കുന്ന പഞ്ചവായുക്കളിൽ ഒന്നു.– കണ്ഠസ്ഥവായു– ശബ്ദാദികളെ മേല്പോട്ടു വരുത്തുന്നവായു, എന്നർത്ഥം. ഇതര വായുക്കൾ = പ്രാണ, അപാന, സമാന, വ്യാന എന്നിവ) സ്വാധീനമാക്കിയാൽ പ്രസ്മൃത കഴിവുകൾ സിദ്ധിക്കും. 'സമാന'വായുവിനെ (= തുല്യം, സമം എന്നു ശബ്ദാർത്ഥം.– ശരീരത്തിന്റെ ഏതാണ്ടു് മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്നതും ദഹനത്തിനു് അവശ്യാവശ്യകവുമായ ഒരു വായു– One of the five life–winds or vital airs which has its seat in the cavity of the navel and *is* essential to digestion) നിയന്ത്രിച്ചാൽ സ്വശരീരം സൂക്ഷ്മസമാനം പ്രകാശിക്കും. മുരുക്കത്തിൽ, 'ദ്വന്ദ്വ'ങ്ങൾ (Dualities) ആ യോഗിയെ സ്പർശിക്കയില്ല. ഉദാഹരണമായിപറഞ്ഞാൽ, സമുദ്രത്തിലെ തരംഗങ്ങളെ നിയന്ത്രണാധീനമാക്കിയാൽ അതു ശാന്തമാകുന്നു. അപ്പോൾ വിഷമതകൂടാതെയും സുരക്ഷിതമായും അതിൽക്കൂടി യാത്രചെയ്യാം. യോഗിയുടെ കായ്ത്തിലും ഇതുപോലെതന്നെ. ശരീരത്തിലെ നാഡിതരംഗങ്ങൾമൂലമാണ് ഗുണദോഷ

ങ്ങൾ ഉളവാകുന്നതു്. അവ നിയന്ത്രിതമായാൽ പ്രസൂത കഴിവുകൾ ലബ്ധമാകും (R. Y. pp. 253, 54, 59).

4) മഹിതശരീരനാകും (Endowed with a glorified body). തദ്ഫലമായി അക്ഷയനാകും അവൻ. വന്യമൃഗങ്ങൾ ചെമ്മരിയാടുപോലെ അവന്റെ മുമ്പിൽ വന്നിക്കുകയും ചെയ്യും (id. pa. 257).

5) ഇച്ഛാനുസരണം ചെറുതും വലുതുമാകാൻ സാധിക്കും.

6) കൈവല്യം പ്രാപിക്കും (Absoluteness or Independence or Isolation). ഈ അവസ്ഥയിലെത്തിയവനെ യാതൊന്നും സ്പർശിക്കയില്ലെന്നർത്ഥം. പാപപുണ്യങ്ങളോ, ഹ്രണദോഷങ്ങളോ, ശീതോഷ്ണങ്ങളോ മറ്റൊ, അവനിൽ യാതൊരു പരിവർത്തനവും വരുത്തുകയില്ല. ഇതാണ് സാക്ഷാൽ 'പരിണാമം' (Evolution). യോഗസിദ്ധാന്തകർത്താവായ പതഞ്ജലിമഹർഷിമാത്രം യഥാർത്ഥപരിണാമം എന്തെന്ന് കണ്ടുപിടിച്ചു സ്ഥാപിച്ചു. എങ്ങനെയെന്നാൽ, മുകളിൽ പ്രസ്താവിച്ചതിൽനിന്നു ഗ്രഹിക്കാവുന്നതുപോലെ, മനുഷ്യനിൽ അന്തർഭവിച്ചിരിക്കുന്ന വിവിധ ശക്തികളെ പ്രവർത്തനപഥത്തിൽ കൊണ്ടുവരേണ്ടതെങ്ങനെയെന്നും അവയെ പരിപൂർണ്ണമാക്കേണ്ടതെങ്ങനെയെന്നും അദ്ദേഹം എടുത്തുകാണിച്ചു. ശ്രമസാദ്ധ്യമായ ആ ദീർഘപ്രയത്നഫലമായി ജീവാത്മാവു് പരമാത്മാവുതന്നെ എന്നു് ഗ്രഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ, ഇതര പരിണാമവാദികൾ പ്രകാരന്തരേണയാണ് തങ്ങളുടെ വാദം സ്ഥാപിക്കാൻ ശ്രമിച്ചതു്. എങ്ങനെയെന്നാൽ, ജീവിതസമരം നിമിത്തം (Struggle for existence) ഒരു ജീവി മറ്റൊരു ജീവിയെ നാമാവശേഷമാക്കിയോ, അല്ലെങ്കിൽ പടവെട്ടി അതിനെ പരാജയപ്പെടുത്തിയോ ഉപരി ശക്തവും പ്രബലവുമായിത്തീരുന്നു (Survival of the fittest).

അങ്ങനെ സാവകാശം 'പരിണാമം' പ്രാപിക്കുന്നു (id. pa.260). രൂപഭേദം– തരഭേദം (Change of species) സംഭവിക്കുന്നുണ്ടെന്നു് സങ്കല്പിച്ചുകൊണ്ടു് (Supposed) അതു് എപ്രകാരം സംഭവിക്കുന്നു എന്നു സ്ഥാപിക്കാൻ കൊണ്ടുവരുന്ന ആധുനികവാദങ്ങൾ (Theories, v. g. struggle for existence, survival of the fittest, sexual selection etc.) സ്വീകാര്യയോഗ്യങ്ങളല്ലെന്നാണു് പതഞ്ജലിയുടെ പ്രതിവാദം. ഒന്നു മറെറാന്നിനെ ഹനിച്ചുകൊണ്ടോ, അടിച്ചെടുത്തിക്കൊണ്ടോ അല്ല പരിണാമം പ്രാപിക്കുന്നതു്. പ്രത്യേക, ഓരോന്നിലും പ്രകൃത്യാതന്നെ പലേ ശക്തികൾ അന്തർലീനമായിക്കിടപ്പുണ്ടു്. തൽക്കാലം അവയുടെ ബഹിർപ്രകടനം വിഘ്നപ്പെട്ടിരിക്കുന്നു. ആ വിഘ്നം നീങ്ങുമ്പോൾ പ്രസ്തുത ശക്തികൾ പ്രത്യക്ഷപ്പെടുന്നു. അവയുടെ പ്രവർത്തനഫലമായി ഇന്നല്ലെങ്കിൽ നാളെ ഒരു ജീവിക്കു് മറെറാന്നായി രൂപാന്തരപ്പെടാൻ കഴിയും. ഉദാ. മനുഷ്യനാകാനുള്ള ശക്തി മൃഗജീവിയിൽ ഒളിഞ്ഞുകിടപ്പുണ്ടു്. പരിതസ്ഥിതികളെല്ലാം ഒത്തിണങ്ങിക്കഴിയുമ്പോൾ മൃഗം മനുഷ്യനാകും. എന്നാൽ "പുരോഗതി മനുഷ്യന്റെ പ്രത്യേകതയാണു്; മൃഗങ്ങളുടെയല്ല, മനുഷ്യന്റെ മാത്രം" എന്നു രാഷ്ട്രപിതാവു ഗാന്ധിജി അവർകൾ പ്രസ്താവിച്ചിരിക്കുന്നതു് (Young India, June 26. 1926) പതഞ്ജലിയുടെ യോഗശാസ്ത്രതത്ത്വത്തോടു് എങ്ങനെ പൊരുത്തപ്പെട്ടും! വീണ്ടും പ്രസ്തുത തത്ത്വത്തെ സ്വാമി വിവേകാനന്ദൻ ഇപ്രകാരം ഉദാഹരിക്കുന്നു. ജലപ്രവാഹമാർഗ്ഗമില്ലാത്ത ഒരു ജലസഞ്ചയം (Reservoir); പ്രവാഹമില്ല; ജലം മുഴുവനും ഒരിടത്തുതന്നെ സ്ഥിതിചെയ്യുന്നു. പ്രവഹിക്കാൻ മാർഗ്ഗമുണ്ടാകുമ്പോൾ തൽക്ഷണം അതിൽക്കൂടെ ജലം അന്യസ്ഥലങ്ങളിലേയ്ക്കു പ്രവഹിക്കുന്നു. മൃഗജീവിയുടെ കാര്യത്തിലും ഇതുപോലെതന്നെ. അതിനാൽ, ജീവിതമത്സരത്തിനും ജീവഹാനിക്കും മറ്റും സ്ഥാനമില്ലെന്നു് അനുകൂലസിദ്ധം (Therefore there is no

reason to believe that competition is necessary to progress.– R. Y. pa. 268–71).

രാജയോഗത്തെപ്പറ്റി ഇതുമുതൽ.

ഹഠയോഗം.– (ഹഠ = ബലം, നിർബന്ധം, Yoga by force) സ്വശരീരത്തെ ഇച്ഛാനുസരണം ഉപയോഗപ്പെടുത്തുന്നതിനു വിഘ്നങ്ങളായിരിക്കുന്ന ശാരീരികപ്രതിരോധശക്തികളെ നിരോധിക്കാനും ബലക്ഷയപ്പെടുത്താനും അസാധാരണ ബലംപ്രയോഗിച്ചു്, നിർബന്ധം ചെലുത്തിക്കൊണ്ടെങ്കിലും എങ്ങനെ സാധിക്കുമെന്നു പഠിപ്പിക്കുന്ന യോഗമാണു് 'ഹഠയോഗം'. കായികവും മാനസികവുമായ (Physical and mental) പ്രാണനെ നിയന്ത്രിക്കുകയാണല്ലൊ രാജയോഗത്തിന്റെ ലക്ഷ്യം. ഹഠയോഗമാകട്ടെ കായികപ്രാണനെമാത്രം ഉപരിയുപരി നിയന്ത്രണാധീനമാക്കാൻ ഉദ്യമിക്കുന്നു. ടി. നിയന്ത്രണഫലമായി യോഗിയുടെ ശരീരത്തിനു് അസാധാരണ കഴിവുകൾ സംസിദ്ധമാകുന്നു. ഉദാ. കൈകാലുകൾ മുമ്പോട്ടും പിമ്പോട്ടും മടക്കുന്നതിനും വളയ്ക്കുന്നതിനും തൂങ്ങുന്നതിനും, ഒറ്റക്കമ്പിയിൽക്കൂടെ നടക്കുന്നതിനും, അതിൽനിന്നു മുകളിലേയ്ക്കു ചാടി വീണ്ടും അതിൽത്തന്നെ വന്നുനില്ക്കുന്നതിനും മറ്റും ഹഠയോഗിക്കു് നിഷ്പ്രയാസം സാധിക്കും.

മാർഗ്ഗങ്ങൾ.– രാജയോഗാഭ്യസനത്തിനു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആറു് അനുകൂലമാർഗ്ഗങ്ങൾ ഹഠയോഗാഭ്യസനത്തിനു് പ്രാരംഭപടികളായി നിലകൊള്ളുന്നു. ഉപവാസം, അന്തർഭൗമിക താമസസ്ഥലങ്ങൾ, വിശ്രമം (i. e. ശ്വാസോച്ഛ്വാസത്തിൽനിന്നുള്ള വിരാമം) വായു, വെളിച്ചം മുതലായവ പ്രവേശിക്കാത്ത ഒരു പാപ്പിടം, ശരീരത്തെ ഉണ്ണിപ്പിക്കാത്ത വസ്ത്രങ്ങളും ശയ്യോപകരണങ്ങളും, പാൽ, ബാർലി ആദിയായ ചില പ്രത്യേകാഹാരവിഭവങ്ങളും ആണു് പ്രസ്തുത മാർഗ്ഗങ്ങൾ. ശ്വാസോച്ഛ്വാസത്തിനും രക്തസഞ്ചാരത്തിനും വിരാമമുണ്ടാകാൻ (Samadhi or suspension of respiration)

ഇതെല്ലാം കൂടിയെ കഴിയൂ. പ്രാണയാമമാത്രേണ പ്രസൂത വിരാമം (സമാധി) ഉണ്ടാകണം. ഇതുകൂടാതെ ശരിയായ യോഗാഭ്യസനം സാദ്ധ്യമല്ല. ദീർഘനാൾ ചലനരഹിതരായി എന്നാൽ മരിക്കാതെ വെള്ളത്തിനു അടിയിലും ഭൂമിക്കുള്ളിലും കഴിച്ചുകൂട്ടിയവർ മുകളിൽ പറഞ്ഞ സമാധി കൈവന്ന യോഗാഭ്യാസികളാണ് (Y. ph. pp. 17–20).

ശുദ്ധികർമ്മങ്ങൾ (Purgatory process). മുകളിൽ പ്രസ്താവിച്ചതിനും പുറമെ, ഹഠയോഗാഭ്യാസങ്ങൾക്ക് പ്രാരംഭമായി ആറ് ശുദ്ധികർമ്മങ്ങൾകൂടി ചെയ്യണം ഹഠയോഗികൾ. അവ ചെയ്യാൻ പ്രാപ്തരല്ലെങ്കിൽ ഹഠയോഗാഭ്യാസങ്ങൾക്കും പ്രാപ്തരല്ലെന്നു സിദ്ധം. ഇവയാണ് പ്രസൂത കർമ്മങ്ങൾ.–

നേതി.– വളഞ്ഞുപിരിഞ്ഞുനീളമുള്ള ഒരു ചരട് നാസികാദ്വാരത്തിൽക്കൂടെ കടത്തി വായിലൂടെ വെളിയിലേയ്ക്കു കൊട്ടുക.

ധൗതി.– വെള്ളത്തിൽ നനച്ച ഒരു വലിയ പഞ്ഞിക്ഷണം വിഴുങ്ങുക.

ബസ്തി.– മലദ്വാരത്തിൽക്കൂടെ ഉള്ളിലേയ്ക്ക് വെള്ളം ഏടുക്കുകയും വെളിയിലേയ്ക്ക് വിടുകയും ചെയ്യുക.

ഗജകർമ്മം.– വയറ്റിൽ വെള്ളം നിറച്ചശേഷം നെറ്റിയിൽ മുഷ്ടിപതിച്ചു് അതു ഛർദ്ദിക്കുക.

നൗലി.– ശരീരത്തിന്റെ പിൻഭാഗവും ഉദരവും നേരെയാക്കി ഉദരത്തിലെ മാംസപേശികളുടെ അഭ്യാസം ചെയ്യുക.

ത്രാടക.– നാസികാഗ്രത്തിലൊ, നെറ്റിയിലൊ മുഷ്ടിപതിക്കുക.

മുദ്രകൾ.– അനന്തരം 'മുദ്ര'കൾ– അചഞ്ചലാസനങ്ങൾ (Immovable postures) അഭ്യസിക്കണം.

കേചരീമുദ്ര.– പ്രാണയാമം സാധിതമാകാൻ നാവു് വിഴുങ്ങുക.

ഭ്രൂചരീമുദ്ര.– പദ്മാസനം അവലംബിച്ച് നാസികാഗ്രത്തിൽ ദൃഷ്ടിപതിക്കുക.

ഖേചരീമുദ്ര.– മൂന്നിഞ്ചകലത്തിൽ അഭിമുഖമായി സ്ഥിതിചെയ്യുന്ന ഒരു ലക്ഷ്യത്തിൽ (point) ദീഘ്നേരം ദൃഷ്ടി നേരെ പതിക്കുക. ക്ഷീണിതനാകുമ്പോൾ യോഗി തന്റെ ദൃഷ്ടി നാസികാഗ്രത്തിലും നെറ്റിയിലും പതിക്കുന്നു.

അഗോചരീമുദ്ര.– മെഴുകിലിട്ട പഞ്ഞികൊണ്ട് ചെവികളടച്ച് തല വലത്തോളിലേയ്ക്ക് അല്പം ചായിച്ച് ഇടതുചെവിയിലെ ശബ്ദങ്ങൾ വലതുചെവികൊണ്ട് കേൾക്കുക.

ഉന്മനീമുദ്ര.– ശക്തിയായി ശ്വസിച്ചശേഷം ശരീരത്തിന്റെ സകല ദ്വാരകോശങ്ങളടച്ച് ശ്വാസോച്ഛ്വാസത്തെ നിറുത്തുക (Suspend).

ബന്ധങ്ങൾ.– 'മുദ്ര'ാഭ്യാസത്തിനുശേഷം ചില ബന്ധ'ങ്ങൾക്കുടി (തടസ്സംചെയ്യൽ– Restraints) അഭ്യസിക്കണം.

മൂലബന്ധം.– തുണി ഉരുട്ടി മലദ്വാരം അടച്ച് പദ്മാസനമോ മറ്റൊ അവലംബിച്ചുകൊണ്ട് മലവിസർജ്ജനത്തെ തടയുക.

ജലന്ധരബന്ധം.– ദീർഘശ്വാസാനന്തരം (After a deep inspiration) കവിൾ തോളോട്ട് ചേർത്തുവച്ച് പ്രാണായാമം ചെയ്യുക.

ഉദ്ഡ്യാനബന്ധം.– ഉള്ളിൽ വായു നിറച്ചശേഷം, ആമാശയത്തിൽ– മേൽവയറിൽ– വലതുകൈകൾവച്ച്, ചെവി, മൂക്ക്, മലദ്വാരം മുതലായവ അടച്ച്, നാവ് വിഴുങ്ങി, വായ് അടച്ചുകളയുക.

മഹാബന്ധം.– ഇടതുപാദം മലദ്വാരത്തിലും, കവിൾ നെഞ്ചിലും വയ്ക്കുക; നീട്ടിയ കൈകൾകൊണ്ട് വലതുപാദം പിടിച്ച് കാൽമുട്ടിന്മേൽ നെറ്റിവയ്ക്കുക; ഇടതുമൂക്കിൽക്കൂടെ ശ്വസിച്ച് ഉള്ളിൽ വായു നിറയ്ക്കുക; നാസികാഗ്രത്തിൽ ദൃഷ്ടിപതിക്കുക; ശ്വസിക്കാതിരിക്കുക;

അനന്തരം വലതുമൂക്കിൽക്കൂടെ ഉച്ഛ്വസിക്കുക.... എന്നിത്യാദി ആവർത്തിച്ചു ചെയ്യുക. ഇത്തരം അഭ്യാസത്തിന്റെ ഫലമായി, സമാധി– ചലനരഹിതാവസ്ഥ (Hybernation) അഭ്യസിക്കാൻ യോഗി അർഹനാകും. (Y. ph. pa 59).

അഷ്ടസിദ്ധികൾ.– ഇങ്ങനെ 'ഹഠ'യോഗം അഭ്യസിക്കുന്ന യോഗികളുടെ ശരീരത്തിനു് 'അഷ്ടസിദ്ധി'കൾ കൈവരുന്നു (Consummations, perfections, qualities).

അണിമാവു്.– ഇച്ഛ്വാസനുസരണം സ്വശരീരത്തെ മെലിഞ്ഞതും ഉയരമുള്ളതുമാക്കുന്ന ഗുണം. ഓന്തിന്റെ പ്രകൃതം ഇവിടെ ഉദാഹരണമായി എടുക്കാം.

മഹിമാവു്.– വീണ്ടും, ശരീരത്തെ തടിച്ചതും ഉരുണ്ടതുമാക്കുന്ന ഗുണം. ശ്വാസോച്ഛ്വാസംമൂലം ഇതു സാദ്ധ്യമാകും.

ലഘിമാവു്.– ശരീരഘനം കുറച്ചു കുറച്ചു് അതിനെ പഞ്ഞിപോലെ ആക്കുന്ന ഗുണം.

ഗരിമാവു്.– ഉള്ളിലേയ്ക്കു് ധാരാളം വായു ശ്വസിച്ചു് പഞ്ഞിപോലെ ആയ ശരീരത്തെ വീണ്ടും സ്ഥൂലമാക്കുന്ന– ഘനമുള്ളതാക്കുന്ന– ഗുണം.

പ്രാപ്തി.– ഭാവിക്കാര്യങ്ങൾ അറിയുക, പരഹൃദയജ്ഞാനം ലഭിക്കുക, അജ്ഞാതഭാഷാജ്ഞാനം സമ്പാദിക്കുക, രോഗശമനം വരുത്തുക എന്നിത്യാദി കഴിവുകൾ പൊട്ടന്നനവെ ഉപരിശക്തിയുടെ ഇടപെടലും സാഹായ്യവുംകൂടാതെതന്നെ കൈവരുത്തുന്ന ഗുണം (ബുദ്ധിയുടെ ഗുണവിശേഷമാണല്ലൊ ഇതു്).

പ്രാകമ്യം.– പഴകി ജീർണ്ണിച്ച ഒരു ശരീരത്വക്കു് പരിത്യജിച്ചു് നവവും യൗനയുക്തവുമായ വേറൊന്നു് സ്വീകരിക്കാൻ യോഗിയെ ശക്തനാക്കുന്ന ഗുണം.

വശിത്വം.– ഇണക്കമില്ലാത്ത ജന്തുക്കളെ ഇണക്കമുള്ളതാക്കുന്ന– നിയന്ത്രണാധീനമാക്കുന്ന ഗുണം.

ഈശതത്വം.— ഈ ഗുണവിശേഷമുള്ള യോഗി ദിവ്യതത്വം പ്രാപിക്കുന്നു— ദൈവമായിത്തീരുന്നു.

ഉപസംഹാരം.— ഇങ്ങനെ രാജയോഗവും ഹഠയോഗവും അഭ്യസിച്ച മഹായോഗികൾക്കു് ശക്യമാകാത്തതു് ഒന്നുമില്ല. സകലവിധ അസാധാരണ സംഗതികളും മഹാ അദ്ഭുതങ്ങൾതന്നെയും ചെയ്യാൻ കഴിയും പ്രകൃത്യതീതമായ ഒരു പ്രത്യേക ശക്തി— ദൈവികശക്തി— വേണമെന്നില്ല. മഹായോഗാഭ്യാസങ്ങൾക്കു് നൈസർഗ്ഗികമായ ഒരസാധാരണ ശക്തിവിശേഷംമാത്രം മതിയാകും. അങ്ങനെ മഹായോഗികളായ മഹർഷിമാർ ചെയ്തിട്ടുണ്ടു്. മഹായോഗിയായ ക്രിസ്തുവും യോഗാഭ്യാസത്തിന്റെ അസാധാരണ സ്വാഭാവികശക്തിപ്രയോഗംകൊണ്ടാണു് അദ്ഭുതകൃത്യങ്ങൾ ചെയ്തതു്. അതിനാൽ ഒരാൾ അദ്ഭുതം ചെയ്തതുകൊണ്ടു് അയാൾ ദൈവമാണെന്നോ, ദൈവദത്തമായ ഒരു പ്രത്യേക ശക്തികൊണ്ടാണെന്നോ, സ്ഥാപിക്കാൻ പാടില്ലെന്നു് അനുക്തസിദ്ധം. ക്രിസ്തുവിന്റെ അദ്ഭുതകൃത്യങ്ങളിൽനിന്നു് ക്രിസ്തുവിന്റെ ദൈവതത്വം തെളിയിക്കാൻ ഉദ്യമിക്കുന്നതു് ഫലശൂന്യവും മൗഢ്യവുമാണെന്നു് യോഗശാസ്ത്രം വിധിയെഴുതിയിരിക്കുകയാണു്. എന്തെന്നാൽ, പ്രകൃതിയുടെമേൽ കർതൃത്വം (Mastery) പ്രാപിക്കുന്ന യോഗിക്കു് പ്രകൃതി പരിപൂർണ്ണമായി വിധേയമാകുകയും, അപ്പോൾ ശരിയായ അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ ആ യോഗിക്കു് കഴിവുണ്ടാകുകയും ചെയ്യും. ചിലർക്കു് ദീർഘനാൾ, മറ്റു് ചിലർക്കു് അനേക വർഷങ്ങൾതന്നെയും വേണ്ടിവരും അത്തരം അസാധാരണ കഴിവു് സിദ്ധിക്കാൻ എന്നുമാത്രം. പക്ഷെ യോഗാഭ്യാസത്തിന്റെ വിശിഷ്യ, ഹഠയോഗാഭ്യാസത്തിന്റെ ഉച്ചിയിൽ എത്താൻ ചുരുക്കം ചിലർക്കു മാത്രമെ സാധിക്കൂ എന്നു നാം ഇത്തരുണത്തിൽ അനുസ്മരിക്കണം.

ജ്ഞാനയോഗം

ജ്ഞാനയോഗവും ദുഃഖപ്രകൃതിയും.

മുകളിൽ പ്രസ്താവിച്ച നാലു പ്രധാന യോഗങ്ങളിൽ ക്രമാനുസരണം നാലാമത്തേതും അവസാനത്തേതുമാണ് 'ജ്ഞാനയോഗം'. ഉദ്ദിഷ്ടബ്രഹ്മൈക്യം പ്രാപിക്കാൻ യഥാർത്ഥ ജ്ഞാനമാർഗ്ഗേണ യോഗി പരിശ്രമിക്കണം എന്നതാണ് ഈ യോഗോദ്ദേശ്യം. 'യഥാർത്ഥജ്ഞാനം' എന്നു വച്ചാൽ ഓരോ ജീവാത്മാവും (മനുഷ്യാത്മാവും) പരമാത്മാവു് (ദൈവം) തന്നെയാണെന്നും, എന്നാൽ 'അജ്ഞാന'മെന്ന 'മായ'യാൽ ജീവാത്മാവു് ആവരണം ചെയ്യപ്പെട്ടിരുന്നതിനാൽ ടി. സത്യം അജ്ഞാതമായിരുന്നുവെന്നുള്ള ജ്ഞാനമാണ് 'യഥാർത്ഥജ്ഞാനം'. ഇങ്ങനെ, 'ബ്രഹ്മാത്മൈക്യം' (ബ്രഹ്മവും ആത്മാവും ഒന്നുതന്നെ എന്നുള്ളതു്) ഓരോ യോഗിക്കും പ്രാപിക്കാമെന്നു് വേദാന്തികൾ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ദുഃഖപ്രകൃതിയോടു്– ജ്ഞാനപ്രകൃതിയോടു്–കൂടിയവരാണ് ജ്ഞാനയോഗം അഭ്യസിക്കേണ്ടതു്.

ദുഃഖപ്രകൃതി

സന്തോഷരഹിതവും ചിന്താനിമഗ്നവും അലസവും സാവകാശവും കൃഷ്ണപിത്തത്തിൽ അധിഷ്ഠിതവുമായ ഒരു പ്രകൃതിയാണ് ദുഃഖപ്രകൃതി– ജ്ഞാനപ്രകൃതി– എന്നു് 'ദുഃഖ'ശബ്ദാർത്ഥത്തിൽനിന്നും നമുക്കു ഗ്രഹിക്കാൻ കഴിയും (Melancholic temperament.– Melas = Black; and Khole = Bile – GK. Rt.). ഇതിന്റെ ഗുണദോഷലക്ഷണങ്ങൾ ഇതിനെ കൂട്ടുതൽ വിശദമാക്കും.

ഗുണലക്ഷണങ്ങൾ:– ചിന്താവാസന, അഗാധചിന്ത, വിവേചനാശക്തി, ആലോചനാകുശലത, ഏകാന്തജീവിതതാല്പര്യം, ഭക്തിക്കും അന്തരംഗജീവിതത്തിനുമുള്ള ആകർഷണം, സഹതാപം ആദിയായവ.

ദോഷലക്ഷണങ്ങൾ:– അസന്തോഷം, ധൃതഗതിയില്ലായ്ക, നിശ്ചിതതീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ അമാന്തത, ശരിയായ വർത്തനരീതിയിൽ അജ്ഞത, അന്യരുമായുള്ള സമ്പർക്കത്തിൽ വിപ്രതിപത്തി, ലജ്ജാഭാവം, ദോഷൈകദൃഷ്ടി, പരനിന്ദനം, വിദ്വേഷം, അമിതമായ സ്വാഭിമാനപ്രിയം, അമിതമായ അസഹനീയത എന്നിത്യാദി. ഇത്തരം പ്രകൃതിയെ ശരിയായ ജ്ഞാനമാർഗ്ഗത്തിലൂടെ നിയന്ത്രിച്ചു് അതിനു് മാർഗ്ഭ്രംശം പറ്റാതെ ബ്രഹ്മൈക്യപ്രാപ്തി കൈവരുത്തുക എന്നതാണു് ജ്ഞാനയോഗലക്ഷ്യം.

ജ്ഞാനയോഗാഭ്യാസങ്ങൾ:– വേദാന്തജ്ഞാനസമ്പാദനം, മഹാവാക്യജ്ഞാനലബ്ധി (തത്ത്വമസി = നീ അതാണു്; അയമാത്മാബ്രഹ്മ = ഈ ആത്മാവു് ബ്രഹ്മമാണു്; പ്രജ്ഞാനംബ്രഹ്മ = പ്രജ്ഞാനം (consciousness) ബ്രഹ്മമാണു്; അഹംബ്രഹ്മാസ്മി = ഞാൻ ബ്രഹ്മംതന്നെ, എന്നിവയാണു് വേദാന്ത മഹാവാക്യങ്ങൾ (Vedanta-sara, No. 3). അവയുടെ ഉരുവിടൽ: ഓം–ഓങ്കാരം (നിർഗ്ഗുണാവസ്ഥയോടടുക്കുടിയ – സൃഷ്ടികർമ്മംക്കുടാതെയുള്ള അവസ്ഥയിലെ പരബ്രഹ്മത്തെ സൂചിപ്പിക്കുന്ന ഒരു ശബ്ദം), പ്രണവം (= പ്രണമം = നമസ്കാരം – പ്രാരംഭനമസ്കാരം – ഏതൊരു കൃത്യത്തിനുംമുമ്പു് നമസ്കരിക്കാനുള്ളതെന്നർത്ഥം. – Preliminary or introductory prayer 'ഓം' ശബ്ദത്തെത്തന്നെയാണു് 'പ്രണവം' കുറിക്കുന്നതു്), എന്നീ മന്ത്രങ്ങളുടെ ഉച്ചാരണം; ബ്രഹ്മത്തിൽ യോഗിയുടെ ധാരണാധ്യാനസമാധികളുടെ ശക്തിമത്തായ അഭ്യസനം; സംസാരത്തിനു്– ജനനമരണങ്ങൾക്കു്– യോഗിയുടെ വിധേയത്വം . . . എന്നിത്യാദിയാണു് ടി. അഭ്യാസങ്ങൾ. ഉയർന്ന ചിന്താശീലന്മാർക്കു്– തത്ത്വജ്ഞന്മാർക്കേ– ഇത്തരം യോഗാഭ്യാസങ്ങൾ സാധിക്കൂ. ഇങ്ങനെ ദീർഘനാൾ അഭ്യസിച്ചുകഴിയുമ്പോൾ 'യഥാർത്ഥജ്ഞാനം' (ഞാൻ 'ബ്രഹ്മ'മാണെന്നുള്ള ബോധം) കൈവരും. അപ്പോൾ 'മായ'യിൽനിന്നു

സ്വതന്ത്രനാകും. അനന്തരം ആ സ്വതന്ത്രൻ ബ്രഹ്മവുമായി ഐക്യം പ്രാപിക്കും.

വിശ്വാസം– ഗുരുഭ്രതനിലും ശ്രുതിവാക്യങ്ങളിലും ബ്രഹ്മചാരിക്ക് (വിദ്യാർത്ഥിക്ക്) വിശ്വാസമുണ്ടായിരിക്കണം. അനന്തരം അതിൽ സ്വയം ബോധ്യം കൈവരുത്തണം. ഒടുവിൽ, യഥാർത്ഥ ജ്ഞാനസമ്പാദനത്തിൽ എത്തിച്ചേരാൻ പരിശ്രമിക്കണം. അല്ലാതെ, വിശ്വാസംകൊണ്ടു മാത്രമാകുകയില്ല.

സൂചനം.– ചില മഹാ യോഗികൾക്ക് (ഉദാ. ദ്രോണാചാര്യൻ, ശങ്കരാചാര്യൻ....) സമയദൈർഘ്യംകൂടാതെ, ശീഘ്രംതന്നെ ഐക്യം പ്രാപിക്കാം.

ഉപസംഹാരം.– യോഗവും അഭ്യാസങ്ങളും എല്ലാവർക്കും എല്ലായിടത്തും ഒന്നുപോലെതന്നെ ആയിരിക്കുമെന്നു് ധരിക്കേണ്ടതില്ല. ഓരോ യോഗിയുടെ പ്രകൃതിയും അനുകൂലപ്രതികൂല പരിതസ്ഥിതികളുമനുസരിച്ചിരിക്കും അതെല്ലാം. സംശയഭേദമെന്യെ എല്ലാവരും ഇന്നോ, നാളെയോ ബ്രഹ്മൈക്യം പ്രാപിക്കും. കർമ്മഫലമായി ദുഷ്കർമ്മാക്കു് 'നരക'ശിക്ഷ ലഭിക്കുമെങ്കിലും, നിത്യമായ ഒരു ശിക്ഷ ആയിരിക്കയില്ല അതു്. എന്തെന്നാൽ, ഒരു ക്ഷണനേരത്തിൽ ചെയ്യുന്ന പാപകൃത്യത്തിനു്, അല്ലെങ്കിൽ പരിമിതനായ ഒരു മനുഷ്യൻ ചെയ്യുന്ന പാപകൃത്യത്തിനു് അപരിമിതമായ ഒരു ശിക്ഷ ചിന്തനീയമോ, നീതിയുക്തമോ അല്ല. ക്രൂരതെ, അതു സഹനീയവുമല്ല. വേറൊന്നുംകൂടി ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ. ഓരോ യോഗവും ക്രമാനുസരണമെ അഭ്യസിക്കാവൂ എന്നില്ല. ഒന്നിനോടുകൂടെ വേറൊന്നും ഒത്തിണക്കിക്കൊണ്ടുപോകാം. അങ്ങനെ ചെയ്യേണ്ടതായും വരും. എങ്കിലും, പ്രഥമവും പ്രധാനവുമായി ഒരു യോഗത്തിൽ തന്നെയായിരിക്കണം ശ്രദ്ധപതിക്കേണ്ടതു്.

ക്രൈസ്തവയോഗവും ഹൈന്ദവയോഗവും.– ന്യായത്തിന്റെയും ശാസ്ത്രങ്ങളുടെയും വെളിച്ചത്തിൽ ഹൈന്ദ

വയോഗസിദ്ധാന്തത്തിൽ പലതും സ്വീകാര്യയോഗ്യവുമാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല. എന്നാൽ, നിഷിദ്ധമായ പലതും അതിൽ ഉൾക്കൊള്ളുന്നുണ്ട് എന്നതും നിസ്സംശയമാണ്. വിമർശനഭാഗത്തു് അതു തെളിയിച്ചു സ്ഥാപിക്കുന്നതായിരിക്കും. ഇപ്പോൾ ഇരുയോഗങ്ങളുടെയും ഒരു താരതമ്യമാത്രം ഇവിടെ എടുത്തു കാണിക്കുന്നു. രണ്ടും തമ്മിലുള്ള സാധർമ്മ്യവൈധർമ്മ്യങ്ങളും (Identity and Disidentity) സാദൃശ്യാസാദൃശ്യങ്ങളും (Similarity and Dissimilarity) വിശദമാക്കുന്നതിൽനിന്നു് ആ താരതമ്യം പ്രത്യക്ഷമാകും.

1. യോഗലക്ഷ്യം.— സാധർമ്മ്യം: ഐഹികജീവിതം വെടിഞ്ഞു് പാരത്രികജീവിതത്തിലേക്കു് മനുഷ്യൻ പ്രവേശിക്കണമെന്നും മനുഷ്യനും ദൈവവും തമ്മിലുള്ള ഐക്യപ്രാപ്തിയിലാണു് ടി. പാരത്രികജീവിതം സ്ഥിതിചെയ്യുന്നതെന്നും, അതാണു് അവന്റെ പരമവും സനാതനവുമായ സൗഭാഗ്യമെന്നും, എന്നാൽ ഐഹികജീവിതവും അതിന്റെ സുഖദുഃഖങ്ങളും ക്ഷണഭംഗുരങ്ങളാണെന്നും രണ്ടു യോഗവും പഠിപ്പിക്കുന്നു.

വൈധർമ്മ്യം: മനുഷ്യാത്മാവു് – ജീവാത്മാവു് – ആദ്യന്തഹീനമാണെന്നും (Eternal), തന്മൂലം ദൈവം അതിനെ ഇല്ലായ്മയിൽനിന്നു് സൃഷ്ടിച്ചതല്ലെന്നും അതിനു് 'നാമരൂപ'ഭേദങ്ങൾ മാത്രം (Transformation) നല്കീട്ടുള്ളുവെന്നും മറ്റുമുള്ള വാദമുഖങ്ങൾ ക്രൈസ്തവയോഗസിദ്ധാന്തത്തിൽ നിഷിദ്ധങ്ങളാണു്. അപ്രകാരം മനുഷ്യാത്മാവിന്റെ രൂപം– സ്വഭാവം (Essence – Nature) സംബന്ധിച്ച വാദവും നിഷിദ്ധംതന്നെ. ജീവതത്ത്വശാസ്ത്രദൃഷ്ട്യാ (Psychologically) ദ്വൈതം, ദ്വൈതാദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം, ശുദ്ധാദ്വൈതം എന്നീ വേദാന്ത പഞ്ചസിദ്ധാന്തങ്ങൾ അബദ്ധജടിലങ്ങളാണു്. എങ്ങനെയെന്നാൽ, നഃ വസ്തു, നഃ വസ്തുസിദ്ധിഃ (= ഒരു വസ്തുവിൽനിന്നല്ലാതെ വേറൊരു വസ്തു ഉണ്ടാ

വാൻ സാദ്ധ്യമല്ല– Out of nothing, nothing can be produced) എന്ന വേദാന്ത തത്ത്വശകല മനുസരിച്ച് ശരിയായ സൃഷ്ടികർത്താവ് നിഷ്പ്രഹിക്കാൻ ദൈവത്തിനുപോലും കഴിവില്ലെന്ന് ദൈവതം ആദിയായ സിദ്ധാന്തങ്ങളെല്ലാം സമർത്ഥിക്കുന്നു. ഇനി, മനുഷ്യാത്മാവിന്റെ സ്വഭാവത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ, 'തീയും തീപ്പൊരിയും'പോലെയാണ് ദൈവവും മനുഷ്യാത്മാവും എന്നു് ദൈവതാദൈവതവും; മനുഷ്യാത്മാവിനെ അറിവിന്റെ സൂക്ഷ്മത, ജ്ഞാനം, ശക്തി ആദിയായ ഗുണങ്ങൾ എങ്ങനെ വിശേഷിപ്പിക്കുന്നുവൊ (വിശേഷ്യവും വിശേഷണവും– Substance and its accidents or qualities–പോലെ) അപ്രകാരം മനുഷ്യാത്മാവു് ദൈവത്തെ വിശേഷിപ്പിക്കുന്ന ഒരു ഗുണമാണ് എന്നു് വിശിഷ്ടാദ്വൈതവും; അല്ല, മനുഷ്യാത്മാവു് ദൈവം തന്നെ; 'മായ'യാൽ അതു് ആവൃതമായിരിക്കുന്നതിനാൽ ആ സത്യം അതു ഗ്രഹിക്കുന്നില്ലെന്നുമാത്രം എന്നു് അദ്വൈതവും; അതൊന്നുമല്ല സത്യം; പ്രത്യുത, മനുഷ്യാത്മാവിന്റെ 'വീക്ഷണം' (Vision) മാത്രം 'മായ'യാൽ തടസ്സപ്പെട്ടിരിക്കയാൽ അതു് പരമാത്മാവാണെന്നുള്ള പാരമാർത്ഥ്യം ഗ്രഹിക്കുന്നില്ലെന്നു് ശുദ്ധാദ്വൈതവും വാദിക്കുന്നു. ദ്വൈതമാകട്ടെ, മനുഷ്യാത്മാവു് സ്വഭാവത്തിൽ പരമാത്മാവിനോടു് യാതൊരുവിധത്തിലും സാധർമ്മ്യം (Identity) വഹിക്കുന്നില്ലെന്നുള്ള സത്യം സ്വീകരിക്കുന്നു. പ്രസ്തുത സാധർമ്മ്യവാദം (Theory of Identity) പരിഗണിക്കുമ്പോൾ ഓരോ സിദ്ധാന്തവും ഓരോ വിധത്തിൽ ക്രൈസ്തവയോഗസിദ്ധാന്തത്തോടു് വൈധർമ്മ്യമാണുള്ളതെന്നു് അനുഭവസിദ്ധം.

2. ഐക്യ–ലയന–വാദം (Theory of Identification or Absorption).– ഐക്യ–ലയന–വാദത്തിലും രണ്ടു യോഗവും തമ്മിൽ വൈധർമ്മ്യമാണുള്ളതു്. എന്തെന്നാൽ ഐക്യപ്രാപ്തിയിൽ മനുഷ്യാത്മാവു് പൂർവ്വാവസ്ഥ വീണ്ടും കരസ്ഥമാക്കുന്നതേയുള്ളൂ; എന്നുവച്ചാൽ

മായയുടെ ആവരണശക്തിമൂലം പരമാത്മാവിന്റെതിൽ നിന്നു ഭിന്നവും വ്യത്യസ്തവുമായ ഒരാസ്തിക്യവും സ്വഭാവവുമാണ് അതിനുള്ളതെന്ന അബദ്ധധാരണ ഇപ്പോൾ യഥാർത്ഥജ്ഞാനമാർഗ്ഗേണ മനുഷ്യാത്മാവിൽനിന്നു നീങ്ങുകയും തദ്ഫലമായി പ്രസ്തുത സിദ്ധാന്തങ്ങളിലെ (ദൈതമൊഴിച്ചു്) വാദവ്യത്യാസമനുസരിച്ചു് ഒരുവിധത്തിലല്ലെങ്കിൽ മറൊരുവിധത്തിൽ അതു് പരമാത്മാവിന്റെ അവസ്ഥ വീണ്ടും പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ, മനുഷ്യാത്മാവും പരമാത്മാവും തമ്മിൽ യാതൊരുവിധത്തിലും സാദൃശ്യം– തുല്യത– വഹിക്കുന്നില്ല, അതിനു സാദ്ധ്യവുമല്ല എന്നു പഠിപ്പിക്കുന്ന ക്രൈസ്തവയോഗം ഹൈന്ദവയോഗവുമായി എങ്ങനെ പൊരുത്തപ്പെട്ടും!

3. യോഗാഭ്യാസങ്ങൾ.– മാർഗ്ഗങ്ങൾ–

സാധ്യം.– നാമമാത്രമായ സാധ്യമെ ഇവിടെ കാണുന്നുള്ളൂ. എന്തെന്നാൽ ഐക്യപ്രാപ്തിക്കു് പര്യാപ്തമായി ഹൈന്ദവയോഗം നിർദ്ദേശിക്കുന്ന അഭ്യാസങ്ങൾ– മാർഗ്ഗങ്ങൾ– പ്രഥമവും പ്രധാനവുമായി ആരോഗ്യശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും വിധികളെയും അവയ്ക്കു് സാഹായികങ്ങളായ പ്രകൃതിശാസ്ത്രങ്ങളുടെയും വിധികളനുസരിച്ചാണു്. ക്രൂടാതെ പുനർജ്ജന്മം അത്യന്താപേക്ഷിതമായി സ്വീകരിക്കയും ചെയ്യുന്നു. ക്രൈസ്തവയോഗമാകട്ടെ, പ്രസ്തുത ശാസ്ത്രവിധികളനുസരിച്ചുള്ള മാർഗ്ഗത്തിൽ വളരെസഹായിക്കുന്നുണ്ടെന്നു സമ്മതിക്കുന്നുവെങ്കിലും, അവയ്ക്കു് പ്രഥമസ്ഥാനം നൽകുന്നില്ല.

വൈധമ്മ്യം.– പുനർജ്ജന്മവാദം അയുക്തികവും അസത്യവുമാണെന്നും, ആവിഷ്കൃത ദൈവശാസ്ത്ര (Revealed theology) തത്ത്വങ്ങളും അതിൽ അധിഷ്ഠിതമായ മൗതിക ദൈവശാസ്ത്ര (Mystic theology) വിധികളുമനുസരിച്ചുള്ള മാർഗ്ഗങ്ങളാണു് പ്രഥമവും പ്രധാനവുമായി യോഗി സ്വീകരിക്കേണ്ടതെന്നും ക്രൈസ്തവയോഗം സന്ന്യായം ഉദ്ഘോഷിക്കുന്നു.

4. പാപവും പ്രസാദവരവും.— സാധമ്മ്യവൈധമ്മ്യങ്ങൾ.— പാപത്തെയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെയുംപറ്റി ചിന്തിക്കുമ്പോൾ ബൈബിളിലെ 'പഴയനിയമ'ത്തിൽ (In O. T.) പറയപ്പെടുന്ന ബാഹ്യപാപാശുദ്ധിയും (കുഷ്ഠരോഗം ആദിയായവ) അതിനു് പരിഹാരമായി വിധിക്കപ്പെടുന്ന ഭ്രഷ്ട്, സ്നാനം, ബലി മുതലായ ബാഹ്യമാർഗ്ഗങ്ങളു മാണു് ഹൈന്ദവയോഗസിദ്ധാന്തത്തിലെ പാപവും പാപപരിഹാരമാർഗ്ഗങ്ങളു മായി ഏതാണ്ടു് സാധമ്മ്യം വഹിക്കുന്നതെന്നു പറയാം. ദൈവത്തിന്റെ 'ഇഷ്ടം' (Good will) 'കരുണ' (Mercy) എന്നീ അർത്ഥങ്ങളാണു് 'പ്രസാദവര'ത്തിനു— കൃപാവരത്തിനു് (Grace) ഹൈന്ദവയോഗസിദ്ധാന്തം നൽകുന്നതു്. ചുരുക്കത്തിൽ.— ലോകദൃഷ്ടിയിൽ— മനഃഷ്യദൃഷ്ടിയിൽ— ഒരു പോരായ്മ, ന്യൂനത, സാമൂഹ്യജീവിതത്തെ വിഘ്നപ്പെടുന്ന, മാനഹാനിവരുത്തുന്ന, നിലയും വിലയും നഷ്ടപ്പെടുത്തുന്ന (Social and legal impediments) ഒരു ദുഷ്കൃത്യമാണു് ഹൈന്ദവയോഗസിദ്ധാന്തത്തിൽ പാപമായി പരിഗണിക്കപ്പെടുന്നതു്. തദനുസരണമായ പരിഹാരമാർഗ്ഗങ്ങളും— ഉദാ. വിവിധയോഗാഭ്യാസങ്ങൾ, സംസ്കാരങ്ങൾ, പുനർജ്ജന്മം ആദിയായവ— വിധിക്കപ്പെടുന്നു. ക്രൈസ്തവയോഗസിദ്ധാന്തത്തിലാവട്ടെ, പാപം ദൈവദ്രോഹമാണു്, ആത്മാവിനെ ആന്തരികമായി അലങ്കരിച്ചു ശക്തിപ്പെടുത്തുന്ന പ്രസാദവരത്തിന്റെ— വ്യൂഹണത്തിന്റെ— നഷ്ടപ്പെടുത്തലാണു് പാപം എന്നു് നിർവ്വചിക്കപ്പെടുന്നു. ആത്മാവിലെ ആന്തരികമായ അശുദ്ധിയാണു് അതു്. അതിനാൽ, അതിനെ കഴുകി ശുദ്ധിയാക്കി ശക്തിപ്പെടുത്തി അതിന്റെ സ്വാഭാവികാവസ്ഥയിൽനിന്നു് ഉയർത്തി അതർഹിക്കാത്ത ഒരു പുതിയ അവസ്ഥയിൽ സ്ഥാപിച്ചു് ദൈവികജീവിതത്തിൽ ഭാഗഭാക്കാക്കുന്ന (ദൈവമാക്കുന്നില്ല) പ്രസാദവരവും ആന്തരികവും അതിസ്വാഭാവികവുമായ ഒരു ദിവ്യൂഹണമാണു്. ചില പാപകൃത്യങ്ങളും പരിഹാരമാർഗ്ഗങ്ങളും (ക്രൈ

സുവസംസ്കാരങ്ങൾ– ക്ലേശകൾ) ബാഹ്യമാണെങ്കിലും, പാപമാലിന്യവും പ്രസൂത സംസ്കാരങ്ങൾവഴി സിദ്ധിക്കുന്ന പ്രസാദവരവും ആന്തരികമാണ്. ഇത്തരം പ്രസാദവരം കൂടാതെ ദൈവൈക്യം പ്രാപിക്കാൻ സാദ്ധ്യമല്ലെന്നു് ഖണ്ഡിതവും സുനിശ്ചിതവുമായി ക്രൈസുവയോഗം പഠിപ്പിക്കുന്നു. പാപത്തെയും പ്രസാദവരത്തെയും പറ്റിയുള്ള പ്രബോധനം ക്രൈസുവയോഗസിദ്ധാന്തത്തിനു് സ്വകീയമാണെന്നു് (Singular) സുസ്പഷ്ടം. അതിനാൽ, നിയമാനുസൃതമായ സ്നാനങ്ങളും, കായികാഭ്യാസങ്ങളും, വിവിധാസനങ്ങളും, പ്രാണയാമാദികളും പുനർജ്ജന്മവും ഐക്യപ്രാപ്തിക്കു് അത്യന്താപേക്ഷിതമായ മാർഗ്ഗങ്ങളായി അംഗീകരിക്കയും സ്വീകരിക്കയും പ്രഖ്യാപിക്കയും ചെയ്യുന്ന ഹൈന്ദവയോഗത്തിനു് കടകവിരുദ്ധമായി നിലകൊള്ളുന്നു ക്രൈസ്തവയോഗം. ജഗദ്ഗുരുവും എല്ലാവർക്കും മാതൃകയുമായ ക്രിസ്തുനാഥനും അവിടുത്തെ അനുയായികളായ മഹായോഗികളും (Saints) അതൊന്നും മാർഗ്ഗമായി സ്വീകരിച്ച പ്രവർത്തിച്ചതായി ചരിത്രം ഉദ്ഘോഷിക്കുന്നില്ല. യോഗാഭ്യാസാനുഷ്ഠാനത്തിനായി ശീതപ്രദേശങ്ങളിലേയ്ക്കോ ഹിമാലയപ്രാന്തങ്ങളിലേയ്ക്കോ അവർ പോയിട്ടുമില്ല. അങ്ങനെ, തത്ത്വത്തിലും പ്രയോഗത്തിലും ഇരുയോഗങ്ങൾ തമ്മിൽ അനവധി വൈധർമ്മ്യങ്ങളാണുള്ളതെന്നു് സുവിദിതമാണല്ലൊ.

5. അസാധാരണസിദ്ധികൾ.– സാദ്ധ്യം.–ക്രൈസുവ ഹൈന്ദവയോഗാഭ്യാസങ്ങൾമൂലം ചില അസാധാരണ സിദ്ധികൾ– കഴിവുകൾ– യോഗികൾക്കു സിദ്ധിക്കുന്നുണ്ടെന്നു് ക്രൈസുവരും ഹൈന്ദവരും സമ്മതിക്കുന്നു. ഉദാ. പ്രാണയാമംമൂലം ദീർഘനേരം ശ്വാസോച്ഛ്വാസം ചെയ്യാതിരിക്കുക, വെള്ളത്തിനടിയിൽ ദീർഘനേരം കഴിക്കുക, മർമ്മനങ്ങൾ ശരീരത്തിൽ സ്പർശിക്കാതിരിക്കുക, പലവിധ അസാധാരണ കായികാഭ്യാസങ്ങൾ ചെയ്യുക എന്നിത്യാദികൾ. ഇത്തരം സിദ്ധിക

ളും ഇവയിൽ ഉപരിയായവയും എല്ലാവർക്കും ഒന്നുപോലെ കൈവരുന്നുണ്ടെന്നു് ഇരുകൂട്ടരും വാദിക്കുന്നില്ല. യോഗാഭ്യാസങ്ങളുടെ ശക്തിയും തരഭേദവും ഇതരപരിതസ്ഥിതികളുമനുസരിച്ചായിരിക്കും അതെല്ലാം ലഭിക്കുന്നതെന്നുള്ളതിലും ഭിന്നാഭിപ്രായമില്ല. ക്രൂടാതെ മുകളിൽ ഉദാഹരണമായി കാണിച്ചിരിക്കുന്ന സിദ്ധികൾ യോഗാഭ്യാസങ്ങളുടെ അസാധാരണസ്വാഭാവികശക്തിമൂലം കരഗതമാകുന്നുവെന്ന വാദവും ക്രൈസ്തവയോഗം സ്വീകരിക്കുന്നു. വൈധർമ്മ്യം.— യോഗിക്കു ലബ്ധമാകുന്ന എല്ലാതരം സിദ്ധികളും, അവ എത്രതന്നെ അസാധാരണങ്ങളും അദ്ഭുതാവഹങ്ങളുമായിരുന്നാലും (ഉദാ. കടൽക്ഷോഭത്തെ ശാന്തമാക്കുക, വായുപ്രവാഹത്തെ നിയന്ത്രിക്കുക, ഇച്ഛാനുസരണം ആകാശഗോളങ്ങളെ നിയന്ത്രിക്കുക, പരഹൃദയജ്ഞാനം സൂക്ഷ്മമായി സമ്പാദിക്കുക, സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്ന ഭാവിഭാഗങ്ങളെ സുനിശ്ചിതമായി പ്രവചിക്കുക, പൊട്ടുന്നനവെ അസാധാരണ രോഗശമനം വരുത്തുക, മരിച്ചവരെ ഉയിർപ്പിക്കുക ആദിയായവ) യോഗാഭ്യാസങ്ങളുടെ അസാധാരണ സ്വാഭാവികശക്തിമൂലം മാത്രമാണെന്നു് ക്രൈസ്തവയോഗം സമർത്ഥിക്കുമ്പോൾ, പ്രസ്തുത ശക്തിയാൽ അങ്ങനെയും കൈവരിക ഒരിക്കലും സാധ്യമല്ലെന്നും; അസാധാരണ ദൈവികശക്തിമൂലംമാത്രം അതെല്ലാം സംഭവിക്കുന്നെന്നും; അത്തരം അസാധാരണവരങ്ങൾ ദൈവത്തിന്റെ സൗജന്യദാനങ്ങളാണെന്നും; തന്മൂലം മഹായോഗികൾക്കുപോലും സ്വാഭാവികമായി അവ അർഹമല്ലെന്നും; ഐക്യപ്രാപ്തിക്കും സച്ചിദാനന്ദാനുഭൂതിക്കും അവ ആവശ്യകമല്ലെന്നും, അത്തരം സിദ്ധികൾ യഥാർത്ഥ അദ്ഭുതങ്ങളാകയാൽ, നേരിട്ട് ദൈവത്തിനൊ, അതിനുള്ള പ്രത്യേക ദൈവികശക്തി ലഭിക്കുന്ന ദൈവത്തിന്റെ പ്രതിപുരുഷനൊ മാത്രം അതെല്ലാം പ്രവർത്തിക്കാൻ ശക്യമാകുകയുള്ളുവെന്നും; അതിനാൽ അമ്മാതിരി അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ

ഒന്നുകിൽ ദൈവംതന്നെ (ക്രിസ്തു), അല്ലെങ്കിൽ അവിടുത്തെ പ്രതിനിധീകരിക്കുന്നവൻ (അപ്പോസ്തലന്മാർ, വിശുദ്ധർ) ആയിരിക്കണമെന്നും ക്രൈസ്തവയോഗം സന്ന്യായം വാദിച്ചു സ്ഥാപിക്കുന്നു.

6. ജീവന്മുക്തി.– സാധർമ്മ്യവൈധർമ്മ്യങ്ങൾ.– ചില മഹായോഗികൾ ഐഹികജീവിതത്തിൽതന്നെ മുക്തി– ജനനമരണങ്ങളിൽനിന്നു്– പ്രപഞ്ചമായയിൽനിന്നു്– മുക്തി പ്രാപിക്കാറുണ്ടു്. 'ജീവന്മുക്ത'ന്മാർ– ജീവിച്ചിരിക്കുമ്പോൾതന്നെ മുക്തി പ്രാപിച്ചവർ എന്നു വിളിക്കപ്പെടുന്നു. ജീവന്മുക്തിയോടുകൂടിത്തന്നെ 'യഥാർത്ഥജ്ഞാനം'– 'ഞാൻ ബ്രഹ്മം'തന്നെ (അഹം ബ്രഹ്മാസ്മി) എന്ന ജ്ഞാനം ലഭിച്ചു് കുറെനാൾ ഇഹത്തിൽ ശരീരത്തോടുകൂടി ജീവിച്ചശേഷം 'വിദേഹമുക്തി' (ശരീരം ഉപേക്ഷിച്ചുകൊണ്ടുള്ള മുക്തി) പ്രാപിക്കുന്നു. മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ പ്രസാദവരത്തെയും പ്രകൃത്യതീതമായ ജീവിതത്തെയുംപറ്റി ക്രൈസ്തവയോഗസിദ്ധാന്തത്തിൽ സ്വീകൃതവും സ്ഥിരീകൃതവുമായിരിക്കുന്ന ആശയം ഹൈന്ദവയോഗം സ്വീകരിച്ചു അംഗീകരിക്കാതെ, യോഗാഭ്യാസങ്ങളുടെ ശക്തിയിൽമാത്രം വിശ്വസിക്കയും ആശ്രയിക്കയും ചെയ്യുന്നതുമുഖാന്തരം ജീവന്മുക്തിയിലും ഹൈന്ദവയോഗം വിശ്വസിക്കുന്നു. ക്രൈസ്തവയോഗത്തിലാവട്ടെ ഈ വിശ്വാസം നിഷിദ്ധമാണു്.

7. ദേവയാനമാർഗ്ഗവും ദേവലോകവും.– വിദേഹമുക്തി പ്രാപിച്ച മനുഷ്യാത്മാവു് ദേവയാനമാർഗ്ഗത്തിലൂടെ (ദേവന്മാരുടെ യാത്രാവീഥിയിലൂടെ Through the path of gods) ദേവലോകത്തിലേയ്ക്കു പുറപ്പെടുന്നു. അവിടെ പടിപടിയായി പതിമൂന്നു സ്ഥലങ്ങൾ (Stations) കടന്നു് ബ്രഹ്മലോകത്തിലെത്തുന്നു.

8. മുക്തിയുടെ നാലു പടികൾ.– ബ്രഹ്മലോകത്തിലെത്തിയ മുക്താത്മാവു് സാലോക്യം (The same world of Brahma), സാമീപ്യം (Proximity of

Brahma) സാരൂപ്യം (The same rupa or essence of Brahma), ഒടുവിൽ സായൂജ്യം– ലയനം (Union with or Absorption in Brahma) എന്നീ നാലു പടികൾ– ഗുണവിശേഷങ്ങൾ (Grades or Ranks) ക്രമാനുക്രമം പ്രാപിക്കുന്നു.–

സാധർമ്മ്യവൈധർമ്മ്യങ്ങൾ.– യാഥാർത്ഥ്യങ്ങളല്ല, വെറും സമർത്ഥനങ്ങളാണു് പ്രസ്തുത സംഗതികളിൽ പ്രകടമായി കാണുന്നതു്. തന്മൂലം സാധർമ്മ്യത്തിനു പകരം വൈധർമ്മ്യം പ്രത്യക്ഷപ്പെടുന്നു. എങ്ങനെയെന്നാൽ: മായാപ്രപഞ്ചത്തിൽനിന്നു മുക്തിനേടിയ ആത്മാവു് നേരെ സ്വർഗ്ഗത്തിലേക്കു്– ദൈവലോകത്തിലേയ്ക്കു്– ദൈവസന്നിധിയിലേയ്ക്കു പോകുന്നു. സ്ഥലകാലങ്ങൾ തരണം ചെയ്യാനില്ല. മുക്തിലബ്ധിയും സായൂജ്യപ്രാപ്തിയും– ദൈവൈക്യപ്രാപ്തിയും– ഒരേ ക്ഷണത്തിൽത്തന്നെ ആത്മാവിനു് കരഗതമാകുന്നു. വേദാന്തപഞ്ചസിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ യോഗശാസ്ത്രത്തിലെ വിവിധ വാദങ്ങളനുസരിച്ചുള്ള ഒരു സാരൂപ്യമൊ, സായൂജ്യമൊ അല്ല ക്രൈസ്തവയോഗം സ്വീകരിക്കയും അംഗീകരിക്കയും ചെയ്യുന്നതെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. 'ജീവന്മുക്തി' പദവും ക്രൈസ്തവയോഗം സ്വീകരിക്കുന്നില്ല. അത്തരം മുക്തി ഇഹത്തിൽ സാദ്ധ്യവുമല്ല. മരണാനന്തരം പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ട ഒരാത്മാവിനുമാത്രം യഥാർത്ഥവും ശാശ്വതവുമായ മുക്തി– സൗഭാഗ്യം– ലഭിക്കുന്നു. ക്രിസ്തുവിനെ കാര്യം ഉദാഹരണമായികൊണ്ടുവരാൻ പാടില്ല. അവിടുന്നു് ദൈവവുമാണല്ലൊ. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അവിടുത്തേയ്ക്കുണ്ടു്. ഇഹത്തിൽവച്ചു് ദൈവസ്വഭാവത്തിൽമാത്രം അവിടുന്നു് സൗഭാഗ്യം അനുഭവിച്ചിരുന്നു. മനുഷ്യസ്വഭാവമാകട്ടെ, ഇതരമനുഷ്യരുടേതുപോലെതന്നെ പ്രകൃതിനിയമങ്ങൾക്കു് വിധേയമായിരുന്നു. തന്മൂലം പീഡാസഹനങ്ങൾക്കു് അതു വഴങ്ങിക്കൊടുക്കേണ്ടിവന്നു. ക്രിസ്തുമരിച്ചു ഉത്ഥാനംചെയ്തശേഷ

ഒരു അവിടുത്തെ മനുഷ്യസ്വഭാവം സൗഭാഗ്യം പ്രാപിച്ചുള്ളൂ. ഇതാണ് ക്രൈസ്തവയോഗസിദ്ധാന്തവാദം. താരതമ്യേന ഇതുമായി പ്രസ്താവിച്ചശേഷം, ഇനി ഭഗവദ്ഗീതയിലെ യോഗത്തെപ്പറ്റി ചില കുറിപ്പുകൾ ഇവിടെ ചേർത്തുകൊള്ളട്ടെ. ക്രൈസ്തവലോകത്തിൽ ബൈബിളിനു് എത്ര പ്രാധാന്യവും പ്രാമാണ്യവുമുണ്ടോ അത്രയും ഗീതയ്ക്കുമുണ്ടു് ഹൈന്ദവലോകത്തിൽ. ഗീത ഉൾക്കൊള്ളുന്ന ആശയങ്ങളും പ്രബോധനങ്ങളും മറ്റും ശ്രീകൃഷ്ണഭഗവാനിൽനിന്നല്ലെ പുറപ്പെട്ടതു്? പോരെങ്കിൽ ശ്രീകൃഷ്ണഭഗവാൻ ശ്രീയേശുക്രിസ്തുതന്നെയാണെന്നു് ഹൈന്ദവലോകം വിശ്വസിക്കയും ചെയ്യുന്നു. അതുകൊണ്ടു് ഇത്തരുണത്തിൽ ഗീത വിസ്മരിക്കപ്പെടാവുന്നതല്ലല്ലൊ.

ഗീതയിലെ യോഗം.— പതഞ്ജലി പ്രഭൃതികളുടെ പ്രസിദ്ധവും പുരാതനവുമായ യോഗത്തോടു് അതു പൊരുത്തപ്പെടാത്ത ഒന്നാണു് ഗീതയിലെ യോഗം. എന്തെന്നാൽ മനുഷ്യപ്രകൃതിയും ഇതരപരിതസ്ഥിതികളും പരിഗണിച്ചു് സാധാരണമാക്കപ്പോലും ലളിതവും രസകരവും ആകർഷകവുമായി ഗീത യോഗത്തെ അവതരിപ്പിക്കുന്നു. ഇക്കാര്യസിദ്ധിക്കായി പതിനെട്ടധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഗീതയെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഗ്രന്ഥം ചരക്കുടാതെ പ്രവർത്തിക്കണമെന്നും മഹാവാക്യങ്ങളിൽ ഒന്നായ "തത്ത്വമസി"യിലെ (തത്, ത്വം, അസി = Thou art That = 'നീ' അതാണു്) 'ത്വം' = 'നീ'–ശബ്ദത്തിന്റെ അർത്ഥസാരം എന്താണെന്നും ആദ്യത്തെ ആറു് അധ്യായങ്ങൾ പഠിപ്പിക്കുന്നു. പിന്നീടു് വരുന്ന ആറു് അദ്ധ്യായങ്ങളിൽ 'തത്' = 'അതു്'–ശബ്ദം എന്താണു് അർത്ഥമാക്കുന്നതെന്നും ഭക്തി എന്താണെന്നും ശ്രീകൃഷ്ണൻ വ്യാഖ്യാനിക്കുന്നു. ബാക്കി ആറു് അധ്യായങ്ങളിൽ 'ത്വം' = 'നീ'-ശബ്ദവും 'തത്' = 'അതു്' ശബ്ദവും ഉദ്ദേശിക്കുന്ന ഇരു സത്തയും സ്വരൂപത്തിൽ (In essence– nature) ഏകമാണു്– തുല്യമാണു്

(= 'നീ ബ്രഹ്മം' ആണു്) എന്നു പ്രതിപാദിക്കപ്പെടുന്നു. അർജ്ജുനനു് ആ പ്രതിപാദനം സുഗ്രാഹ്യമാകാൻവേണ്ടി 'ജ്ഞാന'യോഗസാരാംശം എന്തിലടങ്ങിയിരിക്കുന്നുവെന്നും കൂടി ശ്രീകൃഷ്ണൻ വ്യക്തമാക്കുന്നുണ്ടു്. കഠിനവും ശ്രമകരവുമായ പുരാതന യോഗനിയമങ്ങളും മാർഗ്ഗങ്ങളും ഉപേക്ഷിച്ചു് സാധാരണന്മാക്കുപോലും അതെല്ലാം ലളിതവും എളുപ്പവുമാക്കിക്കൊണ്ടു് പ്രസ്തുത യോഗത്രയം അഭ്യസിക്കാൻ ഗീത എല്ലാവരേയും ആഹ്വാനം ചെയ്യുന്നു

ഗീതയിലെ ലളിതമാർഗ്ഗങ്ങൾ.— ആത്മസംയമനം ചെയ്യു് അഥവാ കായികവും മാനസികവുമായ സ്വശക്തികളെ നിയന്ത്രിച്ചു് മായയിൽനിന്നു് സ്വാതന്ത്ര്യംനേടി ബ്രഹ്മത്തെ പ്രാപിക്കാൻ പരിശ്രമിക്കുക എന്നതിലാണു് പുരാതന യോഗരീതി അടങ്ങിയിരുന്നതു്. എന്നാൽ ഗീത അവലംബിക്കുന്ന ആധുനികരീതി അതിൽനിന്നു വ്യത്യസ്തമാണു്. നിഗൂഢാർത്ഥംമാത്രം ഉൾക്കൊള്ളുന്ന 'ഓം' ആദിയായ 'ശബ്ദചിഹ്ന'ങ്ങളിന്മേലുള്ള (On Symbols) ധ്യാനചിന്തയ്ക്കു് അത്ര പ്രാധാന്യം കല്പിക്കാതെയും മായയിൽനിന്നുള്ള മുക്തിക്കു് പ്രഥമസ്ഥാനം നൽകാതെയും, പ്രത്യുത, നമ്മുടെ സ്നേഹബഹുമാനാദരങ്ങൾ അർഹിക്കുന്ന 'സഗുണ' ബ്രഹ്മത്തോടുള്ള (Personal god) അല്ലെങ്കിൽ 'ഭഗവാൻ' തുടങ്ങിയ 'അവതാര'പുരുഷന്മാരോടുള്ള വ്യക്തിപരമായ സ്നേഹബന്ധത്തിലും സാമീപ്യത്തിലും (In a personal relation and closeness to a personal god) ആണു് ആധുനികയോഗാഭ്യാസങ്ങളുടെ രീതി സ്ഥിതി ചെയ്യുന്നതെന്നും ഗീത പഠിപ്പിക്കുന്നു.

"വേദാഹം സമതീതാനി വർത്തമാനാനി ചാർജ്ജുന
ഭവിഷ്യാണിചഭൂതാനിമാംതുവേദന കശ്ചന" (= അർജ്ജുന! ഇതിനു മുമ്പു കഴിഞ്ഞുപോയതും ഇപ്പോഴുള്ളതും ഇനി മേലിലുണ്ടാകുന്നതുമായ പ്രാണിസമൂഹത്തെ മുഴുവനും ഞാനറിയും. എന്നാൽ എന്നെ ആരും അറിയുന്നില്ല.— ch. 7. 26). ദൈവത്തെ— ഭഗവാനെ— അടുത്തറി

ഞ്ഞാൽമാത്രം പോരാ, സപ്രയത്നങ്ങളെയും ആശക
ളെയും എന്നുവേണ്ട, സ്വയം മുഴുവനും യോഗി അവിടു
ത്തേയ്ക്കു് സമർപ്പിക്കണം. ഇങ്ങനെ സ്വയാർപ്പണംചെയ്യുന്ന
യോഗിക്കു് സകല ആശിസുകളും അനുഗ്രഹങ്ങളും സ
ഹായസംരക്ഷണങ്ങളും ദൈവത്തിൽനിന്നു ലഭിക്കും.
"അനന്യാശ്ചിന്തയന്തോ മാം യേജനാ:പര്യുപാസതേ:
തേഷാംനിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം"
(= അനന്യഭാവേന എന്നെത്തന്നെ നിരന്തരം ചിന്തി
ച്ചു ഭജിച്ചുകൊണ്ടിരിക്കുന്ന നിത്യയോഗയുക്തന്മാരായ ജ
നങ്ങളുടെ ക്ഷേമത്തെ ഞാൻതന്നെ വഹിച്ചുകൊള്ളുന്നു
താണു്– ch. 9. 2). എന്നാൽ നിരന്തരം ചിന്തിച്ചു്
ഭജിച്ചുകൊണ്ടു് യോഗം അഭ്യസിക്കാൻ കഴിവില്ലാത്തവർ
തങ്ങളുടെ കഴിവനുസരിച്ചു് ദൈവത്തെ ധ്യാനിച്ചു
ശ്രുശ്രൂഷിച്ചുകൊണ്ടാൽമതി എന്നു് ഗീത ഉപദേശിക്കുന്നു.

"അഥചിത്തം സമാധാതുംനശക്നോഷിമയിസ്ഥിരം
അഭ്യാസയോഗേനതതോമാമിച്ഛാപ്തുംധനഞ്ജയ"

(= ഇനി എന്നിൽ മനസ്സുറപ്പിച്ചുനിർത്തുവാൻ നിനക്കു
കഴിവില്ലെങ്കിൽ, ഹേ ധനഞ്ജയ! അഭ്യാസയോഗംകൊ
ണ്ടു (= നിരന്തരപ്രയത്നംകൊണ്ടു) എന്നെ പ്രാപിപ്പാനാ
ഗ്രഹിക്കുക.– ch. 12. 9). ഈവിധമുള്ള അഭ്യാസത്തെ
സാധിപ്പാൻപോലും നിനക്കു കഴിവില്ലെങ്കിൽ എനിക്കു
വേണ്ടിയുള്ള (എന്നെ പ്രാപിപ്പാൻവേണ്ടി ചെയ്യേണ്ടതായ
ജ്ഞാനം, ധ്യാനം, ഭജനം, പൂജനം മുതലായ) ശാസ്ത്രോ
ക്ത കർമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കുക. ഇപ്പ്രകാരം നീ സി
ദ്ധി പ്രാപിക്കും. ഇതുപോലും ചെയ്യാൻ നിനക്കു് സാമ
ർത്ഥ്യമില്ലാത്തപക്ഷം, അവസാനമാർഗ്ഗമായി നീ ഇതു
സ്വീകരിച്ചു അനുവർത്തിച്ചാലും: കർമ്മയോഗത്തെ ആശ്ര
യിച്ചു് മനസ്സിനെ ഒതുക്കി നിറുത്തി, പിന്നെ സകല
കർമ്മത്തിന്റെയും ഫലത്തെ ഉപേക്ഷിക്കുക. എന്തുകൊ
ണ്ടെന്നാൽ, അഭ്യാസത്തെക്കാൾ ജ്ഞാനം ശ്രേഷ്ഠം;
ജ്ഞാനത്തെക്കാൾ ധ്യാനം വിശിഷ്ടം; ധ്യാനത്തെക്കാൾ

കർമ്മഫലത്യാഗം ശ്രേഷ്ഠം. ഈ ത്യാഗത്തിൽനിന്നും വേഗം ശാന്തി കിട്ടും (ch. 12. 10–12). പ്രസ്തുത യോഗത്തപ്പങ്ങളനുസരിച്ചു് മനുഷ്യനല്ല, ദൈവമാണ് പ്രഥമവും പ്രധാനവുമായി മനുഷ്യന്റെ സൗഭാഗ്യപ്രാപ്തിയിൽ പ്രവർത്തിക്കുന്നതെന്നു് സൂസ്പഷ്ടം. ഇങ്ങനെ ഫലേച്ഛകൂടാതെ ആത്മസമർപ്പണം (Self-surrender) ചെയ്യുകൊണ്ടു് ദൈവത്തിനുവേണ്ടിയും ദൈവത്തെ പ്രതിയും ദൈവത്തിലും എല്ലാം ചെയ്യുന്നവന്റെ മുക്തി (Salvation) ജാതിഭേദമെന്യെ സുരക്ഷിതവും സുനിശ്ചിതവുമായിരിക്കും (ch. 18. 56, 65).

ഗീതയിലെ യോഗവും ക്രൈസ്തവയോഗവും

പതഞ്ജലിയുടെ യോഗത്തെക്കാൾ ഗീതയിലെ യോഗം ക്രൈസ്തവയോഗത്തോടു് കൂടുതൽ സാദൃശ്യം മാത്രമല്ല, സാധർമ്മ്യവും വഹിക്കുന്നുണ്ടു്. നിർഗ്രുണബ്രഹ്മവും (Impersonal God) അവ്യക്തശബ്ദചിഹ്നങ്ങളും (Symbols, as Om. etc.) ആണു് പതഞ്ജലിയുടെ യോഗത്തിലെ ധ്യാനവിഷയങ്ങൾ. ഇനിയും യോഗിയുടെ കായികവും മാനസികവുമായ സകല പ്രവർത്തനശക്തികളെ ചൈതന്യരഹിതമാക്കുകയും അവനെ നിശ്ചഞ്ചലനാക്കുകയും ചെയ്യുന്ന ആ യോഗം. ഇതിനെല്ലാം കടകവിരുദ്ധമായി നില്ക്കുന്ന ഗീത. തന്മൂലം ക്രൈസ്തവയോഗത്തോടു് വളരെയധികം സാമ്യം ഇതിനുണ്ടു്. എങ്കിലും, ക്രിസ്തുനാഥന്റെ അവതാരം തുടങ്ങി ക്രൂശുമരണംവരെയുള്ള മഹാരഹസ്യങ്ങളും, അവിടുത്തെ ജീവിതവും പ്രവൃത്തികളും മറ്റും ക്രൈസ്തവയോഗത്തിലെ പ്രധാന ധ്യാനവിഷയങ്ങളാണു്. അതൊന്നും ഗീതയിൽ കാണുന്നില്ല. ക്രുടാതെ, മനുഷ്യന്റെ നിത്യസൗഭാഗ്യം ദൈവത്തിന്റെ ഒരു സൗജന്യദാനമായി ഗീത ഉദ്ഘോഷിക്കുമ്പോൾ അതു വെറും സൗജന്യദാനമല്ല, പ്രത്യുത അവന്റെ സൽക്കർമ്മങ്ങൾക്കുള്ള പ്രതിഫലവുംകൂടിയാണെന്നു് ക്രൈസ്തവയോഗം പഠിപ്പിക്കുന്നു. ഇതുയും മുരു

ക്കത്തിൽ. മുകളിൽ കൊടുത്തിരിക്കുന്ന താരതമ്യവും നോക്കിയാലും. ഇനി വിമർശനഭാഗത്തേയ്ക്ക് നമുക്ക് പ്രവേശിക്കാം.

രണ്ടാം ഭാഗം

വിമർശനം.– യുക്തിയുക്തവും സ്വീകാരയോഗ്യവും പ്രശംസാർഹവുമായ പലേ ആശയങ്ങളും തത്ത്വങ്ങളും എതുമതത്തിലും ശാസ്ത്രത്തിലും സിദ്ധാന്തത്തിലും നമുക്കു കാണാൻ കഴിയുമെന്നുള്ളതു് പരമാർത്ഥമാണു്. അതുപോലെ ക്രൈസ്തവയോഗസിദ്ധാന്തത്തിലെ ആശയങ്ങൾക്കും തത്ത്വങ്ങൾക്കും സദൃശവും സമവുമായ പലേ ആശയങ്ങളും തത്ത്വങ്ങളും ഹൈന്ദവയോഗസിദ്ധാന്തത്തിലുമുണ്ടെന്നു് ആ രണ്ടു സിദ്ധാന്തങ്ങളുടെ താരതമ്യപഠനത്തിൽനിന്നു് അനുകൂതസിദ്ധം. എന്നാൽ ഹൈന്ദവയോഗത്തിലെ ചില ആശയങ്ങളും തത്ത്വങ്ങളും, അവ പ്രായോഗികമാക്കുന്ന മാർഗ്ഗങ്ങളിൽ പലതും യഥാർത്ഥന്യായശാസ്ത്രവിരുദ്ധങ്ങളും, യഥാർത്ഥ ആവിഷ്കൃതദൈവശാസ്ത്രഭിന്നവും നിഷിദ്ധങ്ങളും, വെറും യുക്തിവാദപരങ്ങളും സങ്കല്പിതങ്ങളും ആണെന്നു് ഇവിടെ ചേർക്കുന്ന വിമർശനത്തിൽ– ഗുണദോഷസൂക്ഷ്മനിരൂപണത്തിൽ നിന്നു് നിഷ്പക്ഷബുദ്ധികൾക്കു് സുവ്യക്തവും സുഗ്രാഹ്യവുമാകും. പരിണാമ, യുക്തി, ആദർശാദി അബദ്ധവാദങ്ങളും, എന്നാൽ എല്ലാറ്റിലും ഉപരിയായി 'ബ്രഹ്മാത്മൈക്യവാദവും ആണു് ഹൈന്ദവയോഗസിദ്ധാന്തത്തിലെ വാദരീതിക്കു് ഉപോദ്ബലമായി നിലകൊള്ളുന്നതെന്നു് പ്രാരംഭമായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. എങ്ങനെയെന്നാൽ: ബാഹ്യലോകത്തിൽനിന്നു ചിന്താലോകത്തിലേയ്ക്കു് ബുദ്ധികടന്നു വ്യവഹരിക്കുന്നതിനു പകരം ചിന്താലോകത്തിൽനിന്നു ബാഹ്യലോകത്തിലേയ്ക്കു കടന്നു വ്യവഹരിക്കുന്നതായി യോഗസിദ്ധാന്തത്തിൽ കാണുന്നു. അഥവ, വസ്തുനിഷ്ഠമായ യാഥാർത്ഥ്യം എന്തെന്നൊ

എങ്ങനെയെന്നോ.. എന്നും മറവും പരിശോധിക്കാതെ ആദർശങ്ങളെയും ആശയങ്ങളെയും സങ്കല്പങ്ങളെയും മാത്രം – അല്ലെങ്കിൽ സവ്വപ്രധാനമായി– ആശ്രയിച്ചു് ബാഹ്യലോകത്തിൽ ബുദ്ധിപ്രവേശിച്ചു് പ്രസ്തുത ആദർശങ്ങളാദിയായവയ്ക്കു് അനുരൂപങ്ങളായ യാഥാർത്ഥ്യങ്ങൾ വസ്തുനിഷ്ഠമാണെന്നു് വിധി കല്പിക്കുന്നു. എന്നുവച്ചാൽ, പണ്ടു് അസാദ്ധ്യവും അബദ്ധവുമായി ധരിച്ചിരുന്ന പലെ സംഗതികളും ഇന്നു സാധ്യവും സുബദ്ധവുമായി ലോകം സ്വീകരിച്ചിരിക്കുന്നു. മനുഷ്യബുദ്ധിശക്തിയും പ്രകൃതിശക്തികളും വികസിച്ചു പുരോഗമിക്കുന്നെന്നർത്ഥം. അതുപോലെ ഇന്നു അസാധ്യവും യുക്തിഭംഗവും ബുദ്ധിക്കതീതവുമായി പ്രത്യക്ഷപ്പെടുന്നവ വിദൂരഭാവിയിൽ അനുഭവപ്പെടുമെന്നുവരാം. പരിണാമാദിവാദങ്ങൾക്കു് സ്വകീയമായ വാദരീതി യോഗസിദ്ധാന്തം അവലംബിക്കുന്നുണ്ടെന്നു കാണിക്കാൻവേണ്ടിയാണു് പ്രസ്തുത വാദങ്ങളെപ്പറ്റി സ്വല്പം സൂചിപ്പിച്ചതു്. വിശദമായ ഒരു പ്രതിപാദനം പ്രകൃതത്തിൽ സംഗതമല്ലാത്തതിനാൽ അതു വിട്ടുകളയുന്നു.

പരിണാമവാദം.– ആദിയിൽ ഒരു പദാർത്ഥം (Matter) മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽനിന്നു് സാവകാശം ജീവിയും അജീവിയുമെല്ലാം ഉദ്ഭൂതമായി എന്നതാണു് പുരാതന 'പരിണാമവാദം' (Ancient Evolution Theory). ലാമാക്കു്, ഡാവ്വിൻ (Lamark, Darwin) പ്രഭൃതികളായ ആധുനികപരിണാമവാദികളുകട്ടെ, ജീവി (Living being) അജീവിയുടെ (Non-living being) പരിണാമമാകാൻ സാദ്ധ്യമല്ലെന്നു് സ്ഥാപിച്ചുകൊണ്ടു്, ഒരു ജീവിയിൽനിന്നു് വേറൊരു ഉപരിജീവി (Superior living being) ഉണ്ടാവാമെന്നു മാത്രമല്ല, അങ്ങനെ ആയിരിക്കണം എല്ലാം ഉണ്ടായതെന്നു് സമർത്ഥിച്ചു. ഉദാ. സസ്യത്തിൽനിന്നു വേറൊരു ഉപരിസസ്യവും അനന്തരം ജന്തുവും അനന്തരം മനുഷ്യനും ഉണ്ടായി. മനുഷ്യാത്മാവിന്റെ സൃഷ്ടിക്കും

ത്തിൽ വിശ്വസിച്ചിരുന്ന ലാമാക്കു്, മനുഷ്യൻ പരിണാമത്തിന്റെ ഫലമാണെന്നു വാദിക്കുന്നില്ല. എന്നാൽ കുരങ്ങിന്റെ പരിണാമമാണു് മനുഷ്യൻ എന്നു് ഡാർവ്വിൻ വാദിക്കുന്നു. തദനുസരണം മനുഷ്യൻ 'കുരങ്ങു് മനുഷ്യൻ' എന്നു വിളിക്കപ്പെടുന്നു (Ape–man). പക്ഷെ ഇന്നത്തെ കുരങ്ങിൽനിന്നാണു് മനുഷ്യൻ ഉണ്ടായതെന്നു് ഗ്രഹിക്കണമെന്നില്ല. പ്രത്യുത രണ്ടിന്റെയും പൂർവ്വികൻ ഒന്നാണെന്നുമാത്രം (A common ancestor) ധരിച്ചാൽ മതി. ഇതാണു് ആധുനിക പരിണാമവാദം (Modern Evolution Theory). മനുഷ്യാത്മാവിനെ സംബന്ധിച്ചിടത്തോളം 'സൃഷ്ടിവാദം' (Creation Theory) സ്വീകരിച്ചുകൊണ്ടു് ഇതര ജീവജാലങ്ങൾ ദൈവത്തിന്റെ 'ഇടപെടൽ'ലോടുകൂടി (God's intervention) ഏതോ ഒരു ജീവിയിൽനിന്നോ, പല ജീവികളിൽനിന്നോ, ഒരുപക്ഷേ നിർജ്ജീവവസ്തുക്കളിൽനിന്നോ (ദൈവം ഇടപെടുന്നു എന്ന സങ്കല്പത്തിൽമാത്രം) ഉണ്ടായതാണെന്നു് പരിണാമവാദികൾ സന്ദേഹം വാദിക്കുന്നുവെങ്കിൽ അവരുടെ വാദം സ്വീകരിക്കുന്നതിൽ യുക്തിഭംഗമില്ലതന്നെ. നാസ്തികപരിണാമവാദം (Atheistic Evolution Theory) ഇവിടെ വിലപ്പോകയില്ലെന്നറിഞ്ഞാലും. പുരാതന പരിണാമവാദിയായ പതഞ്ജലി ഡാർവിൻകൃട്ടരോടു് തത്ത്വത്തിൽ യോജിക്കുന്നുവെങ്കിലും അവർ അവലംബിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല. പരിണാമത്തിനു് അവശ്യാവശ്യകമായി അവർ കരുതുന്ന മാർഗ്ഗങ്ങളായ 'ആവശ്യകാനുസരണമായ വർത്തനം' (Adaptation to necessity) പ്രകൃതിനിർദ്ധാരണം (തിരഞ്ഞെടുപ്പു്) (Natural Selection) 'വർഗ്ഗനിർദ്ധാരണം' (Sexual Selection) 'ജീവിതമത്സരം' (Struggle for existence) എന്നിവ പതഞ്ജലി നിഷേധിച്ചുകൊണ്ടു് പ്രകൃതിതന്നെയാണു് അതിന്റെ ഹേതു എന്നു വാദിക്കുന്നു. "ജാത്യന്തരപരി

ണാമഃ പ്രകൃത്യാപൂരാത്'' (= ജാതിഭേദം പ്രകൃതിയുടെ പ്രവർത്തനംകൊണ്ടുതന്നെ സംഭവിക്കുന്നു– The change into another species is by the filling in of nature– R. Y. pa. 268). വികസനത്തിനും പരിണാമത്തിനും പറഞ്ഞിരിക്കുന്ന വളരെയധികം ശക്തി പ്രകൃതിയിൽ ഒളിഞ്ഞുകിടപ്പുണ്ട്. വിവിധ കാരണങ്ങളാൽ അതിന്റെ പ്രവർത്തനം വിഘ്നപ്പെട്ടിരിക്കയാൽ അതു പ്രത്യക്ഷപ്പെടുന്നില്ലെന്നേയുള്ളൂ. വിഘ്നം നീങ്ങുമ്പോൾ പ്രവർത്തനം ആരംഭിക്കും. അപ്പോൾ പരിവർത്തനവും പരിണാമവും ഉണ്ടാകുകയും ചെയ്യും എന്നിപ്രകാരമാണ് പതഞ്ജലി സമർത്ഥിക്കുന്നതു് (R. Y. pp. 194–268 ... ; above, pa. 60–61). യുക്തിയുക്തമായ 'സൃഷ്ടിവാദം' (Creation Theory) സ്വീകരിക്കാത്തവർക്കു് നില്ക്കക്കള്ളിയില്ലാതെ വിക്ഷമസന്ധിയിൽനിന്നു രക്ഷപ്പെടാൻവേണ്ടി ഓരോ നവീനവാദങ്ങൾ കണ്ടുപിടിച്ചു പ്രചരിപ്പിക്കാൻ സർവ്വകഴിവും പ്രയോഗിക്കുക സാധാരണമാണല്ലൊ. അങ്ങനെയാണു് ഇക്കൂട്ടർ നവംനവങ്ങളായ പ്രസ്ഥാത കണ്ടുപിടുത്തങ്ങൾ നടത്താൻ ഇടവന്നതു്. ഇതൊരു വെറും സമർത്ഥനമൊ, സങ്കല്പമോ അല്ലെന്നു് ഇവിടെ വ്യക്തമാക്കാം. എങ്ങനെയെന്നാൽ, അത്തരമൊരു പരിണാമം സംഭവിച്ചതായി ആർക്കുംതന്നെ അനുഭവജ്ഞാനം ഇല്ലെന്നു് പരിണാമവാദികളും സമ്മതിക്കുന്നു. അങ്ങനെ ഉണ്ടാവാം; അങ്ങനെ ആയിരിക്കണം ഉണ്ടായതു് എന്നുമാത്രം അവർ സമർത്ഥിക്കുന്നു. എന്നാൽ, ''ന്യായങ്ങൾ വസ്തുതകളെ നിഷേധിക്കയില്ലല്ലൊ'' (Arguments cannot stand against facts) എന്ന തത്ത്വശകലം നാം ഇവിടെ അനുസ്മരിക്കണം. ക്രൂടാതെ, ''ഒരുത്തനില്ലാത്തതു് അപരനു് എങ്ങനെ കൊടുക്കാൻ സാധിക്കും?'' ഒരു സജ്ജീവവസ്തുവിനെ ഉല്പാദിപ്പിക്കാൻ ഒരു നിർജ്ജീവവസ്തുവിനും, ഒരു ഉപരി സജ്ജീവവസ്തുവിനെ ഉല്പാദിപ്പിക്കാൻ ഒരു സജ്ജീവവസ്തുവിനും കഴിയുക എന്നതു് യുക്തിഭംഗവും പൂർവ്വാപരവിരുദ്ധവുമാ

ണു്. എന്തെന്നാൽ "ഇല്ലാത്തതു കൊട്ടക്കുക" എന്നു പറയുമ്പോൾ, "ഇല്ലെന്നും അതേസമയം ഉണ്ടെന്നും" ആണല്ലൊ ഗ്രഹിക്കേണ്ടതു്. "ഇല്ലെന്നും അതേസമയം ഉണ്ടെന്നും" എന്നതു് പൂർവ്വാപരവിരുദ്ധമാണല്ലൊ (Contradictory). അതിനാൽ, യുക്തിക്കും അനുഭവത്തിനും വിരുദ്ധമായ 'പരിണാമം' പണ്ടുപണ്ടേ പണ്ഡിതലോകം നിരസിച്ചുകളഞ്ഞു. സസ്യശാസ്ത്രജ്ഞനായ ആൽബെർട്ടു് മഹാൻ (1206–1280), പുരാതന ഗവേഷണ മനുഷ്യശാസ്ത്രത്തിന്റെ ജനയിതാവായ (Founder of palaentological Anthropology) സർ ആർഥർ കീത്തു്, ആധുനിക ഉല്പാദനശാസ്ത്രത്തിന്റെ പിതാവായ (Founder of modern Genetics) ആബെട്ടു്മെൻഡെൻ, പതിനഞ്ചാം ശതകത്തിൽ യൂറോപ്പിലെ മഹാനക്ഷത്രശാസ്ത്രജ്ഞനായ റേജിയൊമൊൻറാനസു്, ഊർജ്ജതന്ത്രം, രസതന്ത്രം (Physics, Chemistry) എന്നീ ശാസ്ത്രങ്ങളിലും, ശരീരശാസ്ത്രം, (Physiology) ആകൃതിശാസ്ത്രം (Morphology), രോഗാണുശാസ്ത്രം (Bacteriology), വൈദ്യുതശാസ്ത്രം എന്നിവയിൽ നടുനായകത്വം വഹിക്കുന്ന ഏം. മാൽപിഘി (1628–1694) ബി. ഫൊർറ്റുനാറൊ (1708–1764), ലൂയി പാസ്റ്റെർ (1822-1895), പോൽട്ടാ, എക്സ്റെയ്സു്(X-Rays), ഫോട്ടൊവിദ്യ (Photography), റേഡിയൊ, സൂക്ഷ്മദർശനി, തെർമോമിറർ (Thermometer) എന്നീ ഉപകരണങ്ങൾ കണ്ടുപിടിച്ചവർ··· (ഇങ്ങനെ അനേകംപേരെ എടുത്തു കാണിക്കാം.) ഇവരും ഈദൃശപ്രകൃതിശാസ്ത്രജ്ഞന്മാരും 'പരിണാമ'വാദികളായിരുന്നില്ല, സൃഷ്ടിവാദികളായിരുന്നു. പ്രകൃത്യതീതമായ ഒരു ശക്തിയുടെ ആവശ്യകതയിൽ ഇവർ ശാഢമായി വിശ്വസിച്ചിരുന്നു. ഈ യാഥാർത്ഥ്യങ്ങളെല്ലാം പരിചിന്തനം ചെയ്യുമ്പോൾ 'പരിണാമം' ഒരു വസ്തുത— വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യം (Fact or Objective truth) അല്ലെന്നു്

അനുക്തസിദ്ധം. അതിനാൽ, പ്രകൃത്യതീതമായ ശക്തി വിശേഷംക്കൂടാതെ, പരിണാമമാർഗ്ഗേണ ഏതു അസാധാരണകൃത്യവും,— യഥാർത്ഥ അദ്ഭുതംതന്നെയും മനുഷ്യനു് ചെയ്യാനുള്ള അസാധാരണകഴിവു് ലഭിക്കുമെന്നു വാദിക്കുന്നതു് നിരർത്ഥകവും അയുക്തികവുമാണല്ലൊ. ഇതിലുപരിയായി പ്രസ്തുത വാദത്തെപ്പറ്റി ഇവിടെ ചർച്ച ചെയ്യുക പ്രകൃതത്തിനു് യോജിക്കാത്തതിനാൽ അതു വിട്ടുകളയുന്നു.

യുക്തിവാദം.— മാനുഷികബുദ്ധിശക്തിക്കു് ഉപരിയായ വേറൊരു ശക്തിയുടെ സഹായംക്കൂടാതെയും അബദ്ധം പിണയാതെയും എല്ലാ സത്യവും കണ്ടുപിടിക്കാനും, ഗ്രഹിക്കാനും സ്ഥാപിക്കാനും സാധിക്കുമെന്നുമാത്രമല്ല, അത്തരമൊരു പരിശക്തി ഇല്ലെന്നുംക്കൂടി 'യുക്തിവാദം' (Rationalism) സമർത്ഥിക്കുന്നു. എന്നാൽ, മാനവസമുദായചരിത്രവും അനുഭവവും യുക്തിവാദത്തിനു് കടകവിരുദ്ധമാണല്ലൊ. ഒരു വിദ്യാർത്ഥി ഒരദ്ധ്യാപകനെയും, ഒരദ്ധ്യാപകൻ വേറൊരദ്ധ്യാപകനെയും, ഒരു ശാസ്ത്രജ്ഞൻ വേറൊരു ശാസ്ത്രജ്ഞനെയും ഓരോ വിധത്തിൽ ആശ്രയിക്കേണ്ടിവരുന്നുവെന്നുള്ളതു് പരമാർത്ഥമാത്രമാണു്. സ്വയം പര്യാപ്തത (Self-sufficiency) ആർക്കുംതന്നെയില്ല. മഹാ ഗ്രീക്കുതത്ത്വജ്ഞന്മാരായ സോക്രട്ടീസു്, പ്ലെയ്റ്റൊ, അരിസ്റ്റോട്ടൽ ആദിയായവർക്കുപോലും താത്ത്വികമായി ചില അബദ്ധങ്ങൾ പിണഞ്ഞിട്ടുള്ളതു് പ്രസിദ്ധമാണല്ലൊ. ആ വസ്തുത ടി. സത്യത്തെയല്ലെ സ്ഥിരീകരിക്കുന്നതു്? ഇതു മാത്രമൊ! ദൈവാസ്തിക്യം, മനുഷ്യാത്മാവിന്റെ അമർത്യത, അനന്തര ജീവിതം മുതലായവ ചിന്താലോകത്തിൽ സ്ഥിതിചെയ്യുന്ന വെറും വ്യവഹാരങ്ങൾ മാത്രമായിരിക്കും യുക്തിവാദിക്കു്. കൂടാതെ, പലേപല വിഷമപ്രശ്നങ്ങൾക്കു് ശരിയായ സമാധാനം ലഭിക്കാതെ മനുഷ്യൻ വല്ലാതെ വലയുന്നുണ്ടു്. അതു സ്വയം കണ്ടുപിടിക്കാൻ സാധിക്കുന്നുമില്ല. ശരിയായ സമാധാനം ലഭിക്കാതെ ബുദ്ധി സ്വയം അടങ്ങുകയു

മില്ല. സത്യം അറിയുന്നതിനുള്ള ബുദ്ധിയുടെ സ്വാഭാവികമായ ആഹം– വാഞ്ഛ – സത്യം അന്വേഷിച്ചുകണ്ടെത്തിയതിന്റെ ഫലമായി ശമിക്കുന്നുമുണ്ട്. ഇതെല്ലാം അവഗാഢം ചിന്തിക്കുമ്പോൾ മനുഷ്യബുദ്ധിശക്തിക്കതീതമായ വേറൊരു ശക്തി ഉണ്ടാകണമെന്നുള്ളതു് നിസ്സംശയമാണു്. ഗത്യന്തരമില്ലാതെ എത്രയോ യുക്തിവാദികൾ ഒടുവിൽ ഒരു പരിശക്തിയിൽ വിശ്വസിച്ചതായി ചരിത്രം സാക്ഷിക്കുന്നു! അതിനാൽ, യുക്തിവാദം യുക്തിഭംഗമുള്ളതാണെന്നു് സുസ്പഷ്ടം. പണ്ടേതന്നെ ഈ വാദവും ന്യായസഹിതം തിരസ്കൃതമായിരിക്കുന്നതിനാൽ, ഇത്രയുമാത്രം പ്രസ്താവിച്ചുകൊണ്ടവസാനിപ്പിക്കുന്നു.

ആദശ്വാദം.– മനുഷ്യബുദ്ധിയുടെ വ്യവഹാരങ്ങൾ മാത്രം (പ്രവൃത്തികൾ– Acts) യഥാർത്ഥങ്ങൾ. ബാഹ്യലോകവും ഇതരവസ്തുക്കളും ആ വ്യവഹാരങ്ങളുടെ ഫലങ്ങൾമാത്രം. ആസ്തിക്യവും നാസ്തിക്യവും ടി. വ്യവഹാരങ്ങളെമാത്രം ആശ്രയിച്ചിരിക്കുന്നു (ഉദാ.– പ്രപഞ്ചം, പക്ഷിമൃഗാദികൾ, എന്നിവ മനുഷ്യബുദ്ധി ചിന്തിക്കുമ്പോൾ അതെല്ലാം സ്ഥിതിചെയ്യും; ചിന്തിക്കാതിരിക്കുമ്പോൾ അതെല്ലാം ശൂന്യമാകും). ഇങ്ങനെ, വാസ്തവിക ബാഹ്യലോകത്തിൽനിന്നു് ചിന്താലോകത്തിലേക്കു് ബുദ്ധി പ്രവേശിക്കാതെ, വഴിപിഴച്ചു് വെറും ചിന്താലോകത്തിൽനിന്നു് ബാഹ്യലോകത്തിലേയ്ക്കു കടക്കുന്നു. തദ്ഫലമായി, ദൈവാസ്തിക്യം, മനുഷ്യാത്മാവിന്റെ ആസ്തിക്യം, അമർത്യത, അനന്തരജീവിതം ആദിയായവ ചിന്താലോകത്തിൽമാത്രം സ്ഥിതിചെയ്യുന്ന വെറും വ്യവഹാരങ്ങളായിരിക്കും. ഹേഗൽ പ്രഭൃതികളുടെ ന്യായശാസ്ത്രവാദരീതിയാണിതു്. എന്നാൽ, യഥാർത്ഥന്യായശാസ്ത്രം ഇതു തിരസ്കരിക്കുന്നു. രാമാനുജ, മാധവ ആചാര്യന്മാരും ഇതു തിരസ്കരിക്കുന്നു (The Three Great Achāryas pp. 128, 223 onwards). ഹേഗലിന്റെ വാദരീതി ഹൈന്ദവയോഗത്തിൽ പ്രതിഫലിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. എന്തെന്നാൽ, ജലാശയത്തിൽ ജലം ധാരാളമുണ്ടെങ്കിലും

ബഹിർഗമിക്കാൻ മാർഗ്ഗമില്ലെങ്കിൽ അതു അവിടെത്തന്നെ നില്ക്കുന്നതുപോലെ, മനുഷ്യന്റെ മാനസികശക്തിയുടെ (Psychic or mental energy) വികസനത്തിനു് ബാധകമായി നില്ക്കുന്ന വിഘ്നങ്ങൾ മാറുമ്പോൾ അതു വികസിക്കും. അങ്ങനെ വികസിച്ചുകഴിയുമ്പോൾ അതിനു ഏത്തും,— സൃഷ്ടികർമ്മംപോലും— സാദ്ധ്യമാകുമെന്നു യോഗശാസ്ത്രം സമർത്ഥിക്കുന്നു. ബുദ്ധിയുടെ വ്യവഹാരശക്തിയെ ആശ്രയിച്ചിരിക്കുന്ന എല്ലാം എന്നു ചുരുക്കം. ആദ്ധ്യാത്മികത്തിന്റെ ഒരു വികഭേദം മാത്രമാണല്ലൊ ഇതു്. പ്രസ്തുത വാദം തിരസ്കൃതമായിരിക്കുന്നതിനാൽ ഈ വാദവും തിരസ്കൃതംതന്നെ (R. Y. pa. 269; above pa. 110).

രാജയോഗത്തിൽ ഒരിടത്തു് ഇതു തിരസ്കരിച്ചിരിക്കുന്നതായി കാണുന്നുമുണ്ടു്, "There is an objective world independent of our minds, This is a refutation of Buddhistic Idealism" (pa. 279, no. 15).

പ്രാണയാമം.— 'പ്രാണയാമം' ശക്തിനിയന്ത്രണമാണു് (Controlling of Breath). പ്രാണയാമംമൂലം കായികവും മാനസികവുമായ സ്വശക്തിയെ നിയന്ത്രണാധീനമാക്കാൻ ഒരു യോഗിക്കു കഴിയും. അതു സാധിതമാകുന്നതോടൊപ്പം പണ്ടു് അവനു കഴിവില്ലാതിരുന്നതെല്ലാം ചെയ്യാൻ കഴിവുണ്ടാകും. പ്രകൃതിയുടെമേൽ അവനു കർതൃത്വം ലഭിക്കയും പ്രകൃതിനിയമനാകാൻ കഴികയും ചെയ്യും. (cfr. above pp. 60, 110). യോഗസിദ്ധാന്തത്തിലെ ഈ വാദഗതിയിൽ വലുതായ യുക്തിഭംഗമുണ്ടെന്നു കാണാം. എങ്ങനെയെന്നാൽ, പ്രഥമതഃ പ്രാണയാമത്താൽ സ്വശക്തിയെ പരിപുഷ്ടമായി സ്വാധീനമാക്കാമെന്നും അങ്ങനെ അസാധാരണസിദ്ധികൾ നേടാമെന്നും സമർത്ഥിക്കുന്നതു് ശരീരശാസ്ത്രത്തിനും ജീവതത്ത്വശാസ്ത്രത്തിനും വിരുദ്ധമാണു്. എന്തെന്നാൽ, മുകളിൽ പറഞ്ഞതുപോലെ, സ്വശക്തിയെ സ്വാധീനമാക്കാൻ ഒരു യോഗിക്കു

കഴിഞ്ഞാൽതന്നെയും, ജ്ഞാനത്തിന്റെ ആരംഭം ദൃശ്യ വസ്തുക്കളിൽനിന്നു് പഞ്ചേന്ദ്രിയങ്ങൾ വഴിയാണല്ലൊ. നാം അറിയുന്ന വസ്തുവിന്റെ 'സാദൃശ്യം (ആദർശം– Idea)– രൂപം– പ്രതിമ'– (Image) നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളിൽ പതിയുന്നു. ആ പ്രതിമയാൽ അവ ആവൃതമായ ശേഷമെ നാം ആ വസ്തുവിനെ അറിയുന്നുള്ളു. നമ്മുടെ ജ്ഞാനത്തിന്റെ 'മദ്ധ്യവർത്തി' (Medium) ആയി നില്ക്കുന്നതു് ആ പ്രതിമ ആണു്. പരഹൃദയത്തിൽ കുടികൊള്ളുന്ന രഹസ്യവിഷയങ്ങളുടെ രൂപം നമുക്കു് ഇന്ദ്രിയഗോചരമല്ലാത്തതിനാൽ അതൊന്നും അറിയാൻ കഴിവില്ല. ഒരാൾ അതു വെളിപ്പെടുത്തിയാൽ അതു് ഇന്ദ്രിയഗോചരമായി. അപ്പോൾ അതിന്റെ രൂപം നമുക്കു ലഭിക്കയും അതറിയാൻ കഴികയും ചെയ്യും. സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്ന ഭവിഷ്യൽക്കാര്യങ്ങൾ നമുക്കിപ്പോൾ ദൃശ്യമല്ല (Not sensible) ഭവിഷ്യൽതന്നെ. 'ത്രികാലജ്ഞനു'– ദൈവത്തിനു'– മാത്രമെ ഭവിഷ്യൽ വർത്തമാനമായി നില്ക്കുന്നുള്ളു. അതു കൊണ്ടു് ദൈവത്തിനു മാത്രമെ അതറിയാൻ സാധിക്കൂ. യോഗസിദ്ധാന്തവും അതു സമ്മതിക്കുന്നു. അതിനാൽ, ദൈവം വെളിപ്പെടുത്താതെ, യോഗീശ്വരന്മാർക്കുപോലും സ്വാഭാവികമായി അതൊന്നും അറിയാൻ സാദ്ധ്യമല്ലെന്നു് സ്പഷ്ടം. എന്നാൽ, ത്രികാലജ്ഞൻതന്നെയാണു് യോഗീശ്വരനും എന്നു പറയുന്നതു് ജീവാത്മാവു് പരമാത്മാവുതന്നെയാണെന്ന വാദത്തെ ആധാരമാക്കിയാണു്. അതു നിഷിദ്ധമാണെന്നു സൂചിപ്പിക്കുന്നതിനുംപുറമെ അതിന്റെ ഒരു ഖണ്ഡനം പ്രത്യേകമായി ചുവടെ ചേർക്കുന്നതായിരിക്കും.

രണ്ടാമതു്.– മുകളിൽ കണ്ടതുപോലെ (pp. 61–62) ഒരാൾക്കു സ്വശക്തി മുഴുവനും മുഴുവനായി സ്വാധീനമാക്കാം, അതോടൊപ്പം പ്രകൃതിശക്തി മുഴുവനും– സൃഷ്ടവസ്തുക്കളുടെ ശക്തി മുഴുവനും (Universal energy) സ്വാധീനമാക്കാമെന്നു് പണ്ഡിതാഗ്രേസരനായ സ്വാമി

വിവേകാനന്ദൻ സമർത്ഥിക്കുന്നതു് യുക്തിവിരുദ്ധമാണു് (Illogical). എന്തെന്നാൽ, ഒരു പ്രത്യേക പ്രസ്താവനയിൽനിന്നു് ഒരു സാർവ്വത്രികപ്രസ്താവനയിലേക്കു് നിഗമനം യുക്തിയുക്തമല്ലല്ലൊ (Inference from a particular statement to a universal one is not logical). എന്നാൽ, മറിച്ചാണെങ്കിൽ ആ നിഗമനം യുക്തിയുക്തമായിരിക്കും. ഈ തത്ത്വശകലമനസരിച്ചു് 'സ്വശക്തി' എന്നു പറയുമ്പോൾ ഒരാളുടെ 'സ്വന്തം ശക്തി' എന്നു മാത്രമെ അർത്ഥമാകുന്നുള്ളു. മറ്റൊന്നും അതിലുൾപ്പെടുന്നില്ല. തന്മൂലം ഒരാൾ സ്വശക്തി മുഴുവനും മുഴുവനായും സ്വനിയന്ത്രണത്തിൽ കൊണ്ടുവന്നാലും അതോടുകൂടി സൂക്ഷ്മാശക്തിയും സ്വനിയന്ത്രണത്തിലാക്കി എന്ന നിഗമനം ശരിയല്ല. ഉദാ.– ഒരാൾ ആഹാരം കഴിച്ചതുമുഖാന്തരം അയാളുടെ വിശപ്പും ദാഹവും ശമിച്ചു. അതിനാൽ, ആഹാരം കഴിക്കാത്തവരുൾപ്പടെ എല്ലാവരുടെയും വിശപ്പും ദാഹവും ശമിച്ചുവെന്നു പറയാമൊ? ഒരാൾ ജനിച്ചപ്പോൾ എല്ലാവരും ജനിച്ചു; ഒരാൾ മരിച്ചപ്പോൾ എല്ലാവരും മരിച്ചു; ഒരാൾ പാപം ചെയ്തപ്പോൾ എല്ലാവരും പാപം ചെയ്തു··· എന്നിപ്രകാരം പറയുന്നതു് ശരിയൊ? അതു് ശരിയാണെന്നു സമ്മതിച്ചാൽ, ഒരാൾമാത്രം യോഗ്യാഭ്യാസങ്ങൾ അനുഷ്ഠിച്ചാൽ മതി; അപ്പോൾ എല്ലാവരും ടി. അഭ്യാസങ്ങളനുഷ്ഠിച്ചവരും സിദ്ധരുമായിരിക്കും. നേരെമറിച്ചു്, മനുഷ്യരെല്ലാവരും ബലഹീനരാണു്; ആഗതരായ അതിഥികളെല്ലാവരും ഊണു കഴിച്ചു··· എന്നിങ്ങനെ പറയുമ്പോൾ, ഓരോ മനുഷ്യനും ബലഹീനനാണു്, ഓരോ അതിഥിയും ഊണു കഴിച്ചു, എന്നു് ന്യായമായി സിദ്ധിക്കുന്നുണ്ടു്. ഈ വാദരീതി ഇതു സുവിദിതവും യുക്തിയുക്തവുമാണെങ്കിലും 'സ്വശക്തി' എന്നു പറയുമ്പോൾ അതിൽ ഇതരശക്തി മുഴുവനും ഉൾപ്പെടുന്നു (One's energy includes all other energy– R. Y. pa. 38). എന്ന നിഗമനത്തിൽ മഹാ പണ്ഡിതനായ

സ്വാമി വിവേകാനന്ദൻ ചെന്നെത്തിയതു് വിസ്മയാവഹംതന്നെ. വളരെവിലാസത്തോടെ ചെയ്യുന്ന പ്രസംഗപരമ്പരകളുടെ ഒരു ഉഷ്യഫലമെന്നല്ലാതെ എന്തു പറയട്ടെ! അതിനാൽ, ഒരു യോഗി സ്വശക്തി മുഴുവനും തനിക്കു് വിധേയമാക്കുമ്പോൾ പ്രകൃതി മുഴുവൻതന്നെയും പരമനാഥനാകുകയും എതു് അദ്ഭുതവും ചെയ്യാൻ അവനു കഴിയുകയും ചെയ്യുമെന്നും കൃസ്തുഭഗവാൻ അങ്ങനെയാണു് അദ്ഭുതങ്ങൾ പ്രവർത്തിച്ചതെന്നും ഹൈന്ദവയോഗസിദ്ധാന്തം സമർത്ഥിക്കുന്നതു് തികച്ചും നിരർത്ഥകവും അയുക്തികവുമല്ലെ? 'സങ്കലന' ന്യായവിദ്യയും 'നിഗമന'ന്യായവിദ്യയും (Inductive logic and Deductive logic) പ്രസ്തുത സമർത്ഥനം സന്ന്യായം സ്വീകരിച്ചംഗീകരിക്കുമോ?

സങ്കല്പവാദം.— യഥാർത്ഥ ന്യായമോ, തെളിവോ ക്രമമോ— അടിസ്ഥാനരഹിതമായി— ഒരു സംഗതി ഇങ്ങനെയാണു്, അങ്ങനെയാണു്... എന്നും മറ്റും സ്ഥാപിക്കുന്ന വാദമാണു് സങ്കല്പവാദം. ഉദാ.— പദാർത്ഥം സ്വയം ഉദ്ഭൂതമായി. പ്രകൃതിശക്തിയാൽ പരിണാമംവഴി പദാർത്ഥത്തിൽനിന്നു് സസ്യവും, സസ്യത്തിൽനിന്നു് മൃഗവും, മൃഗത്തിൽനിന്നു് മനുഷ്യനും ഉണ്ടായി. അല്ലെങ്കിൽ, അങ്ങനെയായിരിക്കണം ഓരോ ജീവിയും ഇന്നത്തെ നിലയിലെത്തിയതു്. ചില മഹാ യോഗികൾക്കു് യോഗാഭ്യാസംമൂലം അസാധാരണ കഴിവുകൾ സിദ്ധിച്ചുവെന്നും, അതിനു് ഒരുപക്ഷെ 1000, 10000 വർഷങ്ങൾ വേണ്ടിവന്നിട്ടുണ്ടായിരിക്കുമെന്നും 'ബ്രഹ്മജ്ഞാനം' ലഭിക്കുമ്പോൾ ആ യാഥാർത്ഥ്യം അനുഭവപ്പെട്ടുമെന്നും, ദ്രോണൻ, ശങ്കരൻ മുതലായ മഹാ യോഗികൾക്കു് അതു് അനുഭവപ്പെട്ടുവെന്നും മറ്റും യോഗശാസ്ത്രം വാദിക്കുന്നതിന്റെ അധിഷ്ഠാനം പ്രസ്തുത സങ്കല്പവാദമാണു് (R. Y. pp. 3, 287). എന്നാൽ, ടി. സംഗതികളെല്ലാം വെറും സങ്കല്പങ്ങളല്ലാതെ മറെറന്താണു്? അതിലേക്കായി യാതൊരു തെളിവും കൊണ്ടുവരുന്നില്ല. മതിയായ തെളിവു

ക്കൂടാതെ, സുദൃഢമായും സുനിശ്ചിതമായും അവയിൽ വിശ്വസിക്കാൻ ആർക്കു സാധിക്കും? അവ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളായി ആർ സ്വീകരിക്കും? ലോകപ്രസിദ്ധരും വന്ദ്യരുമായ മഹാ സിദ്ധന്മാരാണവർ. സ്വാനുഭവമാണ് അവർ സാക്ഷിക്കുന്നതു്. അതിനാൽ, അവരുടെ സാക്ഷ്യം അപ്രമാദികവും അനിഷേധ്യവുമാണെന്നു് യോഗശാസ്ത്രജ്ഞന്മാർ സമാധാനം പറഞ്ഞേക്കാം. കൊള്ളാം, അവർ അത്തരക്കാരാണെന്നും, അതുകൊണ്ടു് അവർ പറയുന്നതു് സത്യമാണെന്നും സംശയരഹിതമായി ആർക്കു പറയാൻ കഴിയും? കൂടാതെ, ആ സംഗതികൾ അവർ പ്രസ്താവിച്ചിട്ടുള്ളതാണോ; ചരിത്രവസ്തുതകളാണോ അവ എന്നൊരു പ്രശ്നം ഇത്തരുണത്തിൽ ചിന്തനീയമാണു്. വീണ്ടും, ലോകപ്രസിദ്ധരായ മഹാ പണ്ഡിതന്മാർക്കും സിദ്ധന്മാർക്കും ചിലപ്പോൾ ചില സംഗതികളിൽ അബദ്ധം പിണഞ്ഞിട്ടില്ലെ? പ്രകൃതിശാസ്ത്രചരിത്രത്തിലേക്കു് ഒന്നു കണ്ണോടിച്ചാലും! ദൈവമൊ, ദൈവാധികാരം ലഭിച്ചിട്ടുള്ള അപ്രമാദികനായ ഒരു ഗ്രന്ഥകർത്താവോ അതിനെല്ലാം സാക്ഷ്യം വഹിക്കുന്നുണ്ടൊ? അപ്രമാദികനായ ഗ്രന്ഥകർത്താവ് ആരാണു്? മഹാ വേദാന്തികളായ സങ്കര, രാമാനുജ, മാധവ, നിംബാർക്ക, വല്ലഭാചാര്യന്മാർ പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങളല്ലെ കെട്ടിപ്പടുത്തിയിരിക്കുന്നതു്? ആ സ്ഥിതിക്കു് ആരുടെ പ്രബോധനമാണു് അനിഷേധ്യം? ശ്രുതിസ്മൃതികൾ പ്രമാദരഹിതങ്ങളല്ലെന്നും വെറും മനുഷ്യനിർമ്മിതങ്ങളാണെന്നും ഗ്രന്ഥാവലിരണ്ടാം നമ്പരിൽ തെളിയിച്ചിട്ടുണ്ടല്ലൊ. ഇതെല്ലാം ആസ്പദമാക്കി ചിന്തിക്കുമ്പോൾ, സത്യ, ന്യായ, യുക്തികൾ പ്രസ്തുത വാദത്തിനു് അനുകൂലമല്ല, പ്രതികൂലമാണെന്നു് പ്രസ്പഷ്ടമാകും. സത്യം സത്യത്തിനു് വിരുദ്ധമാകാൻ പാടില്ലല്ലൊ. അതിനാൽ, യോഗാഭ്യാസംമൂലം സ്വശക്തിയെ അനന്തമായി വികസിപ്പിക്കാനുള്ള കഴിവു് മനുഷ്യനു് ലഭിക്കുമെന്നുള്ള വാദം വെറും സങ്കല്പം.

എതിർന്യായം.– പ്രകൃതിയിൽ ഒളിഞ്ഞുകിടക്കുന്ന ശക്തി നമുക്കിപ്പോൾ അജ്ഞാതമാണ്. അതിന്റെ കഴിവില്ലായ്മക്ക് ഒരു പരിധി നിശ്ചയിക്കാൻ സാദ്ധ്യവുമല്ലാത്തതിനാൽ, ബഹുസഹസ്രവർഷങ്ങൾകൊണ്ട് അതു വികസിച്ച് അസാധാരണശക്തി പ്രാപിച്ച് യഥാർത്ഥ അദ്ഭുതങ്ങൾതന്നെ പ്രവർത്തിച്ചെന്നുവരാം. അല്ല, മഹാ യോഗികൾ അദ്ഭുതങ്ങൾ പ്രവർത്തിച്ചതു് അങ്ങനെതന്നെ ആയിരിക്കണം··· എന്നൊരെതിർന്യായം പരിണാമവാദികളായ ഹൈന്ദവയോഗികൾ ഉന്നയിക്കുന്നു. കൊള്ളാം. ഇതിനു് ശരിയായ സമാധാനം നല്കാൻ അത്ര ശ്രമകരമല്ല. പ്രകൃതിയിൽ പലേ ശക്തികളും ഇനിയും നിശ്ശുദ്ധമായി സ്ഥിതി ചെയ്യുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ. പലേ വർഷങ്ങൾക്കു ശേഷമായിരിക്കാം അവയുടെ ബാഹ്യപ്രകടനം സംഭവിക്കാൻ പോകുന്നതു്. പക്ഷെ, പ്രകൃതിശക്തിക്കു് പരമാവധി പരിധി നിശ്ചയിക്കാൻ നമുക്കിപ്പോൾ കഴിയും. പ്രകൃതിശക്തി വികസിച്ചാലും ഇത്രത്തോളമെ അതിനു വികസിക്കാൻ കഴിയൂ; ആയിരം വർഷങ്ങൾ കടന്നുപോകട്ടെ, ആ പരിധി കടന്നുപോകാൻ അതിനു കഴികയില്ലെന്നും മറ്റും നമുക്കു സുനിശ്ചിതമായി പറയാം. എങ്ങനെയെന്നാൽ, കാര്യകാരണങ്ങൾ (Cause and effect) തമ്മിൽ പൊരുത്തം വേണമല്ലൊ. അദ്ഭുതകരമായ ഒരു പ്രവൃത്തിയുടെ സ്വഭാവം, സാഹചര്യങ്ങൾ എന്നിവയെല്ലാം ചേർത്തു ചിന്തിക്കുമ്പോൾ ആ പ്രവൃത്തിയും അതിനു് സഹകരിച്ചിട്ടുള്ള പ്രകൃതിശക്തികളും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നു് സുബുദ്ധികൾക്കു കാണാം. ഒരു വാക്കുകൊണ്ടു് അപ്പം വർദ്ധിപ്പിക്കുക, കുരുടനു് കാഴ്ച നല്കുക, വെള്ളം വീഞ്ഞാക്കുക, കുഷ്ഠരോഗിയെ സൗഖ്യപ്പെടുത്തുക, മരിച്ചയാളെ ഉയിർപ്പിക്കുക . . . ഇവയെല്ലാം പ്രകൃതിയുടെ സകല ശക്തികളെയും അതിലംഘിക്കുന്നില്ലെന്നു് ആരാണു വാദിക്കുക? അവർ കൊണ്ടുവരുന്നതേറെ ഒരു ന്യായം: ഒരായിരം വർഷങ്ങൾ കഴിയുമ്പോൾ പ്രകൃതിക്കു് ഇന്നില്ലാത്ത ശക്തി ലഭ്യമായെന്നുവരാം.

ഇന്നു് സിദ്ധാന്തിക്കു് അദ്ഭുതം പ്രവർത്തിക്കാനുള്ള ശക്തി കൈവന്നതു് അങ്ങനെയായിരിക്കണം . . . എന്നും മറ്റും. പക്ഷെ, ഇതിനു് എന്താണു ന്യായം; എന്താണു തെളിവു്; അനുഭവം സാക്ഷിക്കയൊ, ചരിത്രം സ്ഥിരീകരിക്കയൊ ചെയ്യുന്നുണ്ടൊ? ഈ ചോദ്യത്തിനു് തക്ക സമാധാനം നല്കാൻ അവർക്കു കഴിയുന്നില്ല. അതിനാൽ, അവരുടെ ന്യായം യഥാർത്ഥത്തിൽ വെറും അന്യായം, സമർത്ഥനം, സങ്കല്പം, വെറും കൂട്ടുകെട്ടു എന്നുമാത്രം. യഥാർത്ഥ ആവിഷ്കരണത്തിൽ വിശ്വസിക്കാതെ പ്രകൃതിശാസ്ത്രങ്ങളുടെ കഴിവുകൾക്കു് കൂട്ടുതൽ വില കല്പിച്ചതിന്റെ ഫലമാണു് ഈ അബദ്ധം.

ബ്രഹ്മാത്മൈക്യവാദം.— പരമാത്മാവും ജീവാത്മാവും ഒന്നുതന്നെ എന്ന വാദത്തിനാണു് ബ്രഹ്മാത്മൈക്യവാദം എന്നു പേർ പറയുന്നതു്. ഇതേപ്പറ്റി മുകളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലൊ (pa. 98). ഏതെങ്കിലും ഒരു വിധത്തിൽ ജീവാത്മാവു് പരമാത്മാവുതന്നെയാണെന്നും അതുകൊണ്ടു് അതിനൊരനന്തശക്തിയുണ്ടെന്നും മറ്റും ദ്വൈതസിദ്ധാന്തകർത്താവായ മാധവപ്രഭൃതികളൊഴിച്ചു് ഇതരവേദാന്തികൾ സാമാന്യം സങ്കല്പിച്ചതിനാലാണു് അനേകായിരം വർഷങ്ങൾ കഴിഞ്ഞിട്ടെങ്കിലും ജീവാത്മാവിനെ ബാധിച്ചിരിക്കുന്ന 'മായാ'ശക്തി മാറുമ്പോൾ അതിന്റെ അദ്ഭുതാവഹമായ സിദ്ധികൾ പ്രകടമാകുമെന്ന അയഥാർത്ഥവും അയുക്തികവുമായ നിഗമനത്തിലെത്താൻ അവർക്കു സംഗതിവന്നതു്. സൃഷ്ടിവാദ (Creationism) നിഷേധമാണു് ടി. നിഗമനത്തിന്റെ മൂലകാരണം. സൃഷ്ടിവാദവും അരിസ്റ്റോട്ടൽ പ്രഭൃതികളായ മഹാ തത്ത്വശാസ്ത്രജ്ഞന്മാരുടെ ജീവതത്ത്വശാസ്ത്രവും (Rational psychology) യുക്തിയുക്തവും യഥാർത്ഥവുമാണെന്നു് സ്വീകരിക്കാതെ പലേ കുഴഞ്ഞ പ്രശ്നങ്ങൾക്കു് ശരിയായ സമാധാനം കണ്ടെത്താൻ സാദ്ധ്യമല്ലെന്നും, മനുഷ്യാത്മാവു് പരിമിതമായ വെറും ഒരു സൃഷ്ടിയാണെന്നും, തന്മൂലം ആദ്യന്ത

ഹീനത (Eternity), അനന്തത (Infinity) ആദിയായ ദൈവികലക്ഷണങ്ങൾ അതിനില്ലെന്നും, ഉണ്ടാവാൻ സാദ്ധ്യമല്ലെന്നും ശാസ്ത്രലോകം പണ്ടേ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ അതിവിടെ ഒരു ചർച്ചാവിഷയമാക്കിയാൽ ചവ്വതചവ്വണം ചെയ്യുന്നതുപോലെയായിരിക്കും (Chewing the cud). വേദാന്തികളോട് ഒന്നു ചോദിച്ചുകൊള്ളട്ടെ. ജീവാത്മാവു് പരമാത്മാവുതന്നെയാണെങ്കിൽ, അതു് മുക്തി പ്രാപിക്കുന്നതുവരെ ആ സത്യം അതിനെങ്ങനെ അജ്ഞാതമായിരിക്കും? ആ അനന്തശക്തി അതിനെങ്ങനെ നഷ്ടീഭവിക്കും; എങ്ങനെ പ്രവർത്തനരഹിതമായിരിക്കും? ഇതുരണ്ടിനും ഹീനമായി അതിനെ അധഃപതിപ്പിക്കാൻ ഏതൊരു ശക്തിക്കു കഴിവുണ്ടാകും? ഒരുപക്ഷെ, വേദാന്തത്തിലെ 'മായാ'ശക്തിമൂലമോ? അതൊരു യഥാർത്ഥ സത്വം (Reality or Being) ആണെങ്കിൽത്തന്നെയും അനന്തശക്തിയെ അതിശയിക്കുന്ന വേറൊരു മഹാശക്തി ഉണ്ടെന്നു് അനുമിക്കേണ്ടിവരികയില്ലെ? അങ്ങനെയെങ്കിൽ, വേദാന്തികളുടെ പരമാത്മാവു് – പരബ്രഹ്മം– ആദ്യന്തഹീനനും അനന്തനും സർവ്വജ്ഞനും– സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വലോകസ്രഷ്ടാവും, നിയന്താവും പരിപാലകനും അല്ലെന്നു് സിദ്ധിക്കയില്ലെ? വേദാന്തികളെ, ചിന്തിച്ചാലും! അവശ്യം ചിന്തിച്ചാലും! പോരാ, ചിന്താലോകത്തിൽനിന്നു് വാസ്തവികലോകത്തിലേക്കു് ഒന്നു ഇറങ്ങിവന്നാലും! വീണ്ടും, മായാശക്തി പരബ്രഹ്മത്തെ ബാധിക്കയില്ലെന്നു് ഗീത ഉച്ചൈസ്വരം പ്രഖ്യാപിക്കുന്നില്ലെ? 'മായാവി'യുടെ (കൺകെട്ടുവിദ്യക്കാരന്റെ) മായാവിദ്യ അവന്റെ ജ്ഞാനത്തെ വിഴുങ്ങിപ്പൊട്ടത്തുന്നില്ല; അവന്റെ വീക്ഷണത്തെ ബാധിക്കുന്നില്ല; പ്രത്യുത, പ്രേക്ഷകരുടെ വീക്ഷണത്തെ ബാധിക്കയും തന്മൂലം അവർ വഞ്ചിതരാകയും ചെയ്യുന്നതുപോലെതന്നെ ബ്രഹ്മത്തെ ആവരണം ചെയ്യുമെന്നു പറയുന്ന മായാശക്തിമൂലം ഉണ്ടാകുന്ന (Māyā spread over the Lord, which veils the

understanding of others in recognising Him, does not obscure His own knowledge, as it is His, and He is the wielder of it,– Just as the glamour (Māyā) caused by a Juggler (Māyāvin) does not obstruct his own knowledge. This illusion which binds others cannot dim His vision (Gita 7. 25. Explanation).

മായയാൽ– അജ്ഞാനത്താൽ– ബാധിതനല്ല ബ്രഹ്മം എന്നു് ഈശോപനിഷത്തും പ്രസ്താവിക്കുന്നു (സ . . . ക്ഷമ പാപവിദ്ധം = He is unaffected by ignorance; lit. untarnished by evil,– cfr. stanza 9). ഈ ന്യായങ്ങളുടെയും വസ്തുതകളുടെയും വെളിച്ചത്തിൽ വേദാന്തികളുടെ വാദത്തെ എങ്ങനെ സാധൂകരിക്കാൻ കഴിയും! ശ്രുതി സ്മൃതിവാക്യങ്ങളെ അവഗണിക്കാൻ അവർക്കു സാധിക്കുമോ! അവഗണിച്ചാൽ അവയിൽ പൂർവ്വാപരവൈരുദ്ധ്യം ഉൾക്കൊള്ളുന്നുണ്ടെന്നു് അവർ സമ്മതിക്കേണ്ടിവരികയില്ലെ! അതിനാൽ, അബദ്ധസങ്കീർണ്ണമായ ഒന്നാണു് 'ബ്രഹ്മാത്മൈക്യ'വാദം എന്നു് സുവ്യക്തം.

കൃസ്തുവിന്റെ അദ്ഭുതപ്രവർത്തന ശക്തി

കൃസ്തു സ്വയം ഉത്ഥാനം ചെയ്തും മരിച്ചവരെ പുനർജ്ജീവിപ്പിച്ചതും ഇതര അദ്ഭുതങ്ങൾ പ്രവർത്തിച്ചതും പ്രാണായാമവും മറ്റഭ്യാസങ്ങളും മുഖേന തനിക്കു ലബ്ധമായ അസാധാരണ ശക്തിവിശേഷത്താൽ മാത്രമാണെന്നു യോഗസിദ്ധാന്തം വാദിക്കുന്നു. പ്രകൃതിനാഥനു് ഏതൊരദ്ഭുതവും പ്രവർത്തിക്കാൻ കഴിയും. മുകളിൽ പറഞ്ഞ വിധത്തിൽ മഹാ യോഗിയായ കൃസ്തു പ്രകൃതിനാഥനായി പരിണമിച്ചു. അതിനാൽ, കൃസ്തു ദൈവമായിരുന്നെങ്കിലും, ദൈവമായിരുന്നതുകൊണ്ടല്ല, പ്രകൃതിനാ

ഥനായിരുന്നതുകൊണ്ട് അദ്ഭുതങ്ങൾ പ്രവർത്തിച്ചു. ആ സ്ഥിതിക്കു്, അദ്ഭുതങ്ങൾ ക്രിസ്തുവിന്റെ ദൈവത്വത്തെയും ക്രൈസ്തവമതത്തിന്റെ അതിസ്വാഭാവികതയെയും തെളിയിക്കാൻ പര്യാപ്തങ്ങളല്ല, എന്നു് പ്രസ്തുതവാദം സ്വയം പ്രസ്തുഷ്ടമാകുന്നു. ഇങ്ങനെ, അദ്ഭുതങ്ങൾക്കു് ലോകം നല്കുന്ന ആ മഹാ ശക്തിവിശേഷത്തെ യോഗം തുണവൽക്കരിക്കയും അവയുടെ സ്ഥാനം സ്വയം കരസ്ഥമാക്കുകയും ചെയ്തു. എന്നാൽ, ന്യായത്തിനും വസ്തുതയ്ക്കും വെളിപാടിനും വിരുദ്ധമാണു് ഈ വാദം. ഹൈന്ദവയോഗവിധികളനുസരിച്ചു് ക്രിസ്തു യാതൊരഭ്യാസവും അനുഷ്ഠിച്ചിട്ടില്ല; അത്തരം അഭ്യാസങ്ങൾക്കനുയോജ്യമായ സ്ഥലകാലസാഹചര്യങ്ങളന്വേഷിച്ചു നടന്നിട്ടില്ല; ഹിമാലയപ്രാന്തങ്ങളിൽപോയി താമസിച്ചിട്ടില്ല; യോഗവിധിയനുസരിച്ചുള്ള ആഹാരരീതി സ്വീകരിച്ചിട്ടില്ല; പ്രാണായാമവും മറ്റും ചെയ്തിട്ടില്ല. വീണ്ടും, മരിച്ചയാളെ പുനർജ്ജീവിപ്പിക്കണമെങ്കിൽ അയാളുടെ ശരീരത്തിൽ പരശക്തി ചെലുത്തണം. ശരീരത്തെ ചൂടുപിടിപ്പിക്കുക, അതിൽ വായു കയറ്റുക എന്നിത്യാദി പലതും ചെയ്തശേഷമെ അതു പുനർജ്ജീവിക്കുകയുള്ളു എന്നു യോഗശാസ്ത്രം വിധിക്കുന്നു. പക്ഷെ, മരിച്ചുപോയ ലാസർ ആദിയായവരെ— ക്രിസ്തു പുനർജ്ജീവിപ്പിക്കുന്നതിനുമുമ്പ് അമ്മാതിരി യാതൊന്നും ചെയ്യാതെ, ഒരു വാക്കുകൊണ്ടും, ഒരു സ്പർശനംകൊണ്ടുംമാത്രം പുനർജ്ജീവൻ നല്കി. അപ്രകാരം, ക്രിസ്തുവിന്റെ മൃതശരീരത്തിലും വേറെ ആരും യോഗവിധിയനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ല. എങ്കിലും, പ്രവചിച്ചതുപോലെ മൂന്നാംനാൾ അവിടുന്നു് ഉത്ഥാനം ചെയ്തു. വീണ്ടും, ഒരു വാക്കുകൊണ്ടു് അപ്പം വർദ്ധിപ്പിക്കുക, കുരുടനു് കാഴ്ച നല്കുക, വെള്ളം വീഞ്ഞാക്കുക, കുഷ്ഠരോഗിയെ സൗഖ്യമാക്കുക മുതലായ മഹാ അദ്ഭുതങ്ങൾ ക്രിസ്തു പ്രവർത്തിച്ചു. ഇത്തരം അദ്ഭുത പ്രവൃത്തികളിൽ യോഗാഭ്യാസങ്ങളുടെ അസാധാരണ ശക്തിയെയോ, പ്രകൃതിശക്തികളെയോ പ്രത്യക്ഷപ്പെടുന്നില്ല.

അവ തമ്മിൽ യാതൊരു പൊരുത്തവും കാണുന്നില്ല. അതിനാൽ, കുസൃ സ്വദൈവികശക്തിമൂലം അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അവിടുന്ന് ദൈവമാകയാൽ പ്രകൃതിനാഥനുമാണല്ലൊ; പ്രകൃതി അവിടുത്തേയ്ക്കു വിധേയവുമാണല്ലൊ. ഇതര ക്രൈസ്തവയോഗികളും അദ്ഭുതങ്ങൾ പ്രവർത്തിച്ചതു ദൈവികശക്തിമൂലംതന്നെ. അങ്ങനെയിരിക്കെ, കുസൃവിന്റെ ദൈവത്വവും കുസൃമതത്തിന്റെ ദിവ്യത്വവും തെളിയിച്ചു സ്ഥാപിക്കാൻ അദ്ഭുതങ്ങൾ പര്യാപ്തങ്ങളാണെന്നു് അനുകൂസിദ്ധം. അതിനാൽ, യോഗസിദ്ധാന്തവാദം നിഷിദ്ധം. "വൃഥാ വാദം വൃഥാ നിഷിദ്ധം." (What is gratuitously asserted, is gratuitously denied).

ഹൈന്ദവയോഗികളുടെ പ്രവചനങ്ങളും
അദ്ഭുതപ്രവൃത്തികളും

പ്രവചനം.– 'സ്വതന്ത്ര മനസ്സിനെമാത്രം ആശ്രയിച്ചിരിക്കുന്ന ഭവിഷ്യൽസംഗതികളെ സുനിശ്ചിതമായും സുവിദിതമായും മുൻകൂട്ടി അറിയിക്കുക', എന്നതാണു് പ്രവചനം. ഉദാ.– 1958 ജൂൺ മാസം 10–ാംനു- കാലത്തു 9 മണിക്കു് കല്ലാറിൽവച്ചു ഇന്ന പീറർ ഇന്ന പാപം ചെയ്യും. എന്നാൽ, പ്രകൃതിനിയമങ്ങളെ ആശ്രയിച്ചിരിക്കുന്ന ഭവിഷ്യൽക്കാര്യങ്ങൾ പ്രവചനത്തിന്റെ വിഷയങ്ങളല്ല. ഉദാ.– നാളെ സൂര്യൻ ഉദിക്കും, അസ്തമിക്കും . . . എന്നിത്യാദി. ഊഹാപോഹങ്ങൾ പ്രവചനങ്ങളല്ല. ദൈവേതരന്മാരും പിശാചുക്കളും പ്രവചനരൂപത്തിൽ പലതും അറിയിച്ചേക്കാം. അവയിൽ പലതും സംഭവിച്ചേക്കാം. മനുഷ്യനെക്കാൾ കൂടുതൽ ബുദ്ധിശക്തിയും ജ്ഞാനവുമുള്ളവരാണല്ലൊ അവർ. പക്ഷെ, ഇതൊന്നും പ്രകൃതിശക്തിയെ അതിശയിക്കാത്തതിനാൽ യഥാർത്ഥ പ്രവചനമല്ല. ചുരുക്കത്തിൽ, 'ത്രികാലജ്ഞനു്' (ഭൂതവർത്തമാന ഭവിഷ്യൽ കാലങ്ങൾ അറിയുന്നവനു്) മാത്രം– ദൈവത്തിനുമാത്രം–

അറിയാൻ കഴിയുന്നവയെ പ്രവചനവിഷയത്തിൽപ്പെട്ടുകയുള്ളു. ഇതെല്ലാം മാനദണ്ഡമായി വച്ചുനോക്കുമ്പോൾ, ഹൈന്ദവമതഗ്രന്ഥങ്ങളിലൊ, മഹത്തുക്കളായിരുന്നവരുടെ ചരിത്രഗ്രന്ഥങ്ങളിലൊ ചിലർ പ്രവചിച്ചതായി രേഖപ്പെടുത്തിട്ടുണ്ടെങ്കിൽ അതൊന്നും യഥാർത്ഥ പ്രവചനമായി സ്വീകരിക്കാൻ സാധ്യമല്ലെന്നു് സ്പഷ്ടമാകും. ഇനി ഒരുപക്ഷെ, യഥാർത്ഥ പ്രവചനം അവയിൽ കാണുന്നുണ്ടെങ്കിൽ, അതു് ദൈവത്തിന്റെ പൊരും സൗജന്യദാനഫലമായി എടുക്കാനെ തരമുള്ളു. വ്യാജമതാവലംബികളായ ചിലക്കു് ചിലപ്പോൾ ദൈവം അത്തരം ദാനം നല്കിയതായി ബൈബിൾ സാക്ഷിക്കുന്നുണ്ടു്. (Num. 24. 17; Math. 7. 22; John 11. 51). അതിനാൽ, യോഗാഭ്യാസങ്ങളുടെ സ്വാഭാവികശക്തിമൂലമല്ല പ്രവചനം സംഭവിക്കുന്നതു്. അതു രണ്ടും തമ്മിൽ ഒരു ബന്ധവും പൊരുത്തവും കാണുന്നില്ല. ഒരു സാധ്യത്രികസത്യമായി ലോകചരിത്രം അതു സ്വീകരിച്ചു് അംഗീകരിക്കുന്നില്ല. ഒരു മതാനുയായികൾ മതപ്രതിപത്തിമൂലം അതു് സത്യമായി അംഗീകരിച്ചേക്കാം എന്നുമാത്രം. നേരെമറിച്ചു്, ബൈബിളിലെ പ്രവചനങ്ങളെ യഥാർത്ഥങ്ങളായി ലോകം മുഴുവനും, ബൈബിൾവിരോധികൾപോലും സശിരഃകമ്പം സ്വീകരിച്ചിരിക്കുന്നു. അതിനാൽ, കൃസ്തുവിന്റെ ജനനം, പീഡാനുഭവം, മരണം മുതലായ സംഗതികളെപ്പറ്റിയുള്ള പ്രവചനങ്ങളുടെ പ്രാമാണ്യവും കൃഷ്ണന്റെ ജനനം തുടങ്ങിയ വിവിധ സംഗതികളെക്കുറിച്ചുള്ള പ്രവചനങ്ങളുടെ പ്രാമാണ്യവും എന്തെന്നു് ചിന്തിച്ചു ഗ്രഹിക്കാൻ ഹൈന്ദവയോഗികൾക്കു് പ്രസ്തുത വൈപരീത്യം ഇടയാക്കട്ടെ.

അദ്ഭുതങ്ങൾ.— യഥാർത്ഥ അദ്ഭുതങ്ങളും (True miracles) അദ്ഭുതാവഹങ്ങളായ പ്രവൃത്തികളും (Wonderful things or things causing admiration) എന്നിങ്ങനെ രണ്ടു തരമുണ്ടു്. സ്വപ്ന

പ്രകൃതിശക്തിയെയും അതിശയിക്കുന്ന ഒന്നാണ് യഥാർത്ഥ അദ്ഭുതം. തന്മൂലം പ്രകൃതിനാഥനുമാത്രമെ— ദൈവത്തിനുമാത്രമെ— അതു പ്രവർത്തിക്കാൻ കഴിവുള്ളൂ. വേദാന്തഗ്രന്ഥാവലി രണ്ടാം നമ്പറിൽ ഇതിനു് മതിയായ തെളിവുകളും വിശദീകരണങ്ങളും കാണാം. അദ്ഭുതാവഹമായ പ്രവൃത്തികൾ ചെയ്യാൻ സൃഷ്ടവസ്തുക്കൾക്കും (മനുഷ്യർക്കും ദൈവദൂതന്മാർക്കും പിശാചുക്കൾക്കും— സുരാസുരന്മാർക്കും) കഴിയും. യോഗാഭ്യാസങ്ങളുടെ ശക്തിയാൽ കാണികളെ അദ്ഭുതപ്പെടുത്തുന്ന ചില അസാധാരണ സംഗതികൾ യോഗികൾക്കു ചെയ്യാം. പ്രാണായാമം ശരിയായി അഭ്യസിച്ച ഒരാൾക്കു് ദീർഘനേരം വെള്ളത്തിന്നടിയിൽ ജീവവായുകൂടാതെ കഴിച്ചുകൂട്ടാം. അതുപോലെ, ശ്വാസോച്ഛ്വാസത്തിനു് ഒരു പഴുതുമിടാതെ യോഗാഭ്യാസിക്കു് മണ്ണിന്നടിയിൽ കിടക്കാം. ദീർഘസമയത്തിനുശേഷം മൂതിയടഞ്ഞവൻ ഉത്ഥാനം ചെയ്യുന്നതുപോലെ ആ അഭ്യാസിക്കു് ജീവനോടെ പുറത്തുവരാം. ഇതിലുപരിയായവ പിശാചുക്കൾക്കു ചെയ്യാമെന്നു് സ്വയം സ്പഷ്ടമാണല്ലൊ. ആകാശത്തിൽനിന്നു് തീയിറക്കുക, പണമില്ലാത്തവനു് പണം കൊടുക്കുക, ഒരു മല മാറിക്കളയുക . . . എന്നിവയെല്ലാം പരസഹായവും സമയദൈർഘ്യവും കൂടാതെ ചെയ്യാൻ ദുഷ്ടാത്മരൂപികൾക്കുപോലും ശക്തിയുണ്ടു്. ആശ്ചര്യകരങ്ങളായ പലേ അസാധാരണസംഗതികൾ മന്ത്രവാദികൾ പ്രവർത്തിച്ചതായി ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. ഉദാഹരണമായി, ഈജിപ്തിലെ മഹാമാരികൾ എടുക്കാം. ദൈവാജ്ഞപ്രകാരം മോസസിന്റെ സഹോദരനായ ആരോൻ തന്റെ വടി നിലത്തിട്ടപ്പോൾ അതു് പാമ്പായി തീർന്നു. ഫറവോൻരാജാവിന്റെ ആജ്ഞപ്രകാരം മന്ത്രവാദികളും അങ്ങനെ ചെയ്തു. വീണ്ടും ആരോൻ ആറ്റിലെ ജലമെല്ലാം രക്തമായി പകർത്തി. മന്ത്രവാദികളും അതുപോലെ ചെയ്തു. ആരോൻ വീണ്ടും വടി ഉയർത്തിപ്പിടിച്ചപ്പോൾ ആറ്റിൽനിന്നു് തവളകൾ കയറി നാടും വീടും നിറ

ഞ്ഞു. അപ്രകാരം മന്ത്രവാദികളും ചെയ്തു (Exodus ch. 7, 8). ഈ പ്രവൃത്തികളിൽ യോഗാഭ്യാസാശക്തി പ്രത്യക്ഷപ്പെട്ടന്നില്ല. അതേപ്പറ്റി യാതൊരു സൂചന പോലും ഇവിടെ കാണുന്നില്ല. ആരോനൊ, മന്ത്രവാദികളൊ യോഗാഭ്യാസികളായിരുന്നുവെന്നു പ്രസ്താവിക്കുന്നില്ല. യോഗാഭ്യാസത്തിനു് സമയം നല്കാതെ പൊടുന്നനവെയാണു് അവർ പ്രസ്തുത പ്രവൃത്തികൾ ചെയ്തതു്. ആരോൻ ദൈവാജ്ഞയാലും മന്ത്രവാദികൾ മന്ത്രവാദത്താലും ചെയ്തുവെന്നു് പ്രകൃതത്തിൽനിന്നു സ്പഷ്ടമാണല്ലൊ. ദുഷ്ടാത്മാക്കളായ പിശാചുക്കളുടെ ശക്തിമൂലമാണു് മന്ത്രവാദം ഫലിക്കുന്നതെന്നു് പരക്കെ വിശ്വസിക്കപ്പെടുന്നു. അതിനാൽ, പ്രസ്തുത അസാധാരണ പ്രവൃത്തികൾ യഥാർത്ഥ അദ്ഭുതങ്ങളല്ലെന്നു് സ്വയം സിദ്ധിക്കുന്നു. ഇനി മന്ത്രവാദികളുടെയും ദുഷ്ടാത്മാക്കളുടെയും കഴിവില്ലായ്മയെ ഉദാഹരിക്കുന്ന ചില സംഗതികൾകൂടി നമുക്കു പരിശോധിക്കാം. ദൈവശക്തിയാൽ ആരോൻ ഭൂമിയിൽനിന്നു കൊതുകുകളെ പുറപ്പെടുത്തി. അതു മന്ത്രവാദികൾക്കു് സാധിച്ചില്ല. "ഇതു ദൈവകരമാണു്" എന്നപ്പോൾ അവർ പറഞ്ഞു ഫറവോൻ രാജാവിനോടു പറഞ്ഞു (cfr. id. ch. 8). ഏലിയാസു് പ്രവാചകനും വ്യാജപ്രവാചകരും തമ്മിൽ ഒരു വെല്ലുവിളി നടന്നു. ഏലിയാസിന്റെ ദൈവമൊ അവരുടെ ദേവനൊ സത്യദൈവം, എന്നായിരുന്നു ആ വെല്ലുവിളി. ആ സത്യത്തിന്റെ സ്ഥിരീകരണത്തിനുവേണ്ടി ഏലിയാസു പ്രവാചകൻ ഇപ്രകാരം പറഞ്ഞു: കാളയെക്കൊന്നു് ഓരോ ബലി ഇരുകക്ഷികൾക്കും അർപ്പിക്കാം. ആരുടെ ദൈവം ആകാശത്തിൽനിന്നു് തീയിറക്കി ബലിവസ്തുവിനെ ദഹിപ്പിക്കുമൊ ആ ദൈവം സത്യദൈവമായിരിക്കും എന്നു്. പ്രതിപക്ഷക്കാർ അതു സമ്മതിച്ചു. ഇരുകക്ഷികളും ബലിയാരംഭിച്ചു. അവരുടെ ബലിവസ്തുവിനെ തീയിറക്കി ദഹിപ്പിക്കുന്നതിനും പലപല മന്ത്രങ്ങളും മറ്റും ചൊല്ലി ദിവസം മുഴുവനും കേണുവീണു് ദേവ

ന്മാരോട്ട് പ്രാർത്ഥിച്ചു. പക്ഷെ ഫലം നാസ്തി. അനന്തരം ദൈവമായ തന്റെ കർത്താവിനോട്ട് ഏലിയാസു പ്രാർത്ഥിച്ചു. ഉടൻ ആകാശത്തിൽനിന്നു് തീയിറങ്ങി അള്ളേഹത്തിന്റെ ബലിവസ്തുവിനെ ദഹിപ്പിച്ചു. അപ്പോൾ പ്രതിപക്ഷക്കാർ ഇങ്ങനെ ആർത്തുവിളിച്ചു: "അവനാണു് കർത്താവായ ദൈവം; അവനാണു് കർത്താവായ ദൈവം", (3 Kings 18. 15, 39). ക്രൂശതെ, ടി. അദ്ധ്യ. വാ. 41–45 ഉം; ഡാനിയേൽ 3. 1–22, 49–50, 93–100 ഉം കാണുക. അതിനാൽ, പ്രകൃതിശക്തികളും, മന്ത്രവാദികളുടെയും ദുഷ്ടാത്മാക്കളുടെയും ശക്തികളുമതീതമായ ഒരു ശക്തി ഉണ്ടെന്നും അതു് ദൈവികശക്തിയാണെന്നും ആ ശക്തികൾക്കുമാത്രം കഴിയാവുന്ന ചില അസാധാരണകൃത്യങ്ങളുണ്ടെന്നും അവയാണു് യഥാർത്ഥ അദ്ഭുതങ്ങളെന്നു വിളിക്കപ്പെടുന്നതെന്നും പ്രസ്തുത ചരിത്രവസ്തുതകൾ ധാരാളം വ്യക്തമാക്കുന്നുണ്ടല്ലൊ. മാത്രമല്ല, ദൈവം വിചാരിച്ചപ്പെടുത്തുന്നില്ലെങ്കിൽ മാത്രമെ പിശാചുക്കൾക്കു് ചില ആശ്ചര്യകരങ്ങളായ സംഗതികൾ ചെയ്യാൻ സാധിക്കുകയെന്നുംകൂടി സിദ്ധിക്കുന്നുണ്ടു് (Exodus 8. 14–15).

എതിർന്യായം.— ശ്രീയേശുക്രിസ്തുവിന്റെ ജനനത്തെയും മറ്റും പറഞ്ഞു പ്രവചനങ്ങൾ ഉണ്ടായതായും നിറവേറിയതായും വിശ്വസിക്കപ്പെടുന്നതുപോലെ, ശ്രീകൃഷ്ണന്റെ ജനനത്തെയും മറ്റുംപറഞ്ഞു പ്രവചനങ്ങൾ ഉണ്ടായിരുന്നുവെന്നും നിറവേറിയെന്നുംവിശ്വസിക്കപ്പെടുന്നുണ്ടു്. അതിനാൽ, പ്രവചനവും അതിന്റെ പൂർത്തീകരണവും സത്യദൈവത്തിന്റെ ഇടപെടൽ (Intervention) മൂലമാത്രമാണു് സംഭവിക്കുന്നതെന്നു് വാദിക്കാൻ ന്യായമില്ല (Srīmad Bhāgavata, Eng. Translation By Dr. V. Rahavan M. A., Ph. D., and Life and Teachings of Sri Krishna By M. R. Sampatkumaran M. A.).

സമാധാനം.— ശ്രീകൃഷ്ണജനനത്തെയും മറ്റും പറ്റി യഥാർത്ഥ പ്രവചനങ്ങൾ ഉണ്ടായിരുന്നുവെന്നും അവ കൃത്യമായി നിറവേറിയെന്നും ചരിത്രം സാക്ഷിക്കുന്നില്ല. ശ്രീകൃഷ്ണനെപ്പറ്റി പ്രസ്താവിക്കുന്നവ ചരിത്രവസ്തുതകളല്ലെന്നും വെറും ഊഹാപോഹങ്ങളും കെട്ടുകഥകളുമാണെന്നും മുകളിലുദ്ധരിച്ച ഗ്രന്ഥങ്ങളിൽ കാണുന്നു. വീണ്ടും, തന്റെ യഥാർത്ഥ ദിവ്യതത്വംമൂലം യേശുക്രിസ്തു ലോകത്തിൽ സർവ്വത്ര സമാജ്ജിച്ചിരിക്കുന്ന സ്ഥാനമഹിമയും നിലയും വിലയും സ്നേഹബഹുമാനാദരങ്ങളും കണ്ട് ഇന്നത്തെ കൃഷ്ണഭക്തർ ഒരു വീരയോധാവിനെ പടിപടിയായി ഉയർത്തി കൃസ്തുവിന്റെ സ്ഥാനത്ത് യഥാർത്ഥ ദൈവാവതാരമായി പ്രതിഷ്ഠിച്ചുവെന്ന് സുപ്രസിദ്ധ ഹൈന്ദവപണ്ഡിതനായ സർ രാധാകൃഷ്ണൻ പ്രസ്താവിക്കുന്നു (Ind. Philosophy, vol. 1. pa. 494). ഇതു മാത്രമോ? ശ്രീകൃഷ്ണൻ ഒരു ചരിത്രപുരുഷനാണൊ എന്നുംകൂടി ആധുനികചരിത്രപടുക്കൾ സംശയിക്കുന്നു. ഇതെല്ലാം നിഷ്പക്ഷബുദ്ധ്യാ പരിചിന്തനം ചെയ്യുമ്പോൾ പ്രസ്തുത പ്രവചനങ്ങൾ യഥാർത്ഥ പ്രവചനങ്ങളല്ലെന്നും അനന്തരകാലങ്ങളിൽ അവ യഥാർത്ഥ പ്രവചനങ്ങളായി ചില കൃഷ്ണഭക്തർ എഴുതിച്ചേർത്തതാണെന്നും സിദ്ധിക്കുന്നു. വേദാന്തഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇതര പ്രവചനങ്ങളും തഥൈവ. ഊഹാപോഹങ്ങളായി (Conjectures) ഒരാൾ പലതും മുൻകൂട്ടി പറഞ്ഞിട്ടുള്ളതിൽ ചിലതെല്ലാം അപ്രകാരം സംഭവിച്ചുവെന്നുവരാം. അതു സാധാരണമാണ്. പക്ഷെ, ഇവിടെ കാണിച്ചിട്ടുള്ള ബലിഷ്ഠങ്ങളായ ന്യായങ്ങളെ അതൊന്നും ബലഹീനമാക്കുന്നില്ല.

അദ്ഭുതങ്ങൾ.— ശ്രീകൃഷ്ണൻ, മഹർഷിമാർ, ശങ്കരാചാര്യാദി യോഗീശ്വരന്മാർ അദ്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. അതെല്ലാം അവർ പ്രവർത്തിച്ചതു് യോഗാഭ്യാസബലത്താൽ അവർക്ക് ലബ്ധമായ അസാധാരണ ശക്തി

കൊണ്ടാണ്. ഉദാ. ശ്രീകൃഷ്ണന്റെ അദ്ഭുതങ്ങൾ.– 1) കാളിയദമനം (The subduing of the serpent Kāliya). ശ്രീകൃഷ്ണന്റെ സഞ്ചാരസ്ഥലമായ ബൃന്ദാവനത്തിനുസമീപെ 'യമുന' എന്ന പേരോടുകൂടിയ ഒരു കളമുണ്ടായിരുന്നു. കാളിയൻ എന്ന മഹാ സർപ്പത്തിന്റെ വിഷാധിക്യത്താൽ കലുഷിതമായ അതിലെ ജലം ഉപയോഗശൂന്യമായി തീർന്നു. ശ്രീകൃഷ്ണൻ അതിനെ പരാജയപ്പെടുത്തി ക്ഷീണിപ്പിച്ചു് സമുദ്രത്തിലെ ഒരു ദ്വീപത്തിലേക്കു് ഓടിച്ചുവിട്ടു (Srimad Bhāgavata, By Dr. V. Raghavan M. A., Ph.D., pa. 293). ഇതാ ഒരദ്ഭുതം! 2) വർഷനാഥനായ (Lord of rain) ഇന്ദ്രൻ കോപിഷ്ഠനായി ഘോരമാരി വർഷിപ്പിക്കാൻ തുടങ്ങി. അതു വർഷിച്ച സ്ഥലത്തെ ഗോപികളും ഗോക്കളും ശീതാധിക്യത്താൽ വല്ലാതെ വിഷമിച്ചു് ഗോപാലനായ കൃഷ്ണന്റെ അഭയം തേടി. സ്ഥലത്തുണ്ടായിരുന്ന ഗോവർദ്ധനം എന്ന ഒരു വലിയ മലയെ കൃഷ്ണൻ ഒറ്റയ്ക്കെക്കൊണ്ടു് പിഴുതെടുത്തു് ഒരു വലിയ കുടപോലെ പിടിച്ചു് എല്ലാവരെയും ശൈത്യത്തിൽനിന്നു രക്ഷിച്ചു. ഇതു കണ്ടു് ഇന്ദ്രൻ ലജ്ജിതനായി തന്റെ ഉദ്യമത്തിൽനിന്നു വിരമിച്ചു, കണ്ടാലും! വേറൊരദ്ഭുതം (id. pa. 306). സമാധാനം.– ശ്രീകൃഷ്ണന്റെ ജനനം തുടങ്ങിയ വിവിധ ജീവിതാവസ്ഥകളും പ്രവൃത്തികളും മാത്രമല്ല, അദ്ദേഹത്തിന്റെ ഐഹികജീവിതംപോലും ഒരു ചരിത്ര വസ്തുത അല്ലെന്നു സ്ഥാപിക്കാൻ നിരൂപകർ മടിക്കാത്ത സ്ഥിതിക്കു് (cfr. pa. 137) പ്രസ്തുത പ്രവൃത്തികൾ യഥാർത്ഥസംഭവങ്ങളൊ! അവ യഥാർത്ഥങ്ങളാണെങ്കിൽത്തന്നെയും യഥാർത്ഥ അദ്ഭുതങ്ങളൊ! സുരാസുരന്മാക്കു് (Good and bad spirits) ചെയ്യാൻ കഴിയാവുന്ന അസാധാരണ പ്രവൃത്തികൾ മാത്രമാണു് അവ (വേദാ. ഗ്രന്ഥാ. നമ്പർ 2, പേജു് 17). ചില മഹർഷിമാർ മൃതിയടഞ്ഞവരെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടെന്നു് ചരിത്രം സാക്ഷിക്കുന്നു. കൊള്ളാം. ഏതു, ആരു

ടെ ചരിത്രം? സത്യം അസത്യമായും, അസത്യം സത്യമായും എടുത്തുകാണിക്കുന്ന ചരിത്രമാണൊ അതു്? ലോകചരിത്രമാണൊ അതു്? സ്വാർത്ഥോദ്ദേശ്യംവച്ചു് സ്വമത പ്രതിപത്തിയാൽ പ്രേരിതരായ ചിലർ അത്തരം അദ്ഭുതകൃത്യങ്ങൾ ചരിത്രവസ്തുതകളായി രേഖപ്പെടുത്തീട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. പക്ഷെ, ബൈബിളിലെ അദ്ഭുതങ്ങൾക്കു് ലോകം നല്കുന്ന ചാരിത്രികവില അവകു നല്കുന്നില്ല എന്ന സത്യം പ്രകൃതത്തിൽ നാം അനുസ്മരിക്കണം. ബൈബിളും അതിലെ സംഭവങ്ങളും സർവ്വജാതിജനങ്ങളും സർവ്വത്ര സ്വീകരിച്ചംഗീകരിക്കുന്നു. വ്യത്യാസം കണ്ടാലും! അതിനാൽ, മരിച്ചവർ ഉത്ഥാനം ചെയ്യുവെന്നു പറയുമ്പോൾ, ഒന്നുകിൽ അതൊന്നും യഥാർത്ഥചരിത്രസംഭവമല്ല; അല്ലെങ്കിൽ അവർ യഥാർത്ഥത്തിൽ മരിച്ചില്ല; യഥാർത്ഥത്തിൽ മരിച്ചുവെങ്കിൽ അവരല്ല ഉത്ഥാനം ചെയ്യുന്നു്, അവരുടെ ആകൃതിയിലും പ്രകൃതിയിലും വെറും ഭ്രമങ്ങൾ പ്രത്യക്ഷപ്പെട്ടുവെന്നുമാത്രം, എന്നു നാം ധരിക്കണം. ശ്രീശങ്കരാചാര്യരുടെ അദ്ഭുതങ്ങൾ… 1) ശങ്കരനെ പിടിച്ച മുതലയിൽനിന്നുള്ള വിമോചനം. സന്ന്യസിക്കുന്നതിനു് തന്റെ ഏക പുത്രനായ ശങ്കരനെ ആര്യ (ശങ്കരന്റെ മാതാവു്) അനുവദിച്ചില്ല. സ്വമാതാവിന്റെ വൈമനസ്യം കണ്ടു് ചിന്താകുലനായി പൂർണ്ണാനദിയിൽ (ആലുവാപ്പുഴയിൽ) ശങ്കരൻ സ്നാനം ചെയ്യുകൊണ്ടിരിക്കയിൽ തന്നെ ഒരു മുതല പിടിച്ചു. ശങ്കരന്റെ നിലവിളികേട്ടു് അമ്മ ഓടിച്ചെന്നു. രക്ഷാമാർഗ്ഗത്തെപ്പറ്റി അമ്മ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ സന്ന്യസിക്കാൻ തന്നെ അനുവദിക്കുന്നപക്ഷം മുതലയുടെ ആക്രമണത്തിൽനിന്നു് താൻ സ്വതന്ത്രനാകുമെന്നു് ശങ്കരൻ അമ്മയോടു പറഞ്ഞു. ഗത്യന്തരമില്ലാതെ അമ്മ വല്ലാതെ കുഴഞ്ഞപ്പോൾ സന്ന്യാസാശ്രമത്തിൽ പ്രവേശിക്കാൻ സമ്മതിച്ചു. തത്ക്ഷണം ശങ്കരൻ മനസാ സന്ന്യാസം കൈവരിച്ചു. അന്നേരം മുതല ശങ്കരനെ വിട്ടുപോകുകയും ചെയ്തു. 2) കനകധാര.— ശ്രീശങ്കരൻ

ബ്രഹ്മചാരിയായി ഗുരുകുലവാസംചെയ്യുവരുമ്പോൾ ഏറ്റവും ദരിദ്രനായ ഒരു ബ്രാഹ്മണന്റെ ഇല്ലത്തു് ഭിക്ഷ വാങ്ങുവാനായി പോയി. ആ ബ്രാഹ്മണൻ സ്ഥലത്തില്ലായിരുന്നു. അദ്ദേഹത്തിന്റെ പത്നിയായ ആ സാദ്ധ്വി ഒരു നെല്ലിക്കമാത്രം ശങ്കരനു കൊടുത്തു. ആ നല്ല ദരിദ്രയുടെ സങ്കടം കണ്ടു് ആ ഇല്ലക്കാരുടെ ദാരിദ്ര്യദുഃഖം പോക്കുവാനായി ശങ്കരൻ ഐശ്വര്യാധിദേവതയായ ശ്രീ മഹാലക്ഷ്മിയെ ആശ്രയിച്ചു. ശങ്കരൻ ശ്രീലക്ഷ്മിക്കു് ചെയ്ത സ്തുതിസ്തോത്രത്തിനു് 'കനകധാരാസ്തുതി' എന്നു പേർ പറയുന്നു. പ്രസ്തുത സ്തോത്രാനന്തരം ആ കുചേലഭവനം കുബേരപുരമായി തീർന്നു. 3) ആലുവാപ്പുഴയുടെ വടക്കൻ കൈവഴിയുടെ ഉദ്ഭവം.— അത്യുഷ്ണമുള്ള ഒരു ദിവസം ശങ്കരന്റെ പ്രിയ മാതാവു് കുളിക്കാനായി നദിയിലേയ്ക്കു പോയി. എന്നാൽ പതിവിലധികംസമയം കഴിഞ്ഞിട്ടും സ്വമാതാവു് മടങ്ങിവരാത്തതുകണ്ടു് പുത്രൻ അന്വേഷിച്ചുചെന്നു. അപ്പോൾ മാതാവു് വളരെയധികം ക്ഷീണിച്ചിരിക്കുന്നതായി കണ്ടു് ഉചിതങ്ങളായ ശീതോപചാരങ്ങളെക്കൊണ്ടു് ശ്രമപരിഹാരം ചെയ്തു. അനന്തരം പരസഹായത്തോടുകൂടി ശങ്കരൻ സ്വമാതാവിനെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോന്നു. ഇനിമേലിൽ ഇത്തരം സങ്കടം നേരിടാതിരിപ്പാൻ ശങ്കരൻ നദിയെ പ്രാർത്ഥിച്ചു. ഉടൻ നദി ഒരു ദേവിയുടെ രൂപത്തിൽ പ്രത്യക്ഷയായി അദ്ദേഹത്തിന്റെ ആഗ്രഹം എന്താണെന്നു ചോദിച്ചു. തന്റെ ഗൃഹസമീപത്തുകൂടി ഒഴുകണമെന്നു ശങ്കരൻ പ്രതിവചിച്ചു. അതനുസരിച്ചു് പിറേറദിവസം രാവിലെ മുതൽ ആ ഗൃഹത്തിന്റെ സമീപത്തുകൂടി ഒഴുകാൻ തുടങ്ങി. ഇതാണു് ആലുവാപ്പുഴയുടെ വടക്കൻ കൈവഴി. ഇങ്ങനെ പോകുന്ന അദ്ഭുതങ്ങളുടെ എണ്ണവും വണ്ണവും (സ്വാമികളുടെ ജീവചരിത്രം, By Pandit Vasudevan Moosed, അദ്ധ്യ. 4–5). മുകളിൽ കൊടുത്തിരിക്കുന്ന സമാധാനം ഇവിടെയും മതിയാകും. ഒരേതരത്തിൽപ്പെട്ട ഏതിർന്യായങ്ങൾക്കു് ഒരേസമാധാനംതന്നെ. ഒരു

സംഗതി ഒന്നുകൂടി എടുത്തു പറഞ്ഞുകൊള്ളട്ടെ. പ്രസ്തുത അദ്ഭുതങ്ങൾ പ്രവർത്തിച്ചവർ അസാധാരണ യോഗാഭ്യാസങ്ങൾ ചെയ്യുവരാണെന്നും അവയുടെ അസാധാരണ ശക്തിമൂലമാണ് അവയെല്ലാം നടന്നതെന്നും ചരിത്രം സാക്ഷിക്കുന്നില്ല. വല്ല രേഖയുണ്ടെങ്കിൽത്തന്നെയും അതിനു തക്ക ന്യായമൊ, തെളിവൊ നല്കുന്നില്ല. ദുഷ്ടാത്മാക്കളുടെ (അസുരന്മാരുടെ) ശക്തിമൂലം വല്ല അസാധാരണസംഗതികൾ സംഭവിച്ചിട്ടുണ്ടാവാം. അതൊന്നും യഥാർത്ഥഅദ്ഭുതങ്ങളുടെ ഗണത്തിൽപ്പെടുന്നില്ല. സത്യദൈവഭക്തന്മാർ ചെയ്ത അദ്ഭുതകൃത്യങ്ങളും അവരെ വെല്ലുവിളിച്ചുകൊണ്ട് അദ്ഭുതം ചെയ്യാൻവന്ന മന്ത്രവാദികൾക്കു പറ്റിയ ആപത്തുകളും ഇവിടെ നാം വിസ്മരിക്കരുതു് (cfr. above, pp. 134–36). അതിനാൽ, യുക്തിക്കും ന്യായത്തിനും ചരിത്രത്തിനും ആവിഷ്കരണത്തിനും വിരുദ്ധമായ യോഗസിദ്ധാന്തവാദം അബദ്ധസമ്പൂർണ്ണവും നിഷിദ്ധവുമാണെന്ന അനുക്തസിദ്ധം. പാരായണം ശാന്തവും, ചിന്ത ഗാഢവും, ധ്യാനം അഗാധവും, പാരായണതൽപരർ നിഷ്പക്ഷബുദ്ധികളും ആണെങ്കിലെ ഈ അനുമാനത്തിന്റെ യുക്തിയുക്തതയും സത്യതയും ഗ്രഹിക്കാൻ കഴിയുകയുള്ളൂ.

മൂന്നാം ഭാഗം

ചില നിഗമനങ്ങൾ

ഹൈന്ദവയോഗസിദ്ധാന്തവും ക്രൈസ്തവധ്യാനസിദ്ധാന്തവും തമ്മിൽ പരിപൂർണ്ണമായി പൊരുത്തപ്പെടുന്നില്ലെന്നും പൊരുത്തപ്പെടാൻ സാദ്ധ്യമല്ലെന്നും, പ്രത്യുത, അതു രണ്ടും തമ്മിൽ ചില സാധർമ്മ്യവൈധർമ്മ്യങ്ങളും (Identity and Disidentity), സാദൃശ്യാസാദൃശ്യങ്ങളും (Similarity and Dissimilarity) ഉണ്ടെന്നുമുള്ള നിഗമനങ്ങളിൽ നാം ഇതിനകം എത്തീട്ടുണ്ട്. ആ നിഗമനങ്ങൾ ഇവിടെ ഏടുത്തു കാണിച്ചുകൊള്ളട്ടെ.

ദൈവവിശ്വാസവും സന്മാർഗ്ഗബോധവും

ദൈവവിശ്വാസത്തിലും സന്മാർഗ്ഗബോധത്തിലും രണ്ടു യോഗസിദ്ധാന്തങ്ങളും അടിയുറച്ചതാണ്. ദൈവസാന്നിദ്ധ്യവും പരലോകസൗഭാഗ്യവും അനുഭവിക്കുന്നതിനു് സന്മാർഗ്ഗനിഷ്ഠരായിരിക്കണം. പാപപങ്കിലമായ ജീവിതം പാടെ ഉപേക്ഷിച്ചു് ഹൃദയശുദ്ധിയുള്ളവരായി ജീവിക്കണം. ഇഹത്തിൽ അജ്ഞാനാന്ധകാരത്തിലും പാപകരമായ പരിതസ്ഥിതികളിലും കിടന്നുഴലുകയാണു മനുഷ്യാത്മാവു്. തന്മൂലം ഇപ്പോൾ ആത്മജ്ഞാനമില്ലാതെ ദൈവത്തിൽനിന്നകന്നു ജീവിക്കുന്നു. യഥാർത്ഥ ആത്മജ്ഞാനം സമ്പാദിച്ചു് ദൈവത്തെ സമീപിച്ചു് സനാതന ആനന്ദാനുഭൂതി ലഭിക്കുന്നതിനു് ഭക്തി, സൽക്കർമ്മം, ആത്മസംയമനം, ബോധനിയന്ത്രണം, ഇന്ദ്രിയനിഗ്രഹം, ജപതപധ്യാനങ്ങൾ, ഈശ്വരസ്നേഹം, പരസ്നേഹം എന്നിവയെല്ലാം അഭ്യസിക്കണം. ശരിയായ യോഗാഭ്യാസങ്ങൾ അനുഷ്ഠിക്കണമെന്നു ചുരുക്കം. സാധ്യർത്ഥികമായി സ്വീകരിക്കപ്പെട്ടുന്ന ഈ തത്ത്വങ്ങളിൽ യോഗദർശനങ്ങൾ പൊരുത്തപ്പെട്ടുന്നുണ്ടെന്നുള്ളതു് നിസ്സംശയമാണല്ലൊ.

യോഗവും അഭ്യാസങ്ങളും

ചില യോഗങ്ങളും അഭ്യാസങ്ങളും ജീവാത്മാവിന്റെ മുക്തിപ്രാപ്തിക്കു് അത്യന്താപേക്ഷിതങ്ങളാണെന്നു് ഇരുയോഗവും വാദിച്ചു സ്ഥാപിക്കുന്നുണ്ടു്. മാർഗ്ഗങ്ങൾ ഉപയോഗിക്കാതെ ലക്ഷ്യം പ്രാപിക്കുകയില്ലല്ലോ. എന്നാൽ, ഹൈന്ദവയോഗസിദ്ധാന്തത്തിലെ യോഗ തത്ത്വഭേദങ്ങളും, വിധികളും, അഭ്യസനരീതികളും, വിവിധാഭ്യാസങ്ങളും, അഭ്യസനക്രമങ്ങളും മറ്റും അതേപോലെതന്നെ അതേ പ്രകൃതത്തിലും ക്രൈസ്തവയോഗസിദ്ധാന്തത്തിൽ കാണുന്നതല്ല; വൈധർമ്മ്യവൈപരീത്യങ്ങളാണു് അധികം ദൃശ്യമാകുന്നതു്. എന്തെന്നാൽ, ഐക്യപ്രാ

പൂർണ്ണ പാപം വിഫലമാണെന്നും ഹൃദയശുദ്ധി ആവശ്യകമാണെന്നും ഹൈന്ദവയോഗത്തിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും, പാപം എന്താണെന്നും അതിന്റെ ദുരന്തഫലം എന്താണെന്നും അതു നിവാരണം ചെയ്യേണ്ടതെങ്ങനെയെന്നും താത്ത്വികമായും വ്യക്തമായും പറയുന്നില്ല. എന്തോ ഒരവലക്ഷണം, അഭംഗി, മാന്യതയില്ലായ്മ, ശ്രേഷ്ഠതയില്ലായ്മ...എന്നൊക്കെയാണ് പാപത്തെക്കുറിച്ചും ഹൃദയശുദ്ധിയില്ലായ്മയെക്കുറിച്ചുമുള്ള ആശയം. അതൊക്കെയും ദൂരീകരിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗങ്ങളും, തത്ഫലവും നേരെമറിച്ച്, പാപം ദൈവദ്രോഹമാണെന്നും, മനുഷ്യാത്മാവിൽ കുടികൊള്ളുന്ന ദൈവകൃപാവരത്തിന്റെ ദൂരീകരണം—നഷ്ടപ്പെടുത്തൽ— ആണ് അതെന്നും, മഹാശിക്ഷയാണ് അതിന്റെ ദുരന്തഫലമെന്നും, ഹൃദയശുദ്ധിയെന്നാൽ, ആത്മാവു് പ്രസ്തുത കൃപാവരത്താൽ വിഭൂഷിതമായിരിക്കുമ്പോഴുള്ള ഒരവസ്ഥ ആണെന്നും മറ്റും വിശദമായും വ്യക്തമായും ക്രൈസ്തവയോഗസിദ്ധാന്തത്തിൽ പ്രതിപാദിക്കപ്പെടുന്നു. ഇത്തരം കൃപാവരത്തിന്റെ സ്വഭാവത്തെയും ആവശ്യകതയെയും പ്രയോജനത്തെയും പ്രവർത്തനങ്ങളെയും ഗുണഫലങ്ങളെയും ഹൈന്ദവയോഗം ചർച്ചാവിഷയമാക്കുന്നേയില്ലെന്നുതന്നെ പറയാം. ആത്മാവിന്റെ പ്രകൃതിദത്തമായ കഴിവുകളെ അതിശയിക്കുകയും അതിനെ ഉപരിതലത്തിലേക്ക് ഉയർത്തുകയും ഒന്നുകൂടി സജ്ജീവമാക്കുകയും ചെയ്യുന്ന ഒരു ദിവ്യശക്തിവിശേഷമാണ് കൃപാവരം എന്നും, അതുമൂലം ആത്മാവു് ദൈവത്തിന്റെ പ്രസാദത്തിലിരിക്കുന്നുവെന്നും, നിയമലംഘനംവഴി ആത്മാവു് സ്വമനസ്സാ അതു നശിപ്പിക്കുമ്പോൾ പാപം ഉണ്ടാകുന്നുവെന്നും, മനസ്താപത്താലും 'സംസ്കാര'ങ്ങളാലും (Sacraments or Sacred Rites) നഷ്ടീഭവിച്ച കൃപാവരം വീണ്ടും പ്രാപിക്കാമെന്നും, അതുക്രുടാതെ ദൈവൈക്യം പ്രാപിക്കുക സാദ്ധ്യമല്ലെന്നും മറ്റും ക്രൈസ്തവയോഗം ഊന്നിപറയുന്നുണ്ട്. എന്തൊരവജ്ഞ,

അതുപോലെ, അപമര്യാദ, മലിനത, മാനഹാനി, ബാഹ്യശിക്ഷ എന്നെല്ലാമാണ് പാപം, പാപാശുദ്ധി ആദിയായ ശബ്ദങ്ങളുടെ അർത്ഥവിവക്ഷ ഹൈന്ദവയോഗത്തിൽ കൊടുത്തിരിക്കുന്നതു്. പഴയനിയമ (O. Testament) കാലത്തു് യഹൂദന്മാരുടെയിടയിലിരുന്ന നിയമപരമായ അശുദ്ധി (Legal and external uncleanness or impurity) ഉദാഹരണമായെടുക്കാം. വീണ്ടും, അന്നത്തെ സമുദായഭ്രഷ്ട്, പാദക്ഷാളനം, സ്നാനം, മൂഗബലി തുടങ്ങിയവ എപ്രകാരം പാപപരിഹാരമാർഗ്ഗങ്ങളായിരുന്നുവോ, അപ്രകാരംതന്നെ ഹൈന്ദവയോഗത്തിലെ പാപപരിഹാരമാർഗ്ഗങ്ങളും ആണെന്നു പറയാം. പ്രസ്തുത പാപപരിഹാരമാർഗ്ഗങ്ങളിലൂടെ പാപി തന്റെ നൈയമികാശുദ്ധിയിൽനിന്നു് മോചിതനായി നൈയമികശുദ്ധി പ്രാപിച്ചു് പൂർവ്വസാമൂഹ്യജീവിതാവസ്ഥയിലെത്തുന്നു (From the legal uncleanness to the legal cleanness). ഈ താരതമ്യത്തിൽനിന്നു് നാം വേറൊരു നിഗമനത്തിലെത്തുന്നുണ്ട്. മനുഷ്യാത്മാവിന്റെ ഐഹികജീവിതാവസ്ഥയിലെ ഉയർച്ച താഴ്ചകളെയും, ഗുണദോഷങ്ങളെയും മാത്രം, അല്ലെങ്കിൽ പ്രഥമവും പ്രധാനവുമായും, അതും ആഭ്യന്തരമായെന്നതിനെക്കാൾ (Internal) വെറും ബാഹ്യമായി (External) ഹൈന്ദവയോഗം പരിഗണിക്കുന്നു. അതുകൊണ്ടു് തദനുസൃതമായ പരിഹാരമാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കുന്നു. ക്രൈസ്തവയോഗമാകട്ടെ, ഇതിനു കടകവിരുദ്ധമായി നിലകൊള്ളുന്നു. അതിസ്വാഭാവികമായ ഒരവസ്ഥ മനുഷ്യാത്മാവിനുണ്ടെന്നും അതിനനുയോജ്യമായവിധം ഉയർച്ചകളും താഴ്ചകളും, ഗുണങ്ങളും ദോഷങ്ങളും അവശ്യം പരിഗണിക്കേണ്ടതാണെന്നും, പരിഹാരമാർഗ്ഗങ്ങളായ സൽക്കർമ്മങ്ങൾ തദനുസൃതമായിരിക്കണമെന്നും, അല്ലാതെ, മുക്തിയും ദൈവൈക്യവും പ്രാപിക്കുകയില്ലെന്നും സയുക്തികം അതു പ്രതിപാദിക്കുന്നു. യഥാർത്ഥയോഗസിദ്ധാന്തത്തിൽ ഇത്തരം ഒരു പരിഗണന അവശ്യമാ

ശ്യകമാണെന്നു് യഥാർത്ഥ ദൈവാവിഷ്കരണം (True divine Revelation) നിഷ്കർഷിക്കുന്നു.

യോഗസിദ്ധികൾ

സാധാരണന്മാർക്കു ലഭിക്കാത്ത ചില അസാധാരണ സിദ്ധികൾ–കഴിവുകൾ– യോഗാഭ്യാസങ്ങളുടെ സ്വാഭാവികശക്തിയാൽ തന്നെ യോഗികൾക്കു് കൈവരുന്നുണ്ടെന്നു് ക്രൈസ്തവയോഗവും സമ്മതിക്കുന്നു. ഉദാ: അസാധാരണ ബോധനിയന്ത്രണശക്തി, നിശ്ചഞ്ചലത, ശീതോഷ്ണങ്ങൾ, മർദ്ദനങ്ങൾ മുതലായവ ശരീരത്തെ അത്ര സ്പർശിക്കാതിരിക്കുക, അസാധാരണ സഹനശക്തി, അതികഠിനമായ ശിലാഭാരം നെഞ്ചിനുപോലും ഹാനികരമാകാതിരിക്കുക, യോഗാഭ്യാസികളുടെ ആശ്ചര്യകരങ്ങളായ ബഹുവിധ വിദ്യാപ്രകടനങ്ങൾ–ഏന്നിത്യാദി. പക്ഷെ, ചില അസാധാരണസിദ്ധികൾ.– ഉദാ: കടൽ ക്ഷോഭം ശാന്തമാക്കുക, ചികിത്സക്കൂടാതെ പൊട്ടുന്നവെ മാരാരോഗങ്ങൾ ശമിപ്പിക്കുക, പിറവിക്കുരുടർക്കു് കാഴ്ച നൽകുക, മരിച്ചവരെ ഉയിർപ്പിക്കുക, സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്ന ഭാവിഷ്യൽക്കാര്യങ്ങൾ സുനിശ്ചിതമായി പ്രവചിക്കുക, പരഹൃദയജ്ഞാനം, ദിവ്യദർശനങ്ങൾ, വെളിപാടുകൾ ആദിയായവ ലഭിക്കുക. പ്രത്യേക ദിവ്യശക്തി– ദൈവത്തിന്റെ കൃപാവരം– ഇടപെടൽ–ക്രൂടാതെ യോഗാഭ്യാസങ്ങളുടെ അസാധാരണ സ്വാഭാവികശക്തിമൂലം ഇതെല്ലാം മഹായോഗികൾക്കു് കൈവരുമെന്നു് ഹൈന്ദവയോഗം സമർത്ഥിക്കുന്നുണ്ടെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രകൃതിയിൽനിന്നു് ചില ഉദാഹരണങ്ങളും വിശദീകരണങ്ങളുംകൊണ്ടു് ടി. സമർത്ഥനത്തെ സാധൂകരിക്കാൻ യോഗശാസ്ത്രജ്ഞന്മാർ ഭഗീരഥപ്രയത്നം ചെയ്യുന്നതിൽ വളരെയധികം പുതുമ കാണുന്നുണ്ടു്. എങ്ങനെയെന്നാൽ,– യോഗാഭ്യാസങ്ങൾ, വിശിഷ്യ പ്രാണയാമം–വഴി സ്വശക്തിയെ (മാനസികവും കായികവുമായ) പരിപുഷ്ടമാ

യും നിയന്ത്രണാധീനമാക്കാൻ ഒരു യോഗീശ്വരനു കഴിയും. 'ശക്തി' എന്നു പറയുമ്പോൾ പ്രകൃതിശക്തി മുഴുവനും എന്നു നാം ഗ്രഹിക്കണം. പ്രകൃതിശക്തി മുഴുവനും നിയന്ത്രണാധീനമാക്കുന്ന യോഗി അതിന്റെ നാഥനായിത്തീരും. പ്രകൃതിനാഥനു് പ്രകൃതിയെക്കൊണ്ടു് എന്തും ചെയ്യിക്കാൻ സാധിക്കും. ക്രിസ്തുനാഥപ്രഭൃതികൾ അദ്ഭുതങ്ങൾ പ്രവർത്തിച്ചതു് അങ്ങനെയാണു്. അതിനാൽ, യോഗാഭ്യാസാനുഷ്ഠാനംവഴി സ്വാഭാവികമായി ലഭിക്കുന്ന ശക്തിയാൽ അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ ഒരു യോഗിക്കു കഴിയുമെന്നുള്ളതു് യുക്തിയുക്തവും പരമാർത്ഥവുമാണു്, കൊള്ളാം. മുകളിൽ പ്രസ്താവിച്ചതുപോലെ ഇത്തരം വാദരീതിയിലാണു് പുരാ അടങ്ങിയിരിക്കുന്നതു്. ഒരു യോഗിക്കു് സ്വശക്തിയെ മുഴുവനായും നിയന്ത്രണാധീനമാക്കാൻ കഴിയുമെന്നു പറയുന്നതു് സുബുദ്ധിക്കും അനുഭവജ്ഞാനത്തിനും യോജിക്കുന്നില്ല. ബഹുമുഖങ്ങളായ ബലഹീനതകളും പോരായ്മകളും മനുഷ്യനിൽ കുടികൊള്ളുന്നുണ്ടു്. ഒന്നല്ലെങ്കിൽ വേറൊന്നു് ജീവപര്യന്തം അവനെ അനുഗമിക്കും. അതുകൊണ്ടു് സ്വശക്തിയെപ്പോലും മുഴുവനായി സ്വനിയന്ത്രണത്തിനു് വിധേയമാക്കാൻ ഒരു യോഗിക്കു് കഴിവില്ല. വീണ്ടും, സ്വശക്തിയെ പൂർണ്ണമായി നിയന്ത്രിക്കാൻ ഒരു യോഗിക്കു കഴിഞ്ഞാലും (വാദത്തിനുവേണ്ടി മാത്രം ഇതു സമ്മതിക്കുന്നു) അപരന്റെയോ, ഇതരസൃഷ്ടവസ്തുവിന്റെയോ, ശക്തിയെ അതോടൊപ്പം സ്വാധീനമാക്കിക്കഴിഞ്ഞുവെന്ന അനുമാനം ന്യായശാസ്ത്രദൃഷ്ട്യാ (Logically) സ്വീകാര്യയോഗ്യമല്ല. എന്തെന്നാൽ ഏതിൽനിന്നു് അനുമാനം എടുത്തുവോ അതിനെക്കാൾ കൂടുതൽ വ്യാപ്തിയുണ്ടു് അനുമാനത്തിനു്. പീറർ വ്യാജം പറയുന്ന ഒരു മനുഷ്യനാണു്. അതിനാൽ പോളും ജോണും വ്യാജം പറയുന്നവരാണെന്നുള്ള അനുമാനം അതിൽനിന്നു് സിദ്ധിക്കുന്നില്ലല്ലൊ. ഒരുപക്ഷെ, അവർ രണ്ടുപേരും വ്യാജം പറയുന്നവരായിരിക്കാം. എങ്കിലും, അനുമാനം യുക്തിക്കു

നയോജ്യമല്ല (Not logical). ആ സ്ഥിതിക്കു് പ്രകൃതി മുഴവന്റെയും ശക്തിയെ ആ യോഗി തനിക്കു് അധീനമാക്കി എന്നനുമിക്കുന്നതു് ഏതുയോ അയുക്തികം (Illogical)! അതിനാൽ, ആ യോഗി പ്രകൃതിനാഥനാകുമെന്നനുമിക്കുന്നതു് വെറും അബദ്ധം. പ്രകൃതിനാഥനല്ലെങ്കിൽ ആയാൾ എങ്ങനെ അദ്ഭുതം പ്രവർത്തിക്കും! യോഗശാസ്ത്രം തുടർന്നു പറയുന്നു: പ്രകൃതിശക്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏതുമാത്രമാകും അതിന്റെ പ്രകടനം എന്നിപ്പോൾ നിശ്ചയമില്ല. അതു പുരോഗമിച്ചു് ഒരു കാലത്തു് – ആയിരമോ, പതിനായിരമോ വർഷങ്ങൾ കഴിഞ്ഞായിരിക്കാം – അദ്ഭുതം പ്രവർത്തിക്കാനുള്ള ശക്തി സ്വാഭാവികമായി അതു പ്രകടമാക്കിയെന്നുവരാം (cf. above pa. 123). പ്രകൃതിക്കു് ഏതുമാത്രം ചെയ്യാൻ കഴിയുമെന്നുള്ളതല്ല വാദവിഷയം; ഏതുമാത്രം ചെയ്യാൻ കഴിയുകയില്ലെന്നുള്ളതാണു്. അതിപ്പോൾത്തന്നെ നമുക്കു നിശ്ചയിക്കാൻ കഴിയും. ശരിയായി ഉണങ്ങി വേരു കെട്ടുപോയ ഒരു ചെടിതാനെ വീണ്ടും കിളുർക്കുകയോ, യോഗി തന്റെ യോഗാഭ്യാസത്തിന്റെ സ്വാഭാവികശക്തിയാൽ കിളുപ്പിക്കുകയോ ചെയ്യുകയില്ലെന്നു് നമുക്കു നിസ്സംശയം പറയാം (cf. above pa. 124). കൂടാതെ, 1000, 10000 വർഷങ്ങൾ വേണ്ടിവന്നേക്കാം ചില സിദ്ധികൾ ലഭിക്കുന്നതിനു് എന്നു സ്വാമി വിവേകാനന്ദൻ സമർത്ഥിക്കുന്നു. പ്രകൃതിശാസ്ത്രങ്ങളെക്കുറിച്ചു് യാതൊരു ജ്ഞാനവുമില്ലാത്ത സാധുജനങ്ങൾ ഇത്തരം സമർത്ഥനം ഒരു യാഥാർത്ഥ്യമായി സ്വീകരിച്ചേക്കാം. എന്നാൽ, ന്യായമോ, അനുഭവമോ കൊണ്ടുവന്നു് ആ സമർത്ഥനത്തെ തെളിയിച്ചു സ്ഥാപിക്കാതെ ഇതരന്മാർ അതു സ്വാഗതം ചെയ്യുകയില്ലല്ലൊ. ചില യോഗികൾക്കെങ്കിലും അമ്മാതിരി അനുഭവജ്ഞാനം ഉണ്ടായിട്ടുണ്ടെന്നു് പുനർജ്ജന്മവാദികളായ ഹൈന്ദവർ വാദിക്കുന്നുണ്ടെങ്കിലും അതൊരു ചരിത്രവസ്തുതയായി ലോകം സ്വീകരിക്കുന്നില്ല. ഓരോ

ഗ്രന്ഥകാരൻ ഓരോ കാലഘട്ടത്തിൽ അത്തരം സംഗതികൾ ചരിത്രവസ്തുതകളായി രേഖപ്പെടുത്തീട്ടുള്ളതാണെന്നു വേണം ന്യായമായി അനുമിക്കാൻ. പുനർജ്ജീവിക്കുക, പുനർജ്ജീവിപ്പിക്കുക എന്നതു് യോഗിക്കു് കഴിയുമോ? സ്വശക്തിയാൽ–യോഗാഭ്യാസാനുഷ്ഠാനമാർഗ്ഗേണ തനിക്കു ലഭിക്കുന്ന അസാധാരണ സ്വാഭാവികശക്തിയാൽ– ഒരു യോഗിക്കു കഴിവില്ലെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പ്രാണയാമാനുഷ്ഠാനംകൊണ്ടു് പലേദിവസങ്ങൾതന്നെയും ശ്വാസോച്ഛ്വാസം കൂടാതെ നിശ്ചലനായി ഭൂമിക്കുള്ളിൽ കഴിച്ചുകൂട്ടാൻ ഒരു യോഗിക്കു് സാധിച്ചെന്നുവരാം. അനന്തരം ചൈതന്യപ്രകടനത്തിനു പറ്റിയ ചില സാഹചര്യങ്ങൾ ഒത്തിണങ്ങിവന്നപ്പോൾ (ശരീരത്തെ ചൂടുപിടിപ്പിക്കുക, ഉള്ളിൽ വായു അടിച്ചു കയറ്റുക…മുതലായവ) യോഗി ചൈതന്യമുള്ളവനായി സാധാരണ മനുഷ്യരെപ്പോലെ ജീവിക്കാൻ തുടങ്ങി ആ യോഗിയിൽ മരണം സംഭവിച്ചില്ലെന്നു നാം ഇവിടെ അനുസ്മരിക്കണം. അതിനാൽ, അവിടെ അദ്ഭുതത്തിന്റെ പ്രശ്നമെ ഉദിക്കുന്നില്ല; യഥാർത്ഥത്തിൽ യോഗി പുനർജ്ജീവിക്കുന്നില്ല; അന്യരെ പുനരുജ്ജീവിപ്പിക്കുന്നുമില്ല. ക്രിസ്തുവാകട്ടെ, യഥാർത്ഥമരണമടഞ്ഞശേഷം സ്വയം പുനർജ്ജീവിച്ചു; യഥാർത്ഥത്തിൽ മരിച്ചവരെ പുനരുജ്ജീവിപ്പിച്ചു. യോഗശാസ്ത്രവിധികളനുസരിച്ചുള്ള ക്രിയകൾ ചെയ്യാതെയും യോഗാഭ്യാസങ്ങൾ അനുഷ്ഠിക്കാതെയുമാണു് അപ്രകാരം ചെയ്തതെന്നു് ലോകം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഇതുപോലെതന്നെ പരമഹൃദയജ്ഞാനവും മറ്റും യോഗാഭ്യാസംവഴി യോഗിക്കു് സംസിദ്ധമാകുകയില്ല. മനഃശാസ്ത്രജ്ഞ്യാ (Psychologically) ജ്ഞാനം സമ്പാദിക്കാൻ മനുഷ്യനു് ചില മദ്ധ്യവർത്തികൾ (Medium) ആവശ്യകമാണു്. ബാഹ്യവസ്തുക്കളിൽനിന്നു് ഇന്ദ്രിയങ്ങളിൽ പതിയുന്ന ആകൃതങ്ങളാണു് (Species or Forms)– രൂപങ്ങളാണു് ആ മദ്ധ്യവർത്തികൾ (Medium). ഇന്ദ്രിയങ്ങളിൽ

സ്ഥിതിചെയ്യുന്ന ആദർശങ്ങളെ (Sensible species) ബുദ്ധി രൂപാന്തരപ്പെടുത്തി (Immaterialise or Spiritualise) അവഗാഹി അവ പ്രതിനിധീകരിക്കുന്ന (Represent) ബാഹ്യവസ്തുക്കളെ അറിയുന്നു. ഈ പ്രവർത്തനരീതിയനുസരിച്ച് പ്രഥമതഃ ഇന്ദ്രിയങ്ങൾ പ്രവർത്തനം നടത്തണം. അനന്തരം ബുദ്ധി അതിനു സഹജമായ പ്രവർത്തനം നടത്തി ജ്ഞാനം സമ്പാദിക്കുന്നു. എന്നാൽ, പരമ്പരയിൽ കൂടികൊള്ളുന്നവ ഇന്ദ്രിയഗോചരങ്ങളല്ലല്ലൊ. ഇന്ദ്രിയഗോചരങ്ങളല്ലാത്ത കാലത്തോളം അവ ഇന്ദ്രിയങ്ങളുടെ പ്രവർത്തനവിഷയമാകുന്നില്ല. ആ സ്ഥിതിക്ക് അവയെ ഗ്രഹിക്കാൻ ബുദ്ധിക്ക് സ്വതവെ ശക്യവുമല്ല. അതിനാൽ, എത്ര വലിയ യോഗാഭ്യാസങ്ങൾ ചെയ്യാലും പരമ്പരജ്ഞാനമൊ, സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്ന ഭാവിഭാവങ്ങളെക്കുറിച്ചുള്ള ജ്ഞാനമൊ യോഗിക്ക് സ്വാഭാവികമായി കൈവരുന്നതല്ലെന്നു സിദ്ധം. ഇതു സാമ്പ്രദായികവും അനിഷേധ്യവുമായ ഈ തത്ത്വത്തിന് എതിരായി സ്വാമി വിവേകാനന്ദൻ തന്റെ 'രാജയോഗ'ത്തിൽ കൊണ്ടുവരുന്ന വാദം വളരെ രസാവഹമാണ്. പ്രകൃതിയിൽ കാണുന്ന ചില സംഗതികൾകൊണ്ട് തന്റെ വാദത്തെ ഉദാഹരിച്ചു സ്ഥാപിക്കാൻ സ്വാമി ശ്രമിക്കുന്നുണ്ട്. എങ്ങനെയെന്നാൽ, വൈദ്യുതശക്തി എവിടേക്കും അയക്കാം. അതുപോലെ ശബ്ദവും (Sound) ഒരു സ്ഥലത്തുനിന്നു വേറൊരു സ്ഥലത്തേക്ക് അയക്കാം. ചില മദ്ധ്യവർത്തികൾ (Medium) വേണമെന്നുമാത്രം. കമ്പി (Wires), തരംഗങ്ങൾ (Waves) ആദിയായവ ആണ് ആ മദ്ധ്യവർത്തികൾ. പദാർത്ഥപരമായ (Physical or material) ഈ മദ്ധ്യവർത്തികളുടെ സ്ഥാനത്തു മാനസികശക്തിയുടെ പ്രസരങ്ങൾ–തരംഗങ്ങൾ–പ്രവാഹങ്ങൾ (Vibrations–Waves–Currents of mental Energy)– നിലകൊള്ളുന്നു. ബാഹ്യലോകത്തിലും ആഭ്യന്തരലോകത്തിലും കാണുന്നതെല്ലാം 'ശക്തി'

യുടെ വിവിധതരത്തിലുള്ള പ്രകടനങ്ങളാണ്. വൈദ്യുതശക്തി വഹിച്ചുകൊണ്ടുപോകുന്ന കമ്പികൾ പോലെയിരിക്കുന്ന മാനസികപ്രസരങ്ങൾ-തരംഗങ്ങൾ-വഴി ഒരാളുടെ ഹൃദയരഹസ്യങ്ങളെ അറിയാൻ ഒരു യോഗിക്കു കഴിയും. എന്തെന്നാൽ, പ്രാണനെ- ശക്തിയെ- ഇച്ഛാനുസരണം നിയന്ത്രിക്കാൻ യോഗി അഭ്യസിച്ചിട്ടുണ്ട്. ഇങ്ങനെ, പരഹൃദയജ്ഞാനവും മറ്റും ലഭിക്കാൻ യോഗി പ്രാപ്തനായി ഭവിക്കുന്നു. (We can send electricity to any part of the world, but we have to send it by means of wires. Nature can send a vast mass of electricity without any wires at all. We can send mental electricity. What we call mind is very much the same as electricity. It is clear that this nerve fluid has some amount of electricity. We can only send our electricity through these nerve channels. Why not send the mental electricity without this aid? The Yogis say it is perfectly possible and practicable, and that when you can do that you will work all over the universe (R. Y. pa. 195). ഇതിനൊരു വിശദീകരണം സ്വാമി നൽകുന്നതു് ഇപ്രകാരമാണു്: ഒരാകാശസമുദ്രമായി (As an ocean of ether) പ്രപഞ്ചത്തെ സങ്കല്പിക്കുക. പല പല തട്ടുകൾ അതിനുണ്ടു്. ഓരോന്നിലെയും പ്രസരങ്ങൾ (Vibrations) വിവിധശക്തി (Degree) യോടുകൂടിയവയാണു്. ശക്തിവ്യത്യാസമനുസരിച്ചു അവ സ്ഥിതിചെയ്യുന്ന മണ്ഡലവും (Plane) വ്യത്യസ്തമായിരിക്കും. ഒരുപക്ഷെ, ഒരു മണ്ഡലം മറ്റൊന്നിൽനിന്നു വളരെ അകലത്തിൽ സ്ഥിതിചെയ്യാം. ഒരേമണ്ഡലത്തിൽ (ഒരേ പ്രസരശക്തിയുള്ള മണ്ഡലത്തിൽ) താമസിക്കുന്നവർക്കു പരസ്പരം

അറിയാൻ കഴിയും. ഇനി ചലനശക്തി വർദ്ധിപ്പിച്ചാൽ ഉപരിമണ്ഡലത്തിലെ സംഗതികളെല്ലാം കാണാനും അറിയാനും സാധിക്കും. സ്പന്ദശക്തി വർദ്ധമാനമാക്കാൻ യോഗിക്കു കഴിവുണ്ട്. അങ്ങനെ, പരമ്പരയിൽ കൂടി കൊള്ളുന്നതും ഭവിഷ്യൽക്കാലത്തു സംഭവിക്കാൻ പോകുന്നതും യാതൊരു മദ്ധ്യവർത്തിയുടെ സഹായംകൂടാതെ ഒരു യോഗിക്കു ഗ്രഹിക്കാനും പ്രവചിക്കാനും കഴിയുമെന്നു പറയുന്നതു് യുക്തിയുക്തമാണു്. (Think of the universe as an ocean of ether, consisting of layer after layer of varying degrees of vibration under the action of Prana–Energy–Breath. One order of vibration makes one plane. Then suppose these ranges of vibrations are cut into planes, so many millions of miles one set of vibration, and then so many millions of miles another still higher set of vibration, and so on. It is therefore probable that those who live on the plane of a certain state of vibration will have the power of recognising one another, but will not recognise those above them. Yet, just as by the Telescope and the Microscope we can increase the scope of our vision, similarly we can by Yoga bring ourselves to the state of vibration of another plane, and thus enable ourselves to see what is going on there. All these states of higher vibration, super-conscious vibrations of the mind, are grouped in that one word Samadhi.....id. pp. 54–55).

യോഗാഭ്യാസങ്ങളിൽ ഒന്നായ പ്രാണായാമംവഴി ഒരു യോഗിക്കു് ഏറ്റവും സാദ്ധ്യമാകും. ഒരു പ്രത്യേക തൈ

വികശക്തിയുടെ ആവശ്യകതയില്ലാ എന്നു ചുരുക്കാ. പ്രസ്തുത വാദരീതിയിലെ യുക്തി (Logic) കണ്ടാലും! ഇങ്ങനെ സങ്കല്പിക്കാം, അങ്ങനെ സങ്കല്പിക്കാം. പ്രകൃതിയിൽ ഇങ്ങനെയും അങ്ങനെയും കാണുന്നുണ്ട്. ഇന്നലെ നമുക്ക് അനുഭവപ്പെടാത്തതു് ഇന്നു അനുഭവപ്പെടുന്നു. അതുപോലെ ഇന്നു വെളിപ്പെടാത്ത പ്രകൃതിയിലെ ശക്തിപ്രകടനം നാളെ വെളിപ്പെട്ടെന്നുവരാം. പ്രകൃതി സദാ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കമ്പി, കമ്പിയില്ലാക്കമ്പി, റേഡിയൊ, വിദൂരദർശനി, സൂക്ഷ്മദർശനി തുടങ്ങിയവ ഒരു കാലത്തില്ലായിരുന്നു. ഇപ്പോളുണ്ടു്. ആറ്റംബോംബു്, ഹൈഡ്രോജൻബോംബു് പ്രകൃതിശക്തിയുടെ അസാധാരണ പുരോഗമനഫലങ്ങളല്ലെ? ഇതുപോലെ മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന കായികവും മാനസികവുമായ ശക്തി ഒരു കാലത്തു് – ഒരുപക്ഷേ 1000 വർഷങ്ങൾക്കു ശേഷമായിരിക്കും – അദ്ഭുതാവഹമായി വികസിച്ചു് അദ്ഭുതങ്ങൾപോലും പ്രവർത്തിച്ചുവെന്നുവരാം. ഇങ്ങനെ പോകുന്ന വാദരീതി. കൊള്ളാം. നമുക്കു് അങ്ങനെ സങ്കല്പിക്കാം; ഇങ്ങനെ ആവാം; അങ്ങനെ ആവാം; എന്തുകൊണ്ടു് അങ്ങനെ ആയിക്കൂടാ? അതുകൊണ്ടു് ഇങ്ങനെയാണു് അതു സംഭവിച്ചതു്. ഇപ്പോൾ സംഭവിക്കുന്നതും ഇനി സംഭവിക്കാൻ പോകുന്നതും ഇങ്ങനെതന്നെ. ഈ അനുമാനത്തിൽ സ്വാമി എത്തിയതു് ഏതു ന്യായശാസ്ത്ര (Logic) നിയമമനുസരിച്ചാണാവോ! 'ആവാം,' അതിനാൽ 'ആണു്' (It is Possible; therefore it is so), അല്ലെങ്കിൽ, ഒരു സംഗതിയിൽ അങ്ങനെ ആണു്; അതിനാൽ, എല്ലാ സംഗതിയിലും അങ്ങനെതന്നെ, എന്ന നിഗമനം ശരിയൊ, യുക്തിയുക്തമൊ? വാദരീതി വഴിപിഴച്ചുപോയി. അതിനാൽ നിഗമനവും വഴിപിഴച്ചു. (From a false premise or antecedent follows a falseconclusion or consequence). വീണ്ടും, ഒരേ സ്വഭാവം–പ്രകൃതി–നില–ഉള്ള വസ്തുക്കളൊ, ആളുകളൊ തമ്മിലായിരിക്ക

ണം താരതമ്യം (Comparison). അല്ലെങ്കിൽ, അവ തമ്മിൽ പൊരുത്തമുണ്ടാകയില്ല. പദാർത്ഥപരവും പദാർത്ഥരഹിതവും, ലൗകികവും ആദ്ധ്യാത്മികവും, ബാഹ്യവും ആഭ്യന്തരവും, കായികവും മാനസികവും തമ്മിൽ എങ്ങനെ പൊരുത്തപ്പെട്ടും! ശബ്ദം, (Sound) വാർത്ത, (News) മുതലായവ വിദൂരസ്ഥലങ്ങളിലേക്ക് അയക്കുന്നതു് (Transmit) എന്തെങ്കിലും ഒരു മദ്ധ്യവർത്തിയുടെ സഹായത്തോടുകൂടിയാണല്ലൊ (തരംഗപ്രവാഹങ്ങളാണ് ആ മദ്ധ്യവർത്തികൾ–Wave currents are the Medium). എന്നാൽ, ഒരാളുടെ ഹൃദയരഹസ്യങ്ങളും സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്ന ഭവിഷ്യൽക്കാര്യങ്ങളും ഒരു യോഗിക്ക് അറിയാനുള്ള മദ്ധ്യവർത്തികൾ എന്തെല്ലാം, എവിടെ! അതിനാൽ, വ്യത്യസ്തപ്രകൃതത്തോടുകൂടിയവയും വ്യത്യസ്തമണ്ഡലങ്ങളിൽ സ്ഥിതിചെയ്യുന്നവയും തമ്മിൽ ശരിയായി താരതമ്യപ്പെടുത്താൻ സാദ്ധ്യമല്ലെന്നു സിദ്ധം.

ഈ അനിഷേധ്യസത്യത്തെപ്പറ്റി മഹാപണ്ഡിതനായ റവ. ഗ്രേഗോൾഫ് ജി. ബാണ്ഡാസ്സ് തന്റെ ലഘുഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "Future events can be known in their causes or in themselves. According to St. Thomas all future effects may be grouped into three categories.

1) Certain causes produce their effects of necessity and always. Such effects can be foreknown and foretold by a mere consideration of the cause. Thus astronomers predict eclipses with absolute accuracy hundreds of years in advance.

2) Some causes produce their effects in the majority of instances, such as, the predictions of the whether forecaster

and the diagnosis of a physician are usually sound and well-founded inferences.

3) Certain future events depend upon chance and upon man's free will–causes which have no determined inclination to a certain specific effect. These future events cannot be foretold or inferred from their causes. We shall be able to know these only when they actually happen. God alone, Who in His eternity sees the future as though it were present, can know the events which belong to this third class.

Now what is the fundamental common sense–reason why no fortune–teller, crystal-gazer, cup–reader, or palmist can predict future, distant or occult events (For the purposes of such divinations the divines practise the following studies, such as, Geomancy– the study of signs or points in rocks, trees or papers and the like things; Hydromancy– the study of signs to be found in water; Aeromancy– the study of signs in the air; Pyromancy– the study of signs in the fire; Onomancy– the study of signs in dreams; Palmistry– the study of marks and lines occurring in peoples' hands; and Necromancy– the art by which they cause the dead to rise in appearance to speak or teach)? The reason is this: There must be a proportion between the cause and the effect. The knowledge of future events entirely exceeds man's natural

cognitive powers. In the present order no knowledge can possibly reach the mind unless it has first entered through the portals of one of the five senses. If all our senses were defective our mind forever be a blank. If our eyesight or hearing were defective our knowledge would in that measure be imperfect. Now future events, our future conduct and actions, cannot possibly affect the senses of the palmist or fortune-teller because they do not as yet exist. Stimulate the cognitive sense faculties as much as you like, the psychological law still holds that the cognitive faculty cannot attain future and distant events. If the fortune-teller or palmist is in possession of such knowledge, he has it not of himself but from a superior intelligent cause.

Now who is this superior intelligent agent? It is neither God nor the angels. It would be against God's majesty and dignity and against the dignity of angels to submit to the frivolous, trivial and often unbecoming methods used to obtain this knowledge... Hence the only hypothesis remaining is that this superior intelligent agent is an evil spirit. The evil spirit is a fallen angel and consequently possess the superior and more perfect knowledge of an angelic intelligence..... They have a more precise knowledge of the nature of things and of the hidden forces of nature...

They can divine men's thoughts and secrets of the heart from a mere word, gesture or facial expression··· Strictly speaking, however, men's future actions and the secrets of men's hearts cannot be kuown to them unless God reveals them (cfr. Modern Questions, series five, pp. 16 – 20, 4th. ed. 1953, U. S. A. By Rev. Rudolph G. Bandas, Ph. D. Agg., S. T. D et M,... Consultor of the S. Congregation of Seminaries and Universities).

ഇനിയും, 1000-മൊ, 10000-മൊ വർഷങ്ങൾ വേണ്ടിവന്നേക്കും ഒരു യോഗിക്ക് പ്രസ്തുത സിദ്ധി കരഗതമാകാൻ എന്നു സ്വാമി പറയുന്നു. ആകട്ടെ, യോഗിക്കു പോലും അനുഭവവേദ്യമാകാത്ത ഒന്നാണ് പ്രസ്തുത സിദ്ധി എന്നു സ്വാമിയുടെ ഈ വാദമുഖത്തിൽനിന്നു വ്യക്തമാകുന്നു. ആയിരവും പതിനായിരവും വർഷങ്ങൾ ജീവിച്ച വല്ല യോഗിയും ലോകത്തിലുണ്ടായിട്ടുണ്ടൊ? ഇനി അത്ര ദീർഘനാൾ വല്ല യോഗിക്കും ജീവിക്കാൻ കഴിയുമോ? പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നവർ 'യെസ്' (yes) എന്നു പറയുമായിരിക്കും. ആ വാദം സ്വീകരിച്ചാൽത്തന്നെയും, പുനർജ്ജന്മം എടുക്കുന്നവൻ ഒരെ ഒരു വ്യക്തി ആയിരിക്കയില്ലല്ലൊ. പക്ഷിമൃഗാദികളായൊ, വേറൊരു മനുഷ്യനായൊ ആണല്ലൊ പുനർജ്ജന്മത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ഇക്കാരണത്താൽ, പുനർജ്ജന്മവാദവും സ്വാമിയുടെ വാദത്തെ ആദരിക്കുന്നില്ല. പ്രസ്തുത സിദ്ധികൾ യോഗികൾക്കു കൈവന്നിട്ടുണ്ടെന്നു് അവർ തന്നെ പറയുന്നുണ്ടെങ്കിലും അതിനെ സ്ഥിരീകരിക്കാൻ മതിയായ തെളിവുകൾ അവർ തരുന്നില്ല. ഒരു കാലത്തു് ഓരോരുത്തനും അതെല്ലാം നേരിട്ടു കണ്ടു് ഗ്രഹിക്കും എന്നു മാത്രം പറഞ്ഞുകൊണ്ടു് അവർ തങ്ങളുടെ വാദം അവസാനിപ്പിക്കുന്നു. യുക്തിയും ന്യായവും തെ

ളിവുകളുംകൊണ്ട് തങ്ങളുടെ വാദമുഖങ്ങളെ സ്ഥാപിക്കാതെ, വെറും സങ്കല്പവും സമർത്ഥനവുംകൊണ്ട് തൂപ്പുയടയുന്നവരോട് എന്തിനു്, എങ്ങനെ എതിർവാദം ചെയ്യും! ഒരു മഹാപണ്ഡിതൻ പറയുന്നു, മഹായോഗികൾ പറയുന്നു, അതെല്ലാം സാധിക്കുമെന്നു്. ഒരു വിഷയത്തിൽ പണ്ഡിതനായതുകൊണ്ട് ഇതരവിഷയങ്ങളിലും അവൻ പണ്ഡിതനായിരിക്കണമെന്നില്ലല്ലൊ. മഹാപണ്ഡിതന്മാർക്കും, യോഗികൾക്കും–സിദ്ധന്മാർക്കും–പ്രമാദം പറ്റീട്ടുണ്ടെന്നു ചരിത്രം ഉദ്ഘോഷിക്കുമ്പോൾ അവരെ അന്ധമായി വിശ്വസിക്കയൊ അനുകരിക്കയൊ ചെയ്യുന്നതു് ബുദ്ധിപൂർവ്വകമൊ? അതിനാൽ, എല്ലാ സംഗതികളും–സത്യമാണു്, യഥാർത്ഥമാണു്...എന്നു പറയുന്നതെല്ലാം–താരതമ്യവിചിന്തനം ചെയ്തു് മതിയായ തെളിവു കണ്ടശേഷം വേണം ഒന്നികിൽ സ്വീകരിക്കാനും അല്ലെങ്കിൽ നിഷേധിക്കാനും. ആത്മാവിന്റെ അഥവാ ബുദ്ധിയുടെ സിദ്ധികളെപ്പറ്റി പ്രസ്താവിച്ചതു് യോഗികളുടെ ശരീരത്തിനു ലഭിക്കുമെന്നു പറയുന്ന അഷ്ടസിദ്ധികളെപ്പറ്റിയും പൊതുവിൽ പ്രസ്താവിക്കാം.

അഷ്ടസിദ്ധികൾ:– (Eight marks or qualities)

അണിമാവു് (Minutencss-the superhuman power of becoming as small as an atom ചെറുതാകാനുള്ള ഒരു ശക്തി)– ശ്വാസംവഴി ഉള്ളിൽ പ്രവേശിച്ച വായു ഉച്ഛ്വാസംവഴി വെളിയിലേക്കു വിട്ടുമ്പോൾ ഒരു ഓന്തിന്റെ വണ്ണിച്ച ശരീരം മെലിഞ്ഞു് തീരെ ചെറുതാകുന്നതുപോലെതന്നെ യോഗിയുടെ ശരീരവും ആകും.

മഹിമാവു് (Greatness–the power of increasing size at will–വലുതാകാനുള്ള ഒരു ശക്തി)– മെലിഞ്ഞു ഒട്ടിയിരിക്കുന്ന സ്വശരീരത്തെ ഒരു ഓന്തു വായു ശ്വസിച്ചു് വലുതാകുന്നതുപോലെ ഒരു യോഗി അണിമാവുവഴി അണുതുല്യമാക്കിയ സ്വശരീരത്തെ മഹിമാവുവഴി വലുതാക്കുന്നു.

ലഘിമാവു് (Lightness–the power of assuming excessive lightness at will–ശരീര ഘനം ലഘൂകരിക്കാനുള്ള ശക്തി)–വലിയ മത്സ്യങ്ങൾ ശ്വസനവും മറ്റും മൂലം വെള്ളപ്പരപ്പിൽ പൊങ്ങി വന്നു് നീന്താൻ തക്കവണ്ണം ലഘുവായിരിക്കുന്നതുപോലെ ശ്വാസംവഴി (By breathing in) യോഗിയുടെ ശരീരത്തെ തീരെ ലഘുവാക്കി ആകാശത്തിൽ നില്ക്കുന്നതിനു് ആയാളെ പ്രാപ്തനാക്കുന്ന ഒരു ശക്തി.

ഗരിമാവു് (Heaviness–the power by which one can make oneself heavy or great at will– ഘനമുള്ളതാക്കാനുള്ള ഒരു ശക്തി)–ശ്വാസം മൂലം ഉള്ളിൽ പ്രവേശിച്ച വായു മുഴുവനും ഒതുക്കി അടക്കി നിറുത്തിക്കൊണ്ടു് സ്വശരീരത്തെ ഘനമുള്ളതാക്കിത്തീർക്കുന്നതിനു് യോഗിക്കു് കഴിവു നൽകുന്ന ഒരു ശക്തി.

പ്രാപ്തി (Obtaining–the power of obtaining the desired objects– ആശാലബ്ധി)–ഭവിഷ്യൽക്കാര്യങ്ങൾ പ്രവചിക്കാനും, അജ്ഞാതഭാഷകൾ അറിയാനും, രോഗശമനങ്ങൾ നൽകാനും, പരഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്താനും, വിദൂരസ്ഥങ്ങളായ വസ്തുക്കൾ ദർശിക്കാനും മറ്റും പരവശാവസ്ഥയിലിരിക്കുന്ന (In self–trance) ഒരു യോഗിയെ പ്രാപ്തനാക്കുന്ന ഒരു ശക്തിവിശേഷമാണു് 'പ്രാപ്തി'.

പ്രാകാമ്യം (Irresistible will–the power of regaining a good strong juvenile body– അജയമായ മനഃശക്തി)–യൗവ്വനയുക്തമായ ഒരു ശരീരപ്രകൃതി പ്രാപിക്കുന്നതിനുള്ള ഒരു ശക്തി. എന്നാൽ, അന്യശരീരത്തിൽ പ്രവേശിക്കാനുള്ള കഴിവിനാണു് 'പ്രാകാമ്യം' എന്നു പറയുന്നതു്. ചില പണ്ഡിതന്മാരുടെ അഭിമതം മാത്രമാണു് ഇതു്.

വശിത്വം ((Subduing or controlling–the power of subduing or bringing under

control or taming living creatures–വശീകരണശക്തി)– ഇച്ഛാനുസരണം വന്യമൃഗങ്ങളെ നിയന്ത്രണാധീനമാക്കാനുള്ള ശക്തി. മനുഷ്യമനസ്സിനെ വശീകരിക്കുന്ന വിദ്യക്കും പറയാമെന്നഭിപ്രായമുണ്ട് (power of mesmerizing).

ഈശിത്വം (Superiority– the power of becoming the Lord-God– ഈശനായി–ബ്രഹ്മതുല്യനായി ഭവിക്കാനുള്ള ശക്തി)– ഇങ്ങനെ ഒടുവിൽ, 'സംസാര'ത്തിൽ നിന്ന് – ജനനമരണങ്ങളിൽ നിന്ന്– (From the round of births and deaths) വിമുക്തനായ ആ യോഗി പ്രകൃതിനാഥനായി- ബ്രഹ്മതുല്യനായി–ഭവിക്കുന്നു.

പ്രസ്തുത സിദ്ധികളിൽ ചിലതെല്ലാം മുക്തരായ സാധാരണ യോഗികൾക്കു ലഭിക്കുമെങ്കിലും, ഹഠയോഗികൾക്കു മാത്രമാണ് അതെല്ലാം കൈവരുന്നതെന്നാണ് യോഗവിധി. ക്രൂരതെ, യോഗികളുടെ ശാരീരിക ഗുണവിശേഷങ്ങളാണ് പ്രസ്തുത സിദ്ധികളെന്ന് പൊതുവിൽ പറയുന്നുണ്ടെങ്കിലും, ചിലതെല്ലാം ആത്മാവിന്റെ അല്ലെങ്കിൽ ബുദ്ധിയുടെ ഗുണലക്ഷണങ്ങളാണെന്ന് അവയുടെ സ്വഭാവം പ്രദ്യോതിപ്പിക്കുന്നു. വിശദമായ ഒരു ഗുണദോഷനിരൂപണം ഇവയെപ്പറ്റി ഇവിടെ നൽകേണ്ട ആവശ്യകതയില്ല. മുകളിൽ ചെയ്ത നിരൂപണത്തിൽ പ്രസ്താവിക്കാത്ത ന്യായങ്ങളും തത്ത്വങ്ങളും ഇവിടെ ചേർക്കുന്നു. ക്രൈസ്തവയോഗവും ഹൈന്ദവയോഗവും പ്രസ്തുത സിദ്ധികളെ സംബന്ധിച്ചു നൽകുന്ന പ്രബോധനങ്ങൾ തമ്മിൽ സാധർമ്മ്യം കുറവും വൈധർമ്മ്യം കൂടുതലുമാണ് പ്രത്യക്ഷപ്പെടുന്നത്. മുക്തി പ്രാപിച്ച യോഗികളുടെ ശരീരത്തിനു് അമാനുഷികമായ ചില പ്രത്യേക ഗുണവിശേഷങ്ങൾ ലഭിക്കുമെന്നു പഠിപ്പിക്കുന്നതിൽമാത്രം സാധർമ്മ്യം കാണുന്നു. പക്ഷെ, ന്യായമൊ, അനുഭവമൊ, തെളിവുകളൊക്കൊണ്ട് അതൊരു വസ്തുത (Fact) ആണെന്ന് ഹൈന്ദവയോഗം സ്ഥാപി

ച്ചു സ്ഥിരീകരിക്കുന്നില്ല; അതിനു സാദ്ധ്യവുമല്ല; വെറും സങ്കല്പവും സമർത്ഥനവും യുക്തിവാദവുംകൊണ്ടു തൃപ്തി യടയുന്നുവെന്നു് ഇതിനകം നാം കണ്ടുകഴിഞ്ഞു. യഥാർത്ഥ ദൈവവിജ്ഞാനത്തിൽ അധിഷ്ഠിതമായ ക്രൈസ്തവയോഗസിദ്ധാന്തം പഠിപ്പിക്കുന്നതെന്തെന്നു് നമുക്കു നോക്കാം:- ജീവന്മുക്തി.- ഇഹത്തിൽജീവിച്ചിരിക്കുമ്പോൾ തന്നെ ഒരാൾ എത്ര മഹായോഗി ആയിരുന്നാലും അവൻ തന്റെ ആത്മാവിലും ശരീരത്തിലും സനാതനഭാഗ്യം-സച്ഛ്രേഭാഗ്യം-അനുഭവിക്കയില്ല. മരണാനന്തരം ആത്മാവു് പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടശേഷം മാത്രം സച്ഛ്രേഭാഗ്യത്തിൽ പ്രവേശിക്കുന്നു. ശരീരമാകട്ടെ, പൊതുവിധിനാളിൽ ഉത്ഥാനം ചെയ്തു് അതിന്റെ ആത്മാവോടുകൂടി സംയോജിച്ചശേഷം ടി. ഭാഗ്യാനന്ദത്തിൽ ഭാഗഭാക്കാകുന്നു. പ്രസ്തുത സംയോജനത്തോടുകൂടി മാത്രമേ അസാധാരണസിദ്ധികൾ അതിനു ലഭിക്കുന്നുള്ളൂ. മാത്രമല്ല, എല്ലാവരും ശരീരോത്ഥാനം ചെയ്യുമെങ്കിലും ശിഷ്ടന്മാരുടെ ആത്മശരീരങ്ങൾക്കു മാത്രം ആ അനന്ത സൗഭാഗ്യവും അവരുടെ ശരീരങ്ങൾക്കു മാത്രം ആ സിദ്ധികളും കൈവരികയുള്ളൂ. ദുഷ്ടന്മാർ എന്നേക്കും നരകപീഡകൾക്കു് വിധേയരായികഴിയും. ഇനി സിദ്ധികളെപ്പറ്റി പറയുകയാണെങ്കിൽ, അവ എണ്ണത്തിലും തരത്തിലും വ്യത്യസ്തങ്ങളാണു്. ശിഷ്ടന്മാരുടെ ശരീരങ്ങൾക്കു ലഭിക്കുന്ന സിദ്ധികൾ നാലാണു്. അക്ഷയം (പീഡാസഹനങ്ങൾക്കും പൈദാഹങ്ങൾക്കും വിനാശത്തിനും മറ്റും വിധേയമാകാത്ത ഒരവസ്ഥ-Inpassibility), ദീപ്തി (കത്തിജ്വലിക്കുന്ന ഒരു ദീപംപോലെ ശരീരം ദീപ്തമായിരിക്കും-Brightness), സൂക്ഷ്മം (കേടുപാടൊ, ക്ലേശതൽ കുറവൊ ഭവിക്കാതെ രണ്ടു ശരീരങ്ങൾ ഒരുമിച്ചു് ഒന്നെന്നപോലെ ഇരിക്കാനുള്ള ഒരു ഗുണവിശേഷം-Compenetrability), ലാഘവം-ലഘിമാവു് (സമയദൈർഘ്യം കൂടാതെ ഒരിടംവിട്ടു് വേറൊരിടത്തു് എത്താനുള്ള കഴിവു്-Agility) എന്നിവയാ

ണ്ട് ആ നാലു സിദ്ധികൾ. ഈ സിദ്ധികളും മുകളിൽ കൊടുത്തിരിക്കുന്ന അഷ്ടസിദ്ധികളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ അവയുടെ തരഭേദം അല്ലെങ്കിൽ അവയുടെ സ്വഭാവം ഒന്നല്ലെന്ന് നമുക്കു ഗ്രഹിക്കാൻ കഴിയും. വീണ്ടും, യോഗാഭ്യാസത്തിന്റെ സ്വാഭാവികശക്തിയാൽത്തന്നെ ടി. സിദ്ധികളെല്ലാം ഒരു യോഗിക്കു ലഭ്യമാകുമെന്ന വാദം അയുക്തികവും അസ്വീകാര്യയോഗ്യവുമാണ്. എന്തെന്നാൽ, അവ പ്രകൃതിദത്തങ്ങളല്ല; ദൈവദത്തങ്ങളാണ്. അമാനുഷികങ്ങൾ മാത്രമല്ല, അതിസ്വാഭാവികങ്ങളുമാണ് അവയിൽ ചിലതെല്ലാം. (Not only superhuman, but supernatural). ദൈവത്തിന്റെ കൃപാവരത്താൽ മാത്രം (By supernatural grace of God) അതെല്ലാം ലഭ്യവും, ചിലതു ദൈവത്തിനു സ്വകീയവുമാണ് (Singular, i.e. due to God only). അനന്തത, സർവ്വശക്തി, സർവ്വജ്ഞാനം...എന്നിത്യാദി ദൈവത്തിനു സ്വകീയമാണ്. യാതൊരു പ്രകൃതിശക്തിക്കു അതെല്ലാം നൽകാനൊ, യാതൊരു യോഗിക്കു പ്രകൃത്യാ പ്രാപിക്കാനൊ ഒരിക്കലും സാദ്ധ്യമല്ല. ക്രൈസ്തവയോഗം സ്വീകരിക്കുന്ന സിദ്ധികൾതന്നെയും ഐഹികജീവിതത്തിൽ ഏല്ലായോഗികൾക്കും ലഭിച്ചിട്ടില്ലെന്നും, ലഭിക്കാൻ പ്രകൃത്യാ അവർക്ക് അർഹതയില്ലെന്നും, എല്ലാവർക്കും എല്ലാം ഒന്നുപോലെ ലഭിച്ചിട്ടില്ലെന്നും, അവ ദൈവത്തിന്റെ സൗജന്യദാനങ്ങളാകയാൽ, സനാതനസൗഭാഗ്യാനന്ദാനുഭൂതിക്കൊ, ദൈവൈക്യപ്രാപ്തിക്കൊ അവ ആവശ്യകമല്ലെന്നും മറ്റുമാണ് ദൈവവെളിപാടിനെ ആധാരമാക്കി ക്രൈസ്തവയോഗം പഠിപ്പിക്കുന്നത്. നിഷ്പക്ഷബുദ്ധ്യാ, ഇതെല്ലാം പരിചിന്തനം ചെയ്യുമ്പോൾ, എത്ര അസാധാരണവും അദ്ഭുതാവഹവുമായ പ്രവൃത്തിയും, എന്നല്ല, അദ്ഭുതംതന്നെയും ചെയ്യുന്നതിനു, പ്രകൃതിക്കതീതമായ ഒരു ശക്തിയുടെ ആവശ്യകതയും അന്തരാഗമനവും (Intervention) കൂടാതെ, പ്രകൃതിശക്തി

ക്കുതന്നെ കഴിയുമെന്ന വാദം (ഹൈന്ദവയോഗസിദ്ധാന്തവാദം) യുക്തിവാദത്തിന്റെ (Of Rationalism) ഒരുവക ഭേദമെന്നല്ലെ അനുമിക്കാൻ തരമുള്ളൂ. യുക്തിവാദം യുക്തിഹീനമാണല്ലൊ. അതിനാൽ ഈ വാദവും യുക്തിഹീനംതന്നെ.

ആത്മാവിന്റെ സ്വഭാവവും മുക്തിയുടെ അവസ്ഥാഭേദവും

യോഗാഭ്യാസങ്ങൾവഴി ജീവാത്മാവിനു്— മനുഷ്യാത്മാവിനു്— ഇതു മഹാസിദ്ധികൾ— അമാനുഷികവും ദിവ്യവുമായ സിദ്ധികൾ— ലഭ്യമാകുമെന്നുള്ള ദുഷ്ബോധത്തിനു് മൂലാധാരമായി ഹൈന്ദവയോഗസിദ്ധാന്തത്തിൽ നിലകൊള്ളുന്ന ആ തത്ത്വം 'ജീവാത്മാവു് പരമാത്മാവുതന്നെ, അഥവ പരമാത്മാവിനു് എന്താണ്ടു് തുല്യമാണു്' എന്നതാണു്. ഇതുപര്യന്തമുള്ള പ്രതിപാദനത്തിൽ നിന്നു് ഇതു് സുവിദിതമാണല്ലൊ. മനുഷ്യാത്മാവു് സൃഷ്ടമല്ലെന്നും തന്മൂലം പരിമിതമല്ലെന്നും, യഥാർത്ഥ 'ആത്മജ്ഞാനം' (Self-knowledge) ഇല്ലായ്മയാൽ മാത്രം ആ സത്യം ഗ്രഹിക്കുന്നില്ലെന്നും, ടി. ജ്ഞാനം കൈവരുമ്പോൾ "ഞാൻ ബ്രഹ്മം" (അഹം ബ്രഹ്മാസ്മി) തന്നെ ആണെന്നു് ബോധ്യപ്പെടുമെന്നും, ഈ പ്രപഞ്ചവും ഇതരദൃശ്യവസ്തുക്കളും സാക്ഷാൽ 'അസത്തു്'— അയഥാർത്ഥങ്ങൾ (unreal) ആണെന്നും, ബ്രഹ്മൈക്യം പ്രാപിക്കുക എന്നതു് ബ്രഹ്മംതന്നെ ആയിത്തീരുക, അഥവ ബ്രഹ്മം തന്നെ ആണെന്നുള്ള ബോധം (Consciousness) ഉണ്ടാകുക ആണെന്നും, യോഗാഭ്യാസങ്ങൾ തൽക്കാര്യസിദ്ധിക്കുവേണ്ടിയാണെന്നും ശങ്കരപ്രഭൃതികളായ 'അദ്വൈതി'കൾ വാദിക്കുന്നതുപോലെയും; (Ved. Cos. pt 1) അല്പമെങ്കിൽ, ആസ്തിക്യത്തിൽ (In existence) മനുഷ്യാത്മാവു് ബ്രഹ്മത്തിൽനിന്നു വ്യത്യസ്തമാണെങ്കിലും 'സ്വരൂപ'ത്തിൽ (In essence or nature) ബ്രഹ്മ

തുല്യമാണെന്നും, മനുഷ്യാത്മാവും പദാർത്ഥവും (Spirit and Matter–i. e.–ബ്രഹ്മമൊഴിച്ചുള്ള സകല വസ്തുക്കളും) ബ്രഹ്മത്തിന്റെ വിശേഷണങ്ങളാണെന്നും (Modes or qualities), ടി. വസ്തുത്രയങ്ങൾ പരസ്പരം വിഭിന്നങ്ങളാണെങ്കിലും (Mutually distinct) തനിയെ തനിയെ സ്ഥിതിചെയ്യാതെ (Sperately) ഒരു സംയുക്തവസ്തു (Composite) ആയി സ്ഥിതിചെയ്യുന്നുവെന്നും (ഉദാ. ആത്മാവിന്റെ സുകൃതങ്ങൾ, ജ്ഞാനം ആദിയായ ഗുണങ്ങൾ അതിന്റെ വിശേഷണങ്ങൾ– Modes or qualities–ആയിരിക്കയും അതെല്ലാംകൂടി ഒരു സംയുക്തവസ്തു ആയിരിക്കയും ചെയ്യുന്നതുപോലെ), ഐക്യപ്രാപ്തിയിൽ ആ അവസ്ഥയിൽതന്നെ ആണെന്നും, യോഗാഭ്യാസങ്ങളെല്ലാം പ്രസ്തുത യാഥാർത്ഥ്യം (ബ്രഹ്മത്തിന്റെ വിശേഷണമാകയാൽ ബ്രഹ്മത്തിന്റെ സ്വരൂപതുല്യതയാണ് അതിനുള്ളതെന്ന യാഥാർത്ഥ്യം) ഗ്രഹിക്കുന്നതിനുവേണ്ടിയാണെന്നും (ഇതുവരെ അജ്ഞാതമായിരുന്ന അതു്.) രാമാനുജൻ തുടങ്ങിയ 'വിശിഷ്ടാദ്വൈതി'കൾ സമർത്ഥിക്കുന്നതുപോലെയെ (Ved. Cos. pt. 1) അല്ലെങ്കിൽ ആസ്തിക്യത്തിലും സ്വരൂപത്തിലും ബ്രഹ്മത്തിൽനിന്നു് പരിപൂർണ്ണമായി വിഭിന്നവും പൃഥക്സ്ഥവുമായ (Distinct and separate) മനുഷ്യാത്മാവു് സൃഷ്ടമല്ലെന്നുള്ള ബോധം കൈവരുത്തി ഐക്യം പ്രാപിക്കുക എന്നതാണു് യോഗാഭ്യാസങ്ങളുടെ ഉദ്ദേശ്യമെന്നു് മാധ്വപ്രഭൃതികളായ 'ദ്വൈതി'കൾ പ്രസ്താവിക്കുന്നതുപോലെയെ (id.), അഥവാ, തീയും തീപ്പൊരിയും പോലെയാണു് ബ്രഹ്മവും ആത്മാവും മറ്റും (Spirit and Matter); അതെന്നും (ബ്രഹ്മത്തെപ്പോലെ) സൃഷ്ടവുമല്ല എന്നുള്ള ബോധം പ്രാപിച്ചു് ബ്രഹ്മൈക്യത്തിൽ ഏത്തിച്ചേരാനുള്ള മാർഗ്ഗങ്ങളാണു് യോഗാഭ്യാസങ്ങളെന്നു് 'നിംബാർക്കൻ' ആദിയായ 'ദ്വൈതാദ്വൈതി'കൾ പഠിപ്പിക്കുന്നതുപോലെയെ (id.), അല്ലെങ്കിൽ, ആസ്തിക്യത്തിലും സ്വരൂപത്തിലും ആത്മാവും പദാർത്ഥവും (Spirit

and Matter) ബ്രഹ്മംതന്നെയാകയാൽ അതു രണ്ടും സൂക്ഷ്മമല്ലെന്നും, എന്നാൽ മായാശക്തിയുടെ ആവരണത്താൽ ആ യഥാർത്ഥ്യം ഇപ്പോൾ ഗ്രഹിക്കുന്നില്ലെന്നും യോഗാഭ്യാസാനുഷ്ഠാനത്തിന്റെ ഫലമായി ടി. ആവരണശക്തി തിരോഭവിച്ചു് യഥാർത്ഥബോധം ആവിർഭവിച്ചു് വീണ്ടും ബ്രഹ്മാനന്തൈക്യം പ്രാപിക്കുമെന്നും 'വല്ലഭ'പ്രഭൃതികളായ 'ശുദ്ധാദ്വൈത'കൾ വീരവാദം ചെയ്യുന്നതു പോലെയൊ(id.), ക്രൈസ്തവയോഗസിദ്ധാന്തം ഉദ്ഘോഷിക്കുന്നില്ല. ഇതുമാത്രമൊ? ഭക്ഷിണോത്തരധ്രുവങ്ങൾപോലെ, ദിനരാത്രങ്ങൾപോലെ, എന്നല്ല, അതിലുപരിയായി– അളവില്ലാതായി, അചിന്ത്യമായി, അനന്തമായി– ആസ്തിക്യത്തിലും സത്ത്വത്തിലും, സിദ്ധിവിശേഷങ്ങളിലും ഇതരഗുണഗണങ്ങളിലും ജീവാത്മാവും പരമാത്മാവും വിഭിന്നങ്ങളും വ്യത്യസ്തങ്ങളുമായ (Distinct and separate) രണ്ടു സത്തകളാണെന്നുള്ളതിലും ന്യായവും, സംവൃത്തികവിശ്വാസവും ആവിഷ്കരണവും തെളിയിച്ചു സ്ഥാപിച്ചു സ്ഥിരീകരിക്കുന്നതിനാൽ, അവിതർക്കിതവും അനിഷേധ്യവുമായ ഒരു പരമസത്യമാണ് അതെന്നംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. വേദാന്തപഞ്ചസിദ്ധാന്തങ്ങളിൽ (അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം, ശുദ്ധാദ്വൈതം എന്നിവയിൽ) അധിഷ്ഠിതമായ ഹൈന്ദവയോഗസിദ്ധാന്തം അവയിൽ ഓരോന്നിന്റെയും തത്ത്വത്തെ ആസ്പദമാക്കി മനുഷ്യാത്മാവിനു് ഇത്ര അനിതരസാധാരണമായ, ദിവ്യമായ, സിദ്ധികൾ നൽകിയതിൽ ആശ്ചര്യത്തിനവകാശമില്ലതന്നെ. എന്തെന്നാൽ, തത്ത്വം അബദ്ധം. അതിനാൽ നിഗമനങ്ങളും അബദ്ധം.

ദൈവാത്മൈക്യം

ഐഹികജീവിതത്തിൽനിന്നു് മനുഷ്യൻ മുക്തി പ്രാപിച്ചു് ആ പരമാനന്ദസുഭോഗ്യമായ ദൈവാത്മൈ

ക്യം (ബ്രഹ്മാത്മൈക്യം) സമ്പാദിക്കുക എന്നതാണല്ലൊ യോഗത്തിന്റെ പരമലക്ഷ്യം. ആത്മശരീരവിശുദ്ധിയും യഥാർത്ഥജ്ഞാനവും സ്നേഹവും തൽക്കാര്യസിദ്ധിക്ക് അവശ്യാവശ്യകമാണ്. അനന്തരം, വിമുക്തമായ ആത്മാവ് സപ്തലോകത്തിലെത്തി സപ്തസംഘനമായി–ദൈവവുമായി–ഐക്യം ചേരുന്നു. അതോടെ, അനശ്വരവും അനന്തവുമായ സൗഭാഗ്യാവസ്ഥയും ഉപരിജ്ഞാനവും അവാച്യമായ പ്രതാപൈശ്വര്യങ്ങളും അതിനു ലഭിക്കുന്നു. ഇഹത്തിൽ കണ്ണാടിയിലെന്നപോലെ മാത്രം കണ്ടു വിശ്വസിച്ചിരുന്ന ആ പരമസത്യങ്ങളെല്ലാം അവയുടെ തനിരൂപത്തിൽ അതു കണ്ട് ഗ്രഹിച്ചാനന്ദിക്കുന്നു ഏതു യോഗത്തിന്റെയും തത്വത്തിനും ഉദ്ദേശ്യത്തിനും ലക്ഷ്യത്തിനും അനുയോജ്യങ്ങളായ പ്രസ്തുത സംഗതികൾ ക്രൈസ്തവയോഗവും സ്വീകരിച്ചാദരിക്കുന്നു. എന്നാൽ, ചില വൈപരീത്യങ്ങൾ ഹൈന്ദവയോഗത്തിൽ കാണുന്നുണ്ട്. ജീവന്മുക്തി–മനുഷ്യൻ ഇഹത്തിൽ ജീവിച്ചിരിക്കുമ്പോൾതന്നെ മുക്തി ലഭിക്കുക എന്നത്–ചില മഹായോഗികൾക്കെങ്കിലും ലഭിക്കുമെന്നും തദ്ഫലമായി ദൈവദർശനം (സ്വർഗ്ഗപ്രവേശനം ചെയ്യ ഒരാത്മാവു് ദൈവത്തെ അഭിമുഖമായി കാണുക–Intuitive vision of God) ആനന്ദിക്കാൻ അവർക്ക് കഴിയുമെന്നും, (ദ്രോണൻ, ശങ്കരൻ ആദിയായ ആചാര്യന്മാർ ആ ഗണത്തിൽപെടുന്നു) പറയുന്നു. വിദേഹമുക്തിക്കുശേഷം (മനുഷ്യനിൽ രണ്ടുതരം ശരീരമുണ്ട്; സ്ഥൂലശരീരം, സൂക്ഷ്മശരീരം– Gross body and subtle body– എന്നിങ്ങനെ രണ്ട്. സ്ഥൂലശരീരത്തിൽ–ദൃശ്യശരീരത്തിൽ–നിന്നുള്ള വേർപാടാണ് മരണം. മരണാനന്തരം ആത്മാവു് സൂക്ഷ്മശരീരത്തോടുകൂടി–അദൃശ്യശരീരത്തോടുകൂടി-(പ്രപഞ്ചതത്വശാസ്ത്രത്തിൽ-Cosmology-പറയുന്ന ആ സൂക്ഷ്മ ശരീരം– പദാർത്ഥം– Subtle or Prime Matter–എന്നു ഗ്രഹിക്കാം) ദേവലോകത്തിലേക്ക് പുറപ്പെടുന്നു. അവിടെ എത്തിയശേഷം ആ ശ

ശരീരത്തിന്റെ പ്രലയം(വിനാശം)നന്തരം ആ ആത്മാവു് ബ്രഹ്മൈക്യം പ്രാപിക്കുന്നു.

മുക്താത്മാവിന്റെ യാത്രാവീഥിയും ബ്രഹ്മൈക്യവിശേഷങ്ങളും

യാത്രാവീഥി– സ്ഥൂലശരീരം ത്യജിച്ചു് സൂക്ഷ്മശരീരത്തോടും ഇന്ദ്രിയശക്തികളോടുകൂടി ദേവയാനത്തിലൂടെ (By the path of gods) ദേവലോകത്തിലേക്കു് – സത്യലോകത്തിലേക്കു് – മുക്താത്മാവു് യാത്ര പുറപ്പെടുന്നു. ആ യാത്രാവേളയിൽ ചില താൽക്കാലികരംഗങ്ങൾ തരണം ചെയ്യിട്ടു് വേണം ആത്മാവിനു് ബ്രഹ്മലോകത്തിലെത്താൻ. അഗ്നി, ദിവം (The day), ശുക്ലപക്ഷം, സൂര്യോത്തരയാനം (The northern passage of the sun), വർഷം, ദേവലോകം, വായു, സൂര്യൻ, ചന്ദ്രൻ, മിന്നൽപ്പിണർ (ഇടിവാൾ–Lightning), വരുണ ലോകം, ഇന്ദ്രലോകം, പ്രജാപതിലോകം, ബ്രഹ്മലോകം എന്നിവയാണു് ആ പതിനാലു് രംഗങ്ങൾ (Halting stasions or spheres or planes). വരുണലോകംവരെയുള്ള രംഗങ്ങൾ അജീവികളും (Inanimate beings) ആത്മാവു് സ്വബോധരഹിതവും (Unconscious of itself) ആകയാൽ ഒരമാനുഷികബുദ്ധിജീവി (A superhuman intelligent being) മാർഗ്ഗദർശിയായി മിന്നൽപ്പിണർരംഗം മുതൽ ബ്രഹ്മലോകംവരെ പ്രസ്തുതാത്മാവിനെ ആനയിക്കുന്നു.

അഷ്ടസിദ്ധികൾ:– ഐശ്വര്യം (Sovereignty) വീര്യം (Splendour or lustre), യശസ്സു് (Glory), ശ്രീ (Majesty), വൈരാഗ്യം (Dispassionatensss), വിജ്ഞാനം (Discrimination),സർവ്വജ്ഞാനം (Omniscience), സർവ്വശക്തി (Omnipotence) എന്നീ അഷ്ടസിദ്ധികൾ (Eight Marks) ബ്രഹ്മലോകത്തിലെത്തിയ മുക്താത്മാവിനു ലഭിക്കുന്നു. (യോഗീശ്വരന്മാരുടെ അസാധാരണസിദ്ധികളെ–കഴിവുകളെ–പറ്റി മുകളിൽ

പ്രസ്താവിച്ചിട്ടുള്ളതു് ഇത്തരുണത്തിൽ നാം ഓർമ്മിക്കുമല്ലൊ. ജഡത്തിൽവച്ചു് ശരീരത്തോടുകൂടിയിരിക്കുമ്പോൾ തന്നെ അവർക്കു് അതെല്ലാം ലഭിക്കുന്നു (pp. 8, 95, 150...). എങ്കിലും, സർവ്വജ്ഞാനം, സർവ്വശക്തി എന്നീ രണ്ടു ലക്ഷണങ്ങളെ അവയുടെ വാച്യാർത്ഥത്തിൽ ഗ്രഹിക്കേണ്ടതല്ല; കുറെ പരിമിതി (Limitation) അവയ്ക്കു നൽകണം. അതുപോലെ, അനന്തവും സർവ്വത്ര സന്നിഹിതവുമല്ല (Infinite and omnipresent) ആത്മാവു്. സൃഷ്ടിസ്ഥിതിസംഹാരശക്തികൾ (Powers of creation, preservation and destruction of the world) അതിനില്ല. ഇങ്ങനെ ചില സംഗതികൾ യോഗശാസ്ത്രജ്ഞന്മാർ സാമാന്യം സമ്മതിക്കുന്നുണ്ടു്.

ബ്രഹ്മൈക്യവിശേഷങ്ങൾ:– ജഡത്തിൽ ചിഹ്നങ്ങളും പ്രതിമകളുംവഴി (Through symbols and images) ബ്രഹ്മത്തെ ധ്യാനിച്ചു ഭജിച്ചു മുക്താത്മാക്കൾ പരത്തിൽ–ബ്രഹ്മലോകത്തിൽ–പ്രവേശിച്ചാലും തൽക്ഷണം പരബ്രഹ്മൈക്യം (Union with the Supreme impersonal Brahman) പ്രാപിക്കാതെ, തല്ക്കാലം അവയുടെ ധ്യാനവിഷയമായ അപരബ്രഹ്മവുമായി (-സഗുണബ്രഹ്മവുമായി, അഥവാ ബ്രഹ്മാവുമായി–The inferior, lower, personal, finite Brahman–ബ്രഹ്മവും ബ്രഹ്മാവും, രണ്ടും രണ്ടാണു്) സല്ലപിച്ചു കഴിയുന്നു. പ്രപഞ്ചപ്രളയത്തിങ്കൽ–വിനാശത്തിങ്കൽ–ബ്രഹ്മാവും ആത്മാവും അതിന്റെ സൂക്ഷ്മശരീരത്തോടുകൂടി പരബ്രഹ്മവുമായി ഐക്യപ്പെടുന്നു. അനന്തരം, ആത്മാവിന്റെ സൂക്ഷ്മശരീരവും ഇന്ദ്രിയങ്ങളും അതിനുണ്ടായിരിക്കുന്നതല്ല. എന്നാൽ, പ്രസൂത ചിഹ്നങ്ങളും പ്രതിമകളും കൂടാതെ നേരിട്ടു് പരബ്രഹ്മത്തെ ജഡത്തിൽ ധ്യാനിച്ചു ഭജിച്ച ആത്മാക്കൾ ബ്രഹ്മാവിന്റെ ലോകത്തിൽ സ്ഥിതിചെയ്യാതെ വിനാവിളംബം ആ പരബ്രഹ്മത്തിൽ ചെന്നു ലയിക്കുന്നു. ഇതാണു് അദ്വൈതികളുടെ (Absolute Monists) വാദം.

മുക്തിയുടെ പടികളും തരഭേദങ്ങളും:– ഒരു സോപാനത്തിനു് പല പടികളുള്ളതുപോലെ മുക്തി എന്ന സോപാനത്തിനു് ചില പടികളുണ്ടു (Steps or grades or stages). സാലോക്യം (ഒരേലോകത്തിൽതന്നെ–സച്ചിദാനന്ദബ്രഹ്മത്തിന്റെ– ബ്രഹ്മാവിന്റെ– ലോകത്തിൽതന്നെ), സാമീപ്യം (ബ്രഹ്മാവിന്റെ സമീപത്തിൽതന്നെ), സാരൂപ്യം (ഒരേ സ്വരൂപംതന്നെ ഉണ്ടായിരിക്കുക–The state of the sameness of form or essence of the soul with that of Brahma), സായൂജ്യം (ബ്രഹ്മവുമായുള്ള ഐക്യം). ഇവ നാലും, സംബന്ധിച്ചു ഐക്യവാദത്തിൽ ഭിന്നാഭിപ്രായമുണ്ടു്. മുകളിൽ കണ്ട (pa. 174) പഞ്ചസിദ്ധാന്തങ്ങളിലെ ഭിന്നവാദങ്ങളനുസരിച്ചായിരിക്കണമല്ലൊ ഐക്യവാദവും. പാരമാർത്ഥികസത്ത (True reality) ഒന്നുമാത്രമെ ഉള്ളുവെന്നും ശേഷമെല്ലാം അയഥാർത്ഥവും പ്രാതിഭാസികവും (Unreal and apparent) ആണെന്നും, അതിനാൽ ജീവാത്മാവും പരമാത്മാവും എല്ലാവിധത്തിലും (Numerically and essentially) ഒരു സത്തതന്നെയാണെന്നും, (ആ അനന്തസത്ത–ബ്രഹ്മം) സായൂജ്യം പ്രാപിക്കുക എന്നുവച്ചാൽ, ജീവാത്മാവു് പരിപൂർണ്ണമായി (ഭിന്നവും വ്യത്യസ്തവുമായ ബോധവും വ്യക്തിത്വവും അതിനില്ലാതെ) പരമാത്മാവിൽ ലയിക്കുക, അതായതു് 'ഞാൻ ബ്രഹ്മംതന്നെ ആയിരുന്നു; ഞാൻ ബ്രഹ്മംതന്നെ ആണു്' (അഹംബ്രഹ്മാസ്മി) എന്ന ബോധം–യഥാർത്ഥജ്ഞാനം– അതിനു് ലഭിക്കുക, എന്നാണെന്നു് അദ്വൈതികൾ– ഏകസത്താവാദികൾ (Absolute Monists) ഉദ്ഘോഷിക്കുന്നു. അസംപ്രജ്ഞാതസമാധി ('പ്രജ്ഞ' ഇല്ലാത്ത സമാധി-ലയനം–Samadhi or Absorption in which the soul does not retain self-consciousness), നിർവ്വികല്പസമാധി ('വികല്പം' ഇല്ലാത്ത സമാധി–ഭേദമൊ, വ്യത്യാസമൊ ഇല്ലാത്തതു് എന്നിവിടെ അർത്ഥം.–എന്നുവച്ചാൽ, ജ്ഞാതൃജ്ഞേയജ്ഞാനങ്ങൾ– The knower the

known the knowledge–തമ്മിൽ യാതൊരു ഭേ
ദവുമില്ലാത്തതുപോലെ) എന്നീസംജ്ഞകൾ പ്രസ്തുത 'ലയ
ന'ത്തിനു് നൽകുന്നു. പഞ്ചസിദ്ധാന്തങ്ങളിൽ ക്രമാനു
സരണം അഞ്ചാമതു വരുന്ന 'ശുദ്ധാദ്വൈതം' (Pure
Monism–ശങ്കരാദ്വൈതത്തിലെ 'മായ' ക്രടാത്ത തനി
അദ്വൈതം) സ്വീകരിക്കുന്ന വാദം ഇതിൽനിന്നു വി
ഭിന്നമല്ല. ഇതരസിദ്ധാന്തങ്ങൾ മൂന്നും (വിശിഷ്ടാദ്വൈത,
ദ്വൈത, ദ്വൈതാദ്വൈതങ്ങൾ) ഏതെങ്കിലും ഒരു തോ
തിലും അളവിലും 'സംപ്രജ്ഞാതസമാധിയും സവികല്പസമാ
ധിയും' (Self-consciousness and individuality)
സ്വീകരിക്കുന്നുണ്ടു്. ഈ വിഷയത്തിൽ ദ്വൈതം ക്രൈ
സ്തവയോഗത്തോടു് ഏതാണ്ടു തുല്യമാണെന്നു പറയാം.
ഇങ്ങനെ, പ്രപഞ്ചപ്രളയത്തോടെ ജീവാത്മാവു് പരമാ
ത്മൈക്യം പ്രാപിച്ചാലും സൃഷ്ടിസ്ഥിതിസംഹാരങ്ങൾ
യുഗന്തോറും സംഭവിച്ചുകൊണ്ടിരിക്കും. അതോടൊപ്പം
ജീവാത്മാക്കളും 'സംസാരവും–ജനനമരണങ്ങളും–ഉണ്ടാ
കും. പരമാത്മാവിന്റെ–പരബ്രഹ്മത്തിന്റെ–മായാവിദ്യാ
പ്രകടനങ്ങളും ആ വിദ്യക്രടാതെയുള്ള പ്രകടനങ്ങളും
(Manifestations) ഉണ്ടാകുമെന്നു് ഓരോ സിദ്ധാന്ത
ത്തിന്റെ മൗലികതത്ത്വങ്ങളനുസരിച്ചു്, ഇവിടെ നാം
ഗ്രഹിക്കണം. ഈ ആവർത്തനത്തിനു് അന്തമുണ്ടായിരി
ക്കയില്ല.

"യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത,
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം വിനാശായച ദുഷ്കൃതാം,
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേയുഗേ."

അതായതു്:– ഭാരത! ഏതേതുകാലത്തു ധർമ്മത്തിനിടവു
തട്ടി അധർമ്മം പ്രബലപ്പെടുന്നുവോ, അപ്പോൾ ഞാൻ
സ്വതഃ അവതരിക്കുമാറുണ്ടു്. സജ്ജനങ്ങളെ രക്ഷിപ്പാൻ
വേണ്ടിയും ദുഷ്കർമ്മാരെ ശിക്ഷിച്ചു് അവരുടെ ദുഷ്കൃത
യെ നശിപ്പിക്കുവാൻവേണ്ടിയും യുഗന്തോറും ധർമ്മത്തെ

നിലനിത്തിക്കൊണ്ടു പോകേണ്ടതിനായിട്ടാണു ഞാൻ അവതരിക്കുന്നതു് (cfr. Gita, ch. 4. 7; and also Ved. Philosophy, By Sridhar Majumdar, M. A. ch 4. Section 3 onwards).

പര്യവസാനം— യഥാർത്ഥ ആവിഷ്കരണം, അതിസ്വാഭാവികാവസ്ഥ, നിത്യസൗഭാഗ്യം, കൃപാവരം, പാപം, പാപമോചനമാഗ്രഹങ്ങൾ ആദിയായ ശാസനവിഷയങ്ങളെപ്പറ്റി സൂക്ഷ്മജ്ഞാനം ലഭിക്കാൻ ഇടവരാതെ, സുബുദ്ധിയുടെ സ്വാഭാവിക വെളിച്ചത്തിൽ സ്വപ്രധാനമായി ആശ്രയിച്ചുകൊണ്ടു് ഹൈന്ദവ യോഗീശ്വരന്മാർ ഇത്ര ഗംഭീരവും ശാസ്ത്രീയവുമായ ഒരു യോഗസിദ്ധാന്ത സൗധത്തെ കെട്ടിപ്പടുത്തതിൽ ലോകം അവരെ മുക്തകണ്ഠം പ്രശംസിക്കേണ്ടതുതന്നെ. എങ്കിലും മനുഷ്യബുദ്ധി പരിമിതവും ബലഹീനവുമാകയാൽ അതിനു അബദ്ധം പിണയുക സ്വാഭാവികവും സാധാരണവുമാണെന്നു് വിവിധ ശാസ്ത്രസിദ്ധാന്തങ്ങളിൽ ശാസ്ത്രജ്ഞന്മാർക്കു് ഓരൊകാലത്തു പറ്റിയ മഹാ അബദ്ധങ്ങളിൽ നിന്നു് സുവ്യക്തമാണല്ലോ. അതുപോലെ, ശരിയായ യുക്തിയും ന്യായവും ചരിത്രവും വെളിപാടും സപരീക്ഷിക്കാഞ്ഞതിനാലും, യുക്തിയുക്തമായ സൃഷ്ടിവാദം (Creationism) നിഷേധിച്ചതിനാലും ഹൈന്ദവയോഗശാസ്ത്രജ്ഞന്മാർക്കും അബദ്ധം പിണഞ്ഞിട്ടുണ്ടെന്നുള്ള പരമാർത്ഥത പ്രസ്പഷ്ടവാദമുഖങ്ങളിൽ പ്രസ്പഷ്ടമാകുന്നുണ്ടെങ്കിൽ അതിൽ തെല്ലും ആശ്ചര്യത്തിനവകാശമില്ലല്ലോ. വീണ്ടും, വന്നുപോയ അബദ്ധത്തെ നീതീകരിക്കാനുള്ള ശ്രമം തുടങ്ങി. പരിശ്രമം വിഫലമായി. അതോടെ നിഷ്പക്ഷബുദ്ധിയില്ലാതെ വന്നപ്പോൾ ഒരബദ്ധം സുബദ്ധമായി സ്വീകരിച്ചു വാദിച്ചു സ്ഥാപിച്ചു. ഇതാ! അബദ്ധങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നു അണിനിരന്നു. അങ്ങനെ അബദ്ധതത്ത്വത്തെ പരിലാളിച്ചു പരിപോഷിപ്പിച്ചു പരിപുഷ്ടമാക്കി അതിന്റെ അത്യുച്ചരിയിലെത്തി വേദാന്തയോഗികൾ. പാരമ്പര്യത്തിൽ പണ്ടത അടിയുറപ്പും, കെൽപും

നിലനിൽപുമുള്ള ഒരു ഭവനത്തിനു സദൃശമാകാതെ, മണലിൽ പണ്ടത അടിയുറപ്പും കെൽപും നിലനില്പുമില്ലാത്ത ഒരു ഭവനത്തിനു സദൃശമായി ഇത്തരം വേദാന്തവും. ജീവാത്മാവും പരമാത്മാവും വിഭിന്നവും വ്യത്യസ്തവുമായ (Distinct and separate) രണ്ടു യഥാർത്ഥ സത്തകളാണു്. പരിമിതവും അപൂർണ്ണവും സൃഷ്ടവും മറ്റുമാണു് ജീവാത്മാവു്. പരമാത്മാവാകട്ടെ, അപരിമിതവും പൂർണ്ണവും അസൃഷ്ടവും മറ്റുമാണു്. ഒരു ജനനവും ഒരു മരണവും മാത്രമേ ജീവാത്മാവിനുള്ളു. മരണാനന്തരം സൗഭാഗ്യമോ, ദുർഭാഗ്യമോ അതിനു നിശ്ചിതം. രണ്ടിനും അന്തമില്ല. സൃഷ്ടിയിലെ സൗഭാഗ്യാവസ്ഥയിലും, രണ്ടു മെഴുകു് കുട്ടകൾ ഉരുകിച്ചേർന്നു് ഒന്നാകുന്നതുപോലെ, ജീവാത്മാവും പരമാത്മാവും പരസ്പരം ലയിക്കാതെ, സ്വത്വബോധവും സ്വവ്യക്തിത്വവും കൈവെടിയാതെ ജീവാത്മാവു് ആസ്തിക്യത്തിലും സ്വരൂപത്തിലും പരമാത്മാവിൽനിന്നു് വിഭിന്നവും വ്യത്യസ്തവുമായി എന്നും സ്ഥിതിചെയ്യും. എന്നാൽ, കൃപാവരം–പ്രസാദവരം (Supernatural divine Grace) എന്ന ബന്ധത്താൽ മാത്രം (Hence not a physical one) പരമാത്മാവുമായി–ദൈവവുമായി–അതു ഐക്യം ചേരും. സ്നേഹിയും സ്നേഹിതനും സ്നേഹബന്ധത്താൽ ഐക്യം ചേരുന്നതുപോലെ എന്നുപറയാം. പിന്നീടൊരിക്കലും ടി. ആത്മാക്കൾക്കു് ജനനമരണങ്ങൾ ഉണ്ടാകുന്നതല്ലതന്നെ. കൂടാതെ, വിമുക്താത്മാവിന്റെ സൂക്ഷ്മ ശരീരധാരണവും യാത്രാവീഥിരംഗങ്ങളും, സൗഭാഗ്യചതുരാശ്രമങ്ങളും (Four stages or steps) തത്തുല്യങ്ങളായ ഇതര സംഗതികളും അത്ഭുതങ്ങളും യുക്തിഹീനങ്ങളും സത്യവിരുദ്ധങ്ങളും യഥാർത്ഥ ദൈവവിസ്ഫുരണത്തിനു് (...Revelation) കടകവിരുദ്ധങ്ങളുമാണെന്നു് ക്രൈസ്തവയോഗം ശക്തിയുക്തം വാദിക്കുന്നു. മരണകവാടത്തിലൂടെ ആത്മാവു് ഐഹികജീവിതം വെടിയുന്നതോടെയൊ, അതിനുശേഷമൊ പരിപൂർണ്ണമായി വിശുദ്ധീകൃ

തമാകുന്ന ആ മാത്രയിൽതന്നെ (കാലവിളംബമൊ, മദ്ധ്യസ്ഥാനമൊ കൂടാതെ) അയ്യ മോക്ഷഭാഗ്യം അനുഭവിക്കാൻ തുടങ്ങുമെന്നുള്ളത് അതിന്റെ സ്വഭാവവിശേഷത്തിൽനിന്നുതന്നെ അനുകൂസിദ്ധമാണല്ലൊ. (പദാർത്ഥത്തിനാണല്ലൊ സ്ഥലകാലങ്ങളുടെ ആവശ്യകത. അപദാർത്ഥത്തിനു്, ഉദാ: ആത്മാവിനു്–To the spirit–to the immaterial–അതൊന്നും ആവശ്യകമല്ല, അനുയോജ്യവുമല്ല, എന്നു ശാസ്ത്രവിധി). സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ഇനി ആവർത്തിക്കപ്പെടുമോ എന്നും മറ്റും ഇന്നവരെ ലോകത്തിനു് അജ്ഞാതമാണു്. ദൈവത്തിന്റെ സ്വതന്ത്രമനസ്സിനെ മാത്രം ആശ്രയിച്ചിരിക്കുന്ന ഭവിഷ്യൽക്കാര്യങ്ങളാണവ.

ഇനി, മുകളിൽ അങ്ങിങ്ങായി കൊടുത്തിരിക്കുന്ന ഗ്രന്ഥോപനിഷത്പ്രമാണങ്ങളിൽനിന്നും, മുമ്പേ പ്രസിദ്ധീകരിച്ചിട്ടുള്ള വേദാന്തഗ്രന്ഥാവലി ലക്കങ്ങളിൽനിന്നും ഇനി പ്രസിദ്ധീകരിക്കാനുള്ള ലക്കങ്ങളിൽനിന്നും ഇതിനകം വെളിച്ചത്തിൽ വന്നിട്ടുള്ള പലേ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും മറ്റു സഹോദരങ്ങൾ വിശദാംശങ്ങൾ ഗ്രഹിച്ചു് അവരിൽ തെറ്റിദ്ധാരണമൂലമൊ മറ്റൊ കൂടികൊള്ളുന്ന അജ്ഞാനമെന്ന തമസ്സിനെ ജ്ഞാനമെന്ന വെളിച്ചത്താൽ ദൂരീകരിച്ചു് സത്യത്തെ മുറുകെ പിടിച്ചു നില്ക്കുമെന്ന ശുഭപ്രതീക്ഷയോടും അങ്ങനെ ഭവിക്കട്ടെ എന്ന പ്രാർത്ഥനയോടുംകൂടി ഈ പ്രതിപാദനത്തെ പര്യവസാനിപ്പിച്ചുകൊള്ളട്ടെ.

എല്ലാവർക്കും ഇന്ത്യൻ സന്ന്യാസിയുടെ കൃപൂകൈ!

ശുഭം.

വിഷയസൂചി

പേജ്.

ഒന്നാം ഭാഗം

യോഗസിദ്ധാന്തചരിത്രം	2
ശബ്ദാർത്ഥവും നിഷ്പത്തിയും	2
യോഗലക്ഷ്യം	3
യോഗാഭ്യാസങ്ങൾമൂലം സംജാതമാകുന്ന അസാധാരണ കഴിവുകൾ	4
പ്രകൃതിയും യോഗവും	5
കഥപ്രകൃതിയും കർമ്മയോഗവും	7
ഗുണലക്ഷണങ്ങൾ—ദോഷലക്ഷണങ്ങൾ	7
കർമ്മയോഗം	8
പഞ്ചമഹായജ്ഞങ്ങൾ	8
ഗുണത്രയം	10
കർമ്മയോഗിയുടെ ലക്ഷണവിശേഷങ്ങൾ	10
ഭക്തിയോഗം	13
ഗുണവശങ്ങൾ—ദോഷവശങ്ങൾ	13–14
നിഷ്ഠ അഥവാ ആദർശം	14
ഭക്തിയുടെ രണ്ടു പടികൾ	15
പ്രതികയും പ്രതിമയും	15
ഗുരുഭക്തന്റെ ആവശ്യകതയും ലക്ഷണങ്ങളും	16
അവതീർണ്ണരായ ഉപദേഷ്ടാക്കൾ	17
ശിഷ്യന്റെ ലക്ഷണങ്ങൾ	18
ബാഹ്യവും ആഭ്യന്തരവുമായ നിയന്ത്രണം	19
മന്ത്രോച്ചാരണം	19
പരാഭക്തിക്ക് ആവശ്യകമായവ	21
സ്നേഹം—അനന്തരഫലങ്ങൾ	22
സ്നേഹത്തിന്റെ ത്രികോണം	23

രാജയോഗം 23
യോഗലക്ഷ്യം 25
യോഗമാർഗ്ഗങ്ങൾ 26
പ്രാണനിയന്ത്രണം 27
അഷ്ടയോഗാംഗങ്ങൾ 30
അസാധാരണകഴിവുകൾ 41
ഹഠയോഗം 45
ക്രൈസ്തവയോഗവും ഹൈന്ദവയോഗവും
സാധർമ്മ്യവൈധർമ്മ്യങ്ങൾ 60-61
ഗീതയിലെ യോഗവും ക്രൈസ്തവയോഗവും 64

രണ്ടാം ഭാഗം

വിമർശനം 65
പരിണാമവാദം 66
യുക്തിവാദം 70
ആദർശവാദം 71
സങ്കല്പവാദം 75
ബ്രഹ്മാത്മൈക്യവാദം 78
ക്രിസ്തുവിന്റെ അദ്ഭുതപ്രവർത്തനശക്തി 80
ഹൈന്ദവയോഗികളുടെ പ്രവചനങ്ങളും
അദ്ഭുതപ്രവൃത്തികളും 82

മൂന്നാം ഭാഗം

ചില നിഗമനങ്ങൾ 91
യോഗസിദ്ധികൾ 95
ആത്മാവിന്റെ സ്വഭാവവും മുക്തിയുടെ
അവസ്ഥാഭേദവും 112
ദൈവാത്മൈക്യം 114
മുക്തിയുടെ പടികളും തരംഭേദങ്ങളും 118

ACHARYA PATHASALA TRIVANDRUM
15704

—:*:—

BIBLIOGRAPHY

Karma Yoga — By S. Vivekananda
Bhakti Yoga — ,,
Raja Yoga — ,,
Jnana Yoga — ,,
Six Lessons on Raja Yoga — ,,
Yoga Philosophy — By N. C. Paul, G. B. M. C.
Vedanta Philosophy — By Sridhar Majumdar, M. A.
Bhagavad Gita
Hindu Ethics — By G. A. Chandavarkar, B. A., M. R. A. S.
Bhagavata — By P. A. M. Srinivasachariar
Three Great Acharyas — By G. A. Natesan & Co., Madras
Life and Teachings of Sri Krishna — By M. R. Sampatkumaran, M. A.
Life of Sankara (In Malayalam) — By P. K. Vasudevan Moosed
Skt. Eng. Dictionary — By V. S. Apte, M. A.

Ethology, Character...
By Rev. Fr. Zacharias, O. C. D.
Christianity and Hindu Mentality
By Rev. Fr. Zacharias, O. C D.
Christianity Vindicated
By Rev. R. Arulappa, D. D
An Ascetic Course (In Latin)
By Rev. Fr. Aurelian, O. C. I
Spiritual Life By Rev. Fr. Tanque
The Dark Night of the Soul
By St. John of the Cro
Holy Bible

Printed and Published
For the Proprietor by Fr. Cleophas, C. M. I.
At the St. Joseph's Press,
Mann 19

